# ജനകീയാസൂത്രണം

## പള്ളിക്കര ഗ്രാമപഞ്ചായത്ത്



## സമഗ്രവികസന രേഖ


TO MANGALORE
KANWATHIRTHA
MANJESWARR
VORKADY
TO VITLA
UPPALA RIVER
POSODIGUMPE
TO VITLA
DAKSHINAKANNADA
KARNATAKA
UPPALA R.S.
SHIRIYA RIVER
KASARAGOD TALUK
KUMBLA R.S.
ANATHAPURA
KANJANJUNGA
KUDLU
MOGRAL RIVER
MADHUR
N.H.17
ADOOR
TO JALSOOR
PAYASWINI RIVER
KASARAGOD
KASARAGOD R.S.
RANIPURAM
KOTANCHERRY
TO MADIKERI
KODAGU
KARNATAKA
LAKSHADWEEP SEA
KOTIKULAM RS
TRIKANAD
CHANDRAGIRI RIVER
BEKAL
PALLIKERE R.S.
HOSDURG TALUK
KANHANGAD RS
AJANUR
HOSDURG
KARIYANKOD RIVER
NILESHWAR R.S.
CHERUVATHUR RS
N.H. 17
TO KANNUR
VALIYAPARAMBA
TRIKARIPUR R.S.
KANNUR DISTRICT
TO KANNUR (CANNANORE)
REFERENCE
STATE BOUNDARY
DISTRICT BOUNDARY
TALUK BOUNDARY
NATIONAL HIGH WAY 17
RAILWAY LINE
OTHER ROADS
RIVER
TALUK HEADQUARTERS
DISTRICT HEADQUARTERS

151-6



അധികാരം ജനങ്ങളിലേക്ക്

പള്ളിക്കര ഗ്രാമ പഞ്ചായത്ത്
കാസർഗോഡ് ജില്ല. 671 316

"സ്വയം സമ്പൂർണഗ്രാമസൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്ര പുനർനിർമ്മാണം സാദ്ധ്യമാകൂ"




എഡിറ്റിംഗ് ആൻറ് കവർ

അംബുജാക്ഷൻ .ജി

എഡിറ്റോറിയൽ സ്റ്റാഫ്

വി. രാജേന്ദ്രൻ.

വി.വിജയൻ തായത്ത്

കെ.കുഞ്ഞമ്പു

കെ.ശശികുമാരൻ

കെ. ആർ. ലതാബായി.

പി,.കെ.എ പൂച്ചക്കാട്

മുഹമ്മദ് സാലിഹ്മാസ്റ്റർ

എ.വി നാരായണൻ

വി. കുഞ്ഞിക്കണ്ണൻ

ഡി.റ്റി.പി : ഉത്തരമലബാർ ഡി.ടി.പി. സിസിസ്റ്റംസ്

പ്രിൻറിംഗ് :ഉത്തര മലബാർ ഓഫ്സെറ്റ് പ്രിൻറിംങ്ങ് പ്രസ് കാഞ്ഞങ്ങാട്

ലേ ഔട്ട് :പുഷ്പൻ ആലക്കോട്






" "എൻെറ വീടിനുചുററും ഭിത്തികൾ പണിയാനോ എൻെറ ജനാലകൾ കൊട്ടിയടച്ചിടാനോ ഞാൻ ആഗ്രഹിക്കുന്നില്ല. എല്ലാ നാടുകളിലെയും സംസ്കാരങ്ങൾ കഴിയുന്നത്ര സ്വതന്ത്രമായി എൻെറ വീടിനു ചുറ്റും അലയടിച്ചു കാണാൻ എനിക്കാഗ്രഹമുണ്ട്. പക്ഷെ അവയിൽ ഒന്നെങ്കിലും എൻെറ ചുവടു തെറ്റിക്കാൻ ഞാൻ അനുവദിക്കില്ല."""""""

## പള്ളിക്കര ഗ്രാമ പഞ്ചായത്ത്
## മുൻപ്രസിഡൻറുമാർ



എം. അബൂബക്കർ ഹാജി.



എം .കുഞ്ഞിരാമൻ



ബി.കെ. അബ്ദുല്ല മാസ്റ്റർ



**പി.സുശീല**

**(പ്രസിഡൻറ്)**



**പി.എം. മുഹമ്മദ് കുഞ്ഞി**

**(വൈസ് പ്രസിഡൻറ്)**



**ജെ.പി.രാമചന്ദ്ര**

**(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)**



**എ.വി. നാരായണൻ**

**(സെക്രട്ടറി)**



**വി. പ്രസന്ന**



**കെ .ബാലകൃഷ്ണൻ**



**പി. കൃഷ്ണൻ .**



**വി. കുഞ്ഞിക്കണ്ണൻ നായർ**



**ടി.എം. അബ്ദുല്ല.**



**കെ.പി. സുബൈദ**



**കെ.ഇ. എ. ബക്കർ**



**കെ.ശാരദ**



**കെ.അബ്ദുൾഖാദർ**



**ഖദീജാഷെരീഫ്**

## ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത്- പൊതുവിവരണം
3. ചരിത്ര പാശ്ചാത്തലം
4. ഭൂപ്രകൃതി,ജലപ്രകൃതി ജനപ്രകൃതി
5. സാമൂഹ്യ-സാമ്പത്തിക മേഖലകൾ
    - 5-1. കൃഷി , ജലസേചനം .
    - 5-2. മൃഗസംരക്ഷണം, മത്സ്യബന്ധനം .
    - 5-3. വ്യവസായം.
    - 5-4. വിദ്യാഭ്യാസം .
    - 5-5. കുടിവെള്ളം -പൊതുജനാരോഗ്യം.
    - 5-6. ഗതാഗതം ,ഊർജ്ജം,മാർക്കറ്റ്.
    - 5-7. ഭവന നിർമ്മാണം,സാമൂഹ്യക്ഷേമം.
    - 5-8. സംസ്ക്കാരം.
    - 5-9. വനിത.
    - 5-10. സഹകരണം.
    - 5-11. പട്ടിക ജാതി -പട്ടിക വർഗ്ഗ ക്ഷേമം.
    - 5-12. വിഭവ സമാഹരണം.
    - 5-13. ടൂറിസം.
6. ഉപസംഹാരം

# ആമുഖം

## 1947 ആഗസ്റ്റ് 15.

തൊണ്ണൂറു വർഷക്കാലം നീണ്ടുനിന്ന ചെറുത്തുനിൽപ്പിലൂടെ ഇന്ത്യൻ ജനത സ്വതന്ത്രരായ മഹത്തായ ദിനം.

പഴയതാന്നും ഉടച്ചുവാർക്കാതെ അതിനുമകളിൽ നിന്നുകൊണ്ടുതന്നെ ബ്രിട്ടീഷ് കൊളോണിയൽ ഭരണം കെട്ടിപ്പൊക്കിയ ദുരിതങ്ങളുടെ ഒരു പുതിയ ഭാരതത്തിൽ, എല്ലാനന്മകളും സഫലമാകുമെന്ന് സ്വപ്നം കണ്ട സ്വതന്ത്ര ഇന്ത്യ.

പട്ടിണിയും ദാരിദ്ര്യവും തുടച്ചുമാറ്റിക്കൊണ്ട്, സ്വയം സമ്പൂർണ്ണമായ ഒരു പുതിയ ഭാരതം കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഒട്ടനേകം പദ്ധതികൾ വിദഗ്ധന്മാർ ആസൂത്രണം ചെയ്തു. കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിലൂടെ നാം പലതും നേടി.

എന്നാൽ ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ്യവും 'ദരിദ്രനാരായണൻ' മാരുടെ മോചനവും വെറും സ്വപ്നങ്ങളായിതന്നെ അവശേഷിച്ചു.

ഇന്ത്യനാസൂത്രണത്തിൻെറ ജന്മനാ ഉള്ള ദൗർബല്യം ആദ്യകാലത്തുതന്നെ പ്രകടമാവുകയും ചെയ്തിരുന്നു. ലക്ഷ്യപ്രാപ്തി നേടുന്നതിനുപകരം പദ്ധതിനടപ്പിലാക്കുക എന്ന ചടങ്ങിലേക്ക് ആസൂത്രണപ്രക്രിയ വഴുതി വീണു.

ആസൂത്രണം 'ആവശ്യക്കാ'രിൽ നിന്ന് തുടങ്ങുന്നതിനുപകരം പദ്ധതിവിഹിതം ലക്ഷ്യബോധമില്ലാതെ അവനെ അടിച്ചേൽപ്പിക്കുന്ന അവസ്ഥ ഉണ്ടായതിൻെറ ഫലമായി അടിസ്ഥാന ജനവിഭാഗങ്ങളുടെ സ്ഥിതി അതേപടി തുടരുകയും ഗാന്ധിജി ചൂണ്ടിക്കാണിച്ചതുപോലെ 'ഗ്രാമങ്ങളുടെ രക്തം ഊറ്റിക്കുടിച്ചു വളരുന്ന '' ഒരു നഗരസംസ്കാരം രൂപപ്പെടുകയും ചെയ്തു. ഇതിൻെറ ഫലമായി 'ചില പ്രത്യേക' വിഭാഗങ്ങളുടെ കയ്യിൽ രാജ്യത്തിൻെറ സമ്പത്ത് മുഴുവൻ കേന്ദ്രീകരിക്കുകയും ഗ്രാമീണജനത ഇത്തരക്കാരുടെ ദാക്ഷിണ്യത്തിനുവേണ്ടി കൈ നീട്ടി നിൽക്കുകയും ചെയ്യുന്ന ഒരവസ്ഥ നമ്മുടെ രാജ്യത്തുണ്ടായി.

ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ അറ്റത്തു സ്ഥിതി ചെയ്യുന്ന നമ്മുടെ സംസ്ഥാനത്തിൻെറ അവസ്ഥയും വിഭിന്നമല്ല. എങ്കിൽ പോലും കൈയിലുണ്ടായിരുന്ന പരിമിതമായ വിഭവങ്ങൾ കൊണ്ട് പലകാര്യങ്ങളിലും ലോകനിലവാരത്തിലെത്താൻ കേരളീയർക്കു കഴിഞ്ഞു. വികസന രംഗത്തെ ഈ ''കേരളമോഡൽ '' അസൂയാർഹമാംവിധം മികച്ചതാണെന്ന് ലോകം അംഗീകരിക്കുകയും ചെയ്തു.

ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ഈ നേട്ടങ്ങളുടെ അടിത്തറയില്ലായ്മ നമുക്ക് ബോധ്യപ്പെടുന്നു. ഈ തിരിച്ചറിവിൽ നിന്നുകൊണ്ട് ഒരാത്മ പരിശോധന നടത്തുകയും വഴിമുട്ടി നിന്നുപോയ കേരളവികസനരംഗത്തെ ഒരു പുതിയ ദിശയിലേക്ക് നയിക്കുകയും ചെയ്യുന്നതിനുവേണ്ടി ആരംഭിച്ച പ്രസ്ഥാനമാണ് ജനകീയാസൂത്രണം.

ജനകീയാസൂത്രണ പരിപാടികളുടെ സംസ്ഥാന തല ഉൽഘാടനം 1996 ആഗസ്റ്റ് 17 ന് നടന്നു(1172 ചിങ്ങം 1).ജില്ലയിലെ ചില പഞ്ചായത്തുകൾ അതിനുമുമ്പ് തന്നെ ജനകീയവികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. 16-9 96 ന്പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ നടന്ന ഏകദിന പരിശീലനത്തോടുകൂടിയാണ് പള്ളിക്കരപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

ചുരുങ്ങിയ സമയപരിധി,വിദഗ്ധരുടെ അഭാവം,ആവശ്യമായ മുഴുവൻ വിവരങ്ങളും ശേഖരിക്കാനുണ്ടായ പ്രയാസങ്ങൾ തുടങ്ങിയവയെല്ലാം അതിജീവിച്ച് ,ആത്മാർത്ഥതയുംഅർപ്പണ ബോധവുമുള്ള ഒരു പറ്റം ആളുകളുടെ

ആരായുകയും ചെയ്തിട്ടുണ്ട്, ഗ്രാമസഭകളിലെ വമ്പിച്ച ജനപങ്കാളിത്തവും തുടർന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന വ്യത്യസ്ത തരത്തിലുള്ള സന്നദ്ധ പ്രവർത്തനങ്ങളും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ശക്തി വിളിച്ചറിയിക്കുന്നു.

സ്വന്തം ശക്തി ദൗർബ്ബല്യങ്ങൾ തിരിച്ചറിയുകയും പോരായ്മകൾ സംഘശക്തികൊണ്ട് പരിഹരിക്കപ്പെടുകയും ചെയ്യുന്ന ഈ പുതിയ വികസന സംസ്കാരം ആത്മാർപ്പണത്തിന്റെ നൂതന ചരിത്രം രചിക്കുക തന്നെ ചെയ്യും.

അശ്രാന്തപരിശ്രമത്തിന്റെ ഫലമായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കാൻ കഴിഞ്ഞത്.

മുഖ്യമായും ദ്വിതീയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലുള്ള സ്ഥിതി വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ നൽകിയിട്ടുള്ളതെങ്കിലും ഓരോ സ്ഥാപനവും കയറിയിറങ്ങിയും നാട്ടറിവുകൾ പരമാവധി ശേഖരിച്ച് ഓഫീസ് വിവരങ്ങളുടെ ആധികാരികത വിലയിരുത്തുകയും ചെയ്തതിനുശേഷമാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്.

സ്വന്തം പ്രശ്നങ്ങൾ ആദ്യമായി തുറന്നുപറയാൻ അവസരം ലഭിച്ച ഗ്രാമീണരുടെ ആശയും ,ആവേശവും പൂർണമായി ഉൾക്കൊള്ളുകയും പ്രായോഗിക സാധ്യതകൾ

# 2
# പഞ്ചായത്ത്-പൊതുവിവരണം

# പള്ളിക്കര ഗ്രാമ പഞ്ചായത്ത് പൊതു വിവരങ്ങൾ



പഞ്ചായത്തിന്റെ പേര്: പള്ളിക്കരഗ്രാമപഞ്ചായത്ത്

(സ്പെഷ്യൽ ഗ്രേഡ്)

ഉൾപ്പെടുന്ന വില്ലേജുകൾ:കീക്കാൻ പള്ളിക്കര,പനയാൽ.

ബ്ലോക്ക് പഞ്ചായത്ത്: കാഞ്ഞങ്ങാട്

താലൂക്ക്:ഹൊസ്ദുർഗ്ഗ്

അസംബ്ലി മണ്ഡലം: ഉദുമ

വിസ്തീർണം: 39.09 ച:കി:മീറ്റർ

അതിരുകൾ :പടിഞ്ഞാറ്-അറബികടൽ

കിഴക്ക് -പുല്ലൂർ, പെരിയ, ബേഡഡുക്ക പഞ്ചായത്തുകൾ

തെക്ക്-അജാനൂർ പഞ്ചായത്ത്

വടക്ക്- ഉദുമ,ചെമ്മനാട്,പഞ്ചായത്തുകൾ

ജനസംഖ്യ: 34696 (1991 സെൻസസ്)

| | |
|---|---|
| എ.പുരുഷന്മാർ | : 16631 |
| ബി.സ്ത്രീകൾ | : 18065 |
| ജനസാന്ദ്രത | : 888 |
| സാക്ഷരതാനിരക്ക് | : 77.61 |
| പട്ടികജാതിപട്ടിക വർഗ്ഗ ജനസംഖ്യ | : 1656 |
| എ.പുരുഷന്മാർ | : 818 |
| ബി സ്ത്രീക്കൾ | : 838 |

ബ്രിട്ടീഷ് ഭരണക്കാലത്ത് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ദക്ഷിണ കാനറ ജില്ലയിൽ ഉൾപ്പെട്ടിരുന്ന പ്രദേശമാണ് ഇത്.അന്നത്തെ ബേക്കൽ താലൂക്കിലുൾപ്പെട്ടിരുന്ന പള്ളിക്കര ഒന്ന്,പള്ളിക്കര രണ്ട്,പനയാൽ,കീക്കാൻ എന്നീ വില്ലേജുകളാണ് ഈ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്നത്.പള്ളിക്കര,പനയാൽ,കീക്കാൻ ഗ്രാമപഞ്ചായത്തുകളാണ് ഈപ്രദേശത്ത് ഭരണം നടത്തിയിരുന്നത്.1964-ൽ പഞ്ചായത്തിന്റെ പുനരേകീകരണം നടക്കുന്നതുവരെ ഇതായിരുന്നു സ്ഥിതി.

1946 മെയ് 28-ന് തൃക്കരിപ്പൂർ ബാരഭട്ടരുടെ മാളികമുകളിൽ ചേർന്ന യോഗ റിപ്പോർട്ടാണ് പഞ്ചായത്തിൽ ലഭ്യമായ ഏറ്റവും പഴയ രേഖ. ഇതനുസരിച്ച് ഓഫീസായി പ്രസ്തുത മാളിക തന്നെ ഉപയോഗിക്കുന്നതിനും ലൈബ്രറി, സൈൻ ബോർഡ് എന്നിവ സ്ഥാപിക്കുന്നതിനെ കുറിച്ചും തീരുമാനിച്ചതായി കാണുന്നു.ഈതീയ്യതിക്കു തൊട്ടു മുമ്പാണ് പഞ്ചായത്ത് അന്ന് നിലവിൽ വന്നതെന്ന് അനുമാനിക്കാവുന്നതാണ്. അന്ന് എക്സിക്യൂട്ടീവ് ഓഫീസർ തസ്തിക ഉണ്ടായിരുന്നില്ല.ഗവൺമെൻറിൽ നിന്ന് ലഭിക്കുന്ന ഗ്രാൻറുകൾ ചെലവഴിക്കുവാനുള്ള അധികാരം പ്രസിഡൻറിനായിരുന്നു.

1964-ലാണ് പഞ്ചായത്തിന്റെ പുനരേകീകരണം നടന്നത്.പള്ളിക്കര ഒന്ന്,കീക്കാൻ,പനയാൽ വില്ലേജുകൾ ഉൾപ്പെടുത്തി പുതിയ പഞ്ചായത്ത് നിലവിൽ വന്നു.പള്ളിക്കര രണ്ട് ഉദുമപഞ്ചായത്തിനോട്കൂട്ടി ചേർത്തു.1964ജനുവരി ഒന്നിന് പുതിയ ഭരണ സമിതി നിലവിൽ വന്നു.എം.അബൂബക്കറാണ് പ്രസിഡൻറായി തെരെഞ്ഞെടു

ക്കപ്പെട്ടത്.ഭരണ സമിതിയിലെ മറ്റംഗങ്ങൾ ഇവരായിരുന്നു.

1.ജെ.പി. രാമചന്ദ്ര (വൈസ് പ്രസിഡൻറ്)

2.ബേല ഗദ്ദെ ഗോപാല കൃഷ്ണ

3.ബി.ചിണ്ടൻ

4.കെ.കുഞ്ഞിരാമൻ

5.ബി.ലക്ഷ്മണറാവു

6. എം.കുഞ്ഞിരാമൻ

7.ബി.മമ്മൂഞ്ഞി

സ്ത്രീ പ്രാതിനിധ്യം ഇല്ലാതിരുന്നത് കൊണ്ട് 18-1-64ൽ ശ്രീമതി രമാബായിയെ ഭരണ സമിതിയംഗമായി നോമിനേറ്റു ചെയ്തു.

പിന്നീട് വൈസ് പ്രസിഡൻറ് സ്ഥാനവും മെമ്പർസ്ഥാനവും ശ്രീ.ജെ.പി. രാമചന്ദ്ര രാജിവച്ചു. വൈസ് പ്രസിഡൻറ് സ്ഥാനത്തേക്ക് ശ്രീ.എം.കുഞ്ഞിരാമൻ ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു.ഉപതെരഞ്ഞെടുപ്പിൽഎം.കുഞ്ഞമ്പു നമ്പ്യാർ വിജയിച്ചു.

1979 ലെ തെരഞ്ഞെടുപ്പിൽ എം കുഞ്ഞിരാമൻ പ്രസിഡൻറായി പുതിയ ഭരണ സമിതി നിലവിൽവന്നു.ിച്ചു.

1979-ലെ തെരഞ്ഞെടുപ്പിൽ എം.കുഞ്ഞിരാമൻ പ്രസിഡൻറായി പുതിയ ഭരണസമിതി നിലവിൽ വന്നു.

എം.മുഹമ്മദ്(വൈസ് പ്രസിഡൻറ്)

കെ.കരുണാകരൻ മാസ്റ്റർ

കെ.ബാലകൃഷ്ണൻ

എ.നാരായണി

ബി.അബ്ദുല്ല കുഞ്ഞി

കെ.നാരായണൻ

കെ.വി.കൃഷ്ണൻ

ഗോപാലകൃഷ്ണ

എന്നിവരായിരുന്നു മറ്റുഭരണസമിതിയംഗങ്ങൾ പ്രസ്തുത ബോർഡിൻെറ കാലാവധിക്കുശേഷം8-2-1988 ൽ പുതിയ ഭരണ സമിതി,ശ്രീ.ബി.കെ.അബ്ദുല്ല മാസ്റ്റർ പ്രസിഡൻറായി നിലവിൽ വന്നു.

ജെ.പി.രാമചന്ദ്ര

കെ.വി.കൃഷ്ണൻ

എം.കുഞ്ഞിരാമൻ

കെ.ജാനകി

സി.എച്ച്.നാരായണൻ

ബി.ലക്ഷ്മണ റാവു

സുബൈദ

എം.കുമാരൻ

കെ.നാരായണൻ

അബ്ദുല്ല.ബി

1995-ൽ ഇപ്പോൾ ഭരണം നടത്തുന്ന ബോർഡ്നിലവിൽ വന്നു.വാർഡുകളുടെ എണ്ണം മുമ്പുണ്ടായിരുന്ന പതിനൊന്നിൽ നിന്ന് പതിമൂന്നായി. വർദ്ധിപ്പിച്ചതിനുശേഷമാണ് തെരെഞ്ഞെടുപ്പു നടന്നത്.

1.ശ്രീമതി.പി.സുശീല (പ്രസിഡൻറ്)

2.ശ്രീ. പി.എം.മുഹമ്മദ് കുഞ്ഞി (വൈസ് പ്രസിഡൻറ്)

3.ശ്രീ.ജെ.പി രാമചന്ദ്ര(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ )

4.ശ്രീമതി.വി.പ്രസന്ന

5.ശ്രീമതി.കെ.സുബൈദ

6.ശ്രീമതി.ശാരദ

7.ഖദീജാ ഷെരീഫ്

8.ബാലകൃഷ്ണൻ തച്ചങ്ങാട്

9.വി.കൃഷ്ണൻ

10.വി.കുഞ്ഞിക്കണ്ണൻ നായർ

11.ടി.എം.കുഞ്ഞബ്ദുല്ല

വാർഡുകളുടെ എണ്ണം മുമ്പുണ്ടായിരുന്ന പതിനൊന്നിൽ നിന്ന് പതിമൂന്നായി.വർദ്ധിപ്പിച്ചതിനു ശേഷമാണ് തെരെഞ്ഞടുപ്പു നടന്നത്.

1.ശ്രീമതി.പി.സുശീല (പ്രസിഡൻറ്)

2.ശ്രീ. പി.എം.മുഹമ്മദ് കുഞ്ഞി വൈസ് (പ്രസിഡൻറ്)

3.ശ്രീ.ജെ.പി രാമചന്ദ്ര(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ )

4.ശ്രീമതി.വി.പ്രസന്ന

5.ശ്രീമതി.കെ.സുബൈദ

6.ശാരദ

7.ഖദീജാ ഷെരീഫ്

8.ബാലകൃഷ്ണൻ തച്ചങ്ങാട്

9.വി.കൃഷ്ണൻ

10.വി.കുഞ്ഞിക്കണ്ണൻ നായർ

11.ടി.എം.കുഞ്ഞബ്ദുല്ല

12.കെ.ഇ.അബൂബക്കർ

13.കെ.അബ്ദുൾ ഖാദർ

# 3

# ചരിത്ര പശ്ചാത്തലം



# ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

നൂറ്റാണ്ടുകൾമുമ്പു തന്നെ അനേകം വിദേശാക്രമണങ്ങൾക്ക് സാക്ഷ്യം വഹിച്ച പ്രദേശമാണ് പള്ളിക്കര. ബെദന്നൂർ നായക്കന്മാരുടെ അധിനിവേശത്തോടെയാണ് അവ്യക്തതയിലും,ഐതിഹ്യങ്ങളിലും കെട്ടുപിണഞ്ഞുപോയ ഈ പ്രദേശത്തിന്റെ ചരിത്രം,വ്യക്തതയാർന്നു തുടങ്ങിയത്. ഇക്കേരി കെളദിവംശത്തിൽപ്പെട്ട ശിവപ്പനായക്ക് പള്ളിക്കരയുടെ തീരത്ത് എ.ഡി.1657-ൽ ബേക്കൽ കുന്നിൽ ഒരു കോട്ട നിർമ്മിച്ചു.ഇതേ കാലത്തുതന്നെ ചന്ദ്രഗിരിക്കോട്ടയും നിർമ്മിക്കപ്പെട്ടു.ഉയർന്ന കുന്നിൻ പുറങ്ങളിൽ അത്യന്തം വൈദഗ്ദ്ധ്യത്തോടെയാണ് ഇവർ കോട്ടകൾ നിർമ്മിച്ചിരുന്നത്.പള്ളിക്കര പഞ്ചായത്തിന്റെ വടക്കേ അറ്റത്ത് കടലിലേക്ക് ഉന്തിനില്ക്കുന്ന മനോഹരമായ,ഒറ്റപ്പെട്ട കുന്നിൻമുകളിലാണ് ബേക്കൽ കോട്ട സ്ഥിതിചെയ്യുന്നത്.ഇതേ കാലത്തുതന്നെ നിർമ്മിക്കപ്പെട്ടു എന്നു കരുതുന്ന ഒരു കോട്ടയുടെ അവശിഷ്ടം പനയാൽ കോട്ട പ്പാറ എന്ന സ്ഥലത്തെ അനാഥമായി കിടക്കുന്നുണ്ട്.

ഇക്കേരിയിൽ നിന്ന് കോട്ട കാവൽക്കാരായും.പട്ടാളക്കാരായും,നിർമ്മാണത്തൊഴിലാളികളായും എത്തിച്ചേർന്ന വിവിധ വിഭാഗങ്ങളിൽപ്പെട്ട ആളുകൾ കോട്ടയ്ക്ക് ചുറ്റുമായി താമസമുറപ്പിച്ചു.ചുറ്റുമുള്ള പനയാൽ കീക്കാൻപ്രദേശങ്ങൾ ഇവരുടെ അധീനതയിലായി ത്തീർന്നു.എ.ഡി.1763-1793കാലത്ത് മൈസൂർ രാജാക്കന്മാരായ ഹൈദരാലിയുടെയും ടിപ്പുവിന്റെയും പടയോട്ടക്കാലത്ത് ഇക്കേരി നായക്കന്മാർക്ക് കൈവശ പ്രദേശങ്ങൾ നഷ്ടപ്പെടുകയും.അവരോടൊപ്പം വന്ന കർണ്ണാടക വിഭാഗക്കാർ ഭൂരിപക്ഷവും സ്വദേശങ്ങളിലേക്ക് മടങ്ങിപ്പോവുകയും ചെയ്തു.അവശേഷിച്ചവരിലെ ചില പ്രമാണിമാരുടെ നേതൃത്വത്തിൽ 1865-ൽ ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെപനയാൽ ഗവർൺമെൻറ് എൽ.പി.സ്കൂൾ.തുടർന്ന് അഗസറഹൊളെ,ഏത്താംകോട്ട(കീക്കൻ)എന്നീ പ്രദേശങ്ങളിലും കർണ്ണാടക വിദ്യാലയങ്ങൾ സ്ഥാപിതമായി.ടിപ്പുവിന്റെ ആക്രമണക്കാലത്ത് എത്തിച്ചേർന്നു എന്നുകരുതപ്പെടുന്ന ഹിന്ദുസ്ഥാനി സംസാരിക്കുന്ന മസ്ലീംകളും(ഹനഫി)പള്ളിക്കരയുടെ തീരങ്ങളിൽ വാസമുറപ്പിച്ചു.

ഈ രണ്ടു വിഭാഗങ്ങളും തദ്ദേശീയരായ മുസ്ലീകളും വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട ഹിന്ദുക്കളും ചേർന്നതാണ് പള്ളിക്കരയിലെ ജനവിഭാഗം.

കർണ്ണാടക വിഭാഗങ്ങളുടെ കൈവശമുണ്ടായിരുന്ന ഭൂമി ഹിന്ദുപ്രമാണിമാരുടെ കൈകളിൽ എത്തിച്ചേർന്നു.ഇക്കേരി നായ്ക്കന്മാരുമായി യുദ്ധം ചെയ്ത സാമൂതിരിയുടെയും കോലത്തിരിയുടെയും പടനായകന്മാരായ നായർ പ്രമാണിമാർ ബല്ലാൾമാരിൽ നിന്ന് ഭൂമി പിടിച്ചെടുത്ത് പങ്കിട്ടതിനെ കുറിച്ച് കാസർക്കോഡിന്റെ ചരിത്രത്തിൽ ഡേ. കെ.കെ.എൻ കുറപ്പ് വിശദീകരിക്കുന്നുണ്ട്.(1984 ജില്ലാ സോവനീർ)

ഇപ്പോഴത്തെ പള്ളിക്കര പഞ്ചായത്തിലുൾപ്പെട്ട പനയാൽ ഗ്രാമത്തിന്റെ ഭൂരിപക്ഷ പ്രദേശങ്ങളും അരവത്ത് വാഴുന്നവർ കൈവശംപ്പെടുത്തി.സാധാരണക്കാരായ ആളുകൾക്ക് സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ല.മണിയാണി സമുദായത്തിൽ പെട്ടവരായിരുന്നു ഇല്ലത്തെ കാര്യസ്ഥന്മാർ. ഈ ഇല്ലത്തിനു കീഴിൽ നാനൂറോളം കുടിയാന്മാർ ഉണ്ടായിരുന്നതായാണ് പഴമക്കാർ പറയുന്നത്.ജന്മിത്ത സമ്പ്രദായത്തിന്റെ ഭാഗമായ വെച്ചു കാണൽ, പാട്ടം, വാരം,കങ്കാണി.വാശി,നുരി,ശീലക്കാശ് എന്നിവയെല്ലാം ഇവിടെ നിലവിലുണ്ടായിരുന്നു. ഇല്ലത്തിന്റെ വകയായി നടത്തിയിരുന്ന എഴുത്തപള്ളിയിൽ ഉയർന്ന ജാതിക്കാർമാത്രമേ പഠിച്ചുരുന്നുള്ളൂ.അയിത്തം നിലനിന്നിരുന്നു.

തീയ്യ സമുദായത്തിൽപ്പെട്ടവർ വിവാഹം കഴിക്കുമ്പോൾ ഇല്ലത്ത് തേങ്ങയും,നാലുവീടന്മാരായ വളപ്പിൽ വീട്,ആലക്കോട് വീട്,കാടൻവീട്,എരോൽവീട് എന്നീ മണിയാണി ഇല്ലങ്ങളിൽ അരിച്ചക്കര കാണിക്കയർപ്പിക്കുന്ന സമ്പ്രദായം. അടുത്ത കാലം വരെ നിലനിന്നിരുന്നു.

ദേശീയ പ്രസ്ഥാനത്തോട് ആഭിമുഖ്യം പുലർത്തിയിരുന്ന ആളുകൾ ഉണ്ടായിരുന്നെങ്കിലും സജീവ പങ്കാളിത്തം കുറച്ചുപേർക്കേ ഉണ്ടായിരുന്നുള്ളൂ. മേലത്ത് നാരായണൻ നമ്പ്യാരുടെ നേതൃത്വത്തിൽ പെരിയ കേന്ദ്രീകരിച്ചു നടന്ന പ്രവർത്തനങ്ങളിൽ സഹായിച്ചുകൊണ്ട് രംഗത്തുവന്ന അടു

ക്കാടുക്കം കൃഷ്ണൻനായരാണ് ആദ്യാവസാനം ദേശീയ പ്രക്ഷോഭത്തിൽ പങ്കെടുത്ത ആൾ.കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്വാതന്ത്ര്യസമര പെൻഷൻ ലഭിക്കുന്ന അദ്ദേഹം വിശ്രമജീവിതം നയിക്കുകയാണ്.സ്വാതന്ത്ര്യസമരകാലത്ത് ശ്രീ.കെ.കേളപ്പൻ ഈപ്രദേശവുമായി നിരന്തരം ബന്ധപ്പെട്ടിരുന്നു.

കോൺഗ്രസ് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൻെറയും കമ്മ്യൂണിസ്റ്റ്-കർഷക പ്രവർത്തനങ്ങളുടെയും ഭാഗമായി കേരളത്തിൻെറ ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ.ഇ.കെ.നായനാർ,പരേതനായ ചന്തു ഓഫീസർ,കെ.മാധവൻ എന്നിവർ ഇവിടെ ക്യാമ്പുചെയ്തിരുന്നു.

കേരള സംസ്ഥാന രൂപികരണമാവുമ്പോഴേക്കും ഭൂവുടമാ ബന്ധത്തിൽ ചെറിയ മാറ്റങ്ങൾ വന്നുകഴിഞ്ഞിരുന്നു.കാര്യസ്ഥന്മാർക്ക് ഇഷ്ടദാനമായും,കുടുംബാംഗങ്ങൾക്ക് വീതമായും സ്ഥലംസ്വന്തമായി ലഭിച്ചിരുന്നു.

ഈപ്രദേശത്തിൻെറ പൊതു വിദ്യാഭ്യാസ വ്യാപനത്തിന് തുടക്കം കുറിച്ചത് പനയാൽ ശ്രീ മഹാലിംഗേശ്വര സ്കൂളിൻെറ സ്ഥാപനത്തോടെയാണ്. ഭൂപരിഷ്ക്കരണ നടപടികൾ ഭൂവിതരണം ത്വരിതപ്പെടുത്തുകയും എല്ലാവിഭാഗത്തിലും പെട്ട ജനങ്ങൾക്ക് സ്വന്തമായി ഭൂമിയുടെ അവകാശം ലഭ്യമാവുകയും ചെയ്തു.ജന്മിത്തം അവസാനിച്ചു.എന്നാൽ ജന്മിത്തത്തിൻെറ കൂടെപ്പിറപ്പായ അയിത്താചരണം നിലനിന്നു.സ്വാമി ആനന്ദതീർത്ഥൻെറ നേതൃത്വത്തിൽ ,അരവത്ത്,പനയാൽ,ആലക്കോട് ക്ഷേത്രങ്ങളിൽ നടത്തിയക്ഷേത്രപ്രവേശന പ്രക്ഷോഭം ഒരു പുതിയ സംഭവമായിരുന്നു.ആലക്കോട് നടന്ന സമരത്തിന് നേതൃത്വം നൽകിയത് ശ്രീ.എം.കുഞ്ഞിരാമേട്ടനാണ്.ക്ഷേത്ര പ്രവേശനത്തിനുപോയ ആളുകൾ ഭയന്ന് തിരിഞ്ഞോടിയ രസകരമായ അനുഭവവും ഉണ്ടായിട്ടുണ്ട്.

സ്വാതന്ത്ര്യ സമ്പാദനത്തിനു ശേഷം നടന്ന ഭൂമിക്കുവേണ്ടിയുള്ള സമരങ്ങളിൽ കോൺഗ്രസ് സോഷ്യലിസ്റ്റുകാരും കാർഷകസംഘവും നേതൃസ്ഥാനത്ത് നിലയുറപ്പിച്ചു.പലരുംപ്രജാസോഷ്യലിസ്റ്റ് പാർട്ടിയിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലുംചേർന്നു.മുസ്ലീംലീഗ്പൂച്ചക്കാട്പ്രദേശത്ത്സ്വാതന്ത്ര്യസമരകാലത്ത് തന്നെ സംഘടിതമായിരുന്നു.ഭൂപരിഷ്കരണ നടപടികൾക്കു ശേഷവും ഭൂമിലഭിക്കാതിരുന്ന പലർക്കും എഴുപതുകളിലെ മിച്ചഭൂമിസമരത്തെ തുടർന്ന് ഭൂമി ലഭിച്ചു. സമരകേന്ദ്രങ്ങൾ സ :എ.കെ.ജി നിരന്തരം സന്ദർശിക്കുകയും വേണ്ട നിരിദ്ദേശങ്ങൾ നൽകുകയും ചെയ്തു. ശ്രീ പാച്ചേനി കുഞ്ഞിരാമനാണ് പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

ഫാ: വടക്കൻ, മത്തായി മാഞ്ഞൂരാൻ, ബി.വെല്ലിംഗ്ടൺ എന്നിവിർ 82 ദിവസം നീണ്ടുനിന്നസമരത്തെ ആശീർവദിക്കാൻ എത്തിയിരുന്നു.

ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കഴിഞ്ഞ പത്തുവർഷക്കാലം കൊണ്ട് ഗൾഫ് മേഖലയിൽ നിന്ന് ഒഴുകിയെത്തിയ പണം ഇവിടുത്തെ ജനങ്ങളുടെ ജീവിത ശൈലിയെ മാറ്റിമറിച്ചിട്ടുണ്ട്. ഉൽപ്പാദനമേഖലയിൽ ഈ പണം ഉപയോഗപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വിദ്യാഭ്യാസരംഗത്തും ,വനിതാരംഗത്തും വമ്പിച്ച മുന്നേറ്റമുണ്ടാകണം.

ജലസേചന സൗകര്യങ്ങളുടെ കുറവ്, വൈദ്യുതി രംഗത്തെപ്രതിസന്ധി,വിദ്യാഭ്യാസരംഗത്തെ നിലാവരത്തകർച്ച, ഇടയ്ക്കിടെയുണ്ടാകുന്ന സാമൂഹ്യ അസ്വാസ്ഥ്യങ്ങൾ,ഗൾഫിൽ നിന്ന്മടങ്ങിപ്പോരേണ്ടിവന്ന ആയിരക്കണക്കിനാളുകളുടെ പുനരധിവാസ പ്രശ്നങ്ങൾ എന്നിവ പഞ്ചായത്തിൻെറ പുരോഗതിയെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.

സന്നദ്ധ സേവനം കെട്ടഴിച്ചുവിട്ടുകൊണ്ട് പഞ്ചായത്തിൻെറ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി ഐശ്വര്യസമ്പൂർണ്ണമായഒരു പ്രദേശമായി നമ്മുടെ പഞ്ചായത്തിനെ മാറ്റിയെടുക്കുവാനുള്ള പ്രവർത്തനം അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്.

# 4
# ഭൂപ്രകൃതി-ജലപ്രകൃതി-ജനപ്രകൃതി

# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി



അവലംബം :പഠനപര്യടനം കൃഷിഭവൻ രേഖകൾ ലാൻറ് യൂസസ് ബോർഡ് രേഖകൾ റവന്യൂരേഖകൾ

## ഭൂപ്രകൃതി

വടക്കൻകാർഷിക കാലാവസ്ഥാമേഖലയിൽ ഉൾപ്പെടുന്ന ഒരു പ്രദേശമാണ് ഇത്. സമുദ്രനിരപ്പിൽ നിന്ന് 75 മീറ്റർ വരെ ഉയരത്തിൽ സ്ഥതിചെയ്യുന്ന ഉയർന്ന സമതലത്തിൽ നിന്ന് മൂന്ന് നിരകളായി തീരം വരെ നീണ്ടുകിടക്കുന്ന കുന്നുകളോടുകൂടിയ ഭൂപ്രകൃതിയാണപഞ്ചായത്തിനുള്ളത് ഈ കുന്നുകളെ കടലിലേക്ക് ഇറങ്ങാതെ തടയുന്ന,ശരാശരി എട്ടു മീറ്റർ ഉയരത്തിൽ കടലിനു സമാന്തരമായി കിടക്കുന്ന ഒരു കുന്നുണ്ട്. തെക്ക് ചിത്താരിപ്പുഴ മുതൽ വടക്ക് ബേക്കൽപ്പുഴവരെ ഇതു നീണ്ടുകിടക്കുന്നു. ഈ കുന്നിൽ നിന്ന് അറബി ക്കടലിലേക്ക് തെറിച്ചുവീണ ഭാഗം പോലെയാണ് ബേക്കൽ ക്കുന്ന് സ്ഥിതി ചെയ്യുന്നത്. ഇവിടെയാണ് ചരിത്രപ്രസ്ദ്ധമായ ബേക്കൽ കോട്ട നിർമ്മിച്ചിരിക്കുന്നത്.

ഭൂ പ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ നാലു പ്രധാന വിഭാഗങ്ങളായി തിരിക്കാം

1. ഉയർന്ന സമതലം
2 ചരിവുപ്രദേശങ്ങൾ
3 താഴ്‌വരകൾ
4 .തീരപ്രദേശങ്ങൾ

പഞ്ചായത്തിൻെറ മൊത്തം ഭൂവിസ്തൃതിയിൽ ഈ പ്രദേശങ്ങൾ വഹിക്കുന്ന പ്രാതിനിധ്യം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

വിസ്തൃതി ഏക്കറിൽ

| പ്രദേശം | വിസ്തൃതി | ശതമാനം | ആകെ |
|---|---|---|---|
| ഉയർന്ന സമതലം | 2853.69 | 25 | |
| ചരിവുകൾ | 3329 .31 | 35 | |
| താഴ്‌വര | 2378.0 8 | 30 | |
| തീരപ്രദേശം | 951.25 | 10 | |
| | | 100 | 9512.33 |

### ഉയർന്ന സമതലം

പഞ്ചായത്തിൻെറ വടക്കുകിഴക്കേ അറ്റത്തുള്ള കരിച്ചേരി,കൂട്ടപ്പുന്ന, കായക്കുന്ന് പ്രദേശങ്ങൾ ഈ സമതലത്തിൽ പ്പെടുന്നു. സമുദ്രനിരപ്പിൽ നിന്ന് 80 മീറ്റർ വരെ ഉയരമുള്ള ഈ സമതലം ലാറ്ററൈറ്റ് പാറയാണ് വളരെ നേർത്തമൺ പാളികളുള്ള ചില പ്രദേശങ്ങളും ഉപരിതലത്തിലുണ്ട്. ജലം സമൃദ്ധമമായി ലഭിക്കുന്ന പള്ളങ്ങൾ അങ്ങിങ്ങായി കാണപ്പെടുന്നുണ്ട്. അഞ്ചുമീറ്റർ ആഴത്തിൽ ജലം ലഭിക്കുന്ന സ്ഥലങ്ങളും ഇവിടെയുണ്ട്. നാഷണൽ ഹൈവേയ്ക്ക് പടിഞ്ഞാറു നിന്ന് വടക്കുദിക്കിലേക്ക് ക്രമമായി ചരിയുന്ന ഈ പീഠഭൂമീ മൂന്ന് പ്രധാന കുന്നിൽ നിരകളായിവേർപിരിയുന്നു. ആലക്കോട് ഇരട്ടക്കുന്ന് മയിലാട്ടിമൊട്ട,തോക്കാനം മൊട്ട,മഞ്ഞങ്ങാട്ടുമൊട്ട ഉദുമപള്ളിക്കര പഞ്ചായത്ത് അതിരിൽ പെടുന്ന വെടിക്കുന്ന് എന്നിവയാണ് ഏറ്റവും ഉയരമുള്ള കുന്നുകൾ.അതിൽ ആലക്കോട് മയിലാട്ടിമൊട്ട കനത്ത മണ്ണുള്ള പ്രദേശങ്ങളാണ്.

### ചരിവുപ്രദേശങ്ങൾ

ഉയർന്ന സമതലത്തെ താഴ്‌വരയുമായി ബന്ധപ്പെടുത്തുന്ന ഭൂവിഭാഗമാണ് ചരിവുകൾ. ചരിവുകളെത്തന്നെ രണ്ടായി തിരിക്കാം.

എ. കുത്തനെയുള്ളചരിവുകൾ

ബി ക്രമേണയുള്ള ചരിവുകൾ

ബംഗാട് ,കൂട്ടപ്പുന്ന,കരിച്ചേരി പ്രദേശങ്ങൾ കരിച്ചേരിപ്പുഴയിലേക്ക് കുത്തനെ ചരിഞ്ഞാണ് കിടക്കുന്നത് ആലക്കോട് മയിലാട്ടിക്കുന്നുകളുടെ വടക്കുഭാഗവും ഇപ്രകാരം ആലക്കോടുവയലിലേക്ക് ചരിഞ്ഞാണ് കിടക്കുന്നത് വെള്ളം ഊർന്നിറങ്ങുന്നതിനു സാധ്യത കൂടുതലുള്ള പ്രദശങ്ങളാണ് ഇവ. ഉയർന്നഭാഗത്ത് വേനൽ ക്കാലത്ത് കൂടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. ക്രമേണ വടക്കുപടിഞ്ഞാറുഭാഗത്തേക്കുള്ള ചെരിവുകളാണ് ഭൂവിസ്തൃതിയൽ ഗണ്യമായ പങ്ക് വഹിക്കുന്നത്.

പഞ്ചായത്തിൻെറ തെക്കുഭാഗത്ത് മഞ്ഞങ്ങാട്ടുമൊട്ടയാണ് ഏറ്റവും ഉയർന്ന കുന്ന് ഉപരിതലം ഉറപ്പുള്ള നിരപ്പായ ലാറ്ററൈറ്റ് പാറയാണ് .നാലുഭാഗത്തേക്കും ചരിവുകളുണ്ട്. വടക്കുപടിഞ്ഞാറുഭാഗത്തെ ചരിവ് വെളുത്തോളികീക്കാനം വരെനീളുന്നു. നേർത്തമൺപാളിയുള്ള ഉപരിതലം താഴ്‌വരഅവസാനിക്കുന്നത് താരമ്യേന കട്ടികൂടിയ രീതിയിലാണ്.ഇവിടെ ഇതിന് പലസ്ഥലത്തും വെള്ളം സുലഭമായി ലഭിക്കുന്നു.ഇതിന് ചുറ്റുമായി ധാരാളം ഒറ്റവിള

കണ്ടങ്ങളുണ്ട്.

മവ്വൽ- പാത്തിപ്പുറം, കാട്ടാമ്പള്ളി -അടുക്കം, പള്ളിപ്പുഴ, തെക്കേക്കുന്ന്, കരുവാക്കോട്, കീക്കാനം, കുണിയപ്പടിഞ്ഞാറ്, കളിങ്ങോത്ത്, കോട്ടപ്പാറ, പെരളം-കരിച്ചേരി, വെള്ളാക്കോട്ട,തൂവൾ, ബംഗാട്ട്, കായക്കുന്ന്, ചെറൂട്ട, കുന്നൂച്ചി, നരിമാടിക്കൽ, കോളിപ്പോക്ക്, പനയാൽ, മാപ്പിലങ്ങാട്, പാട്ടം പനയാൽ, പന്നിക്കുളം, പാലത്താട്, കാനംപള്ളാരം ചിറക്കാൽ, കുന്ന്ത്ത് വയൽ, കാട്ടർമൂല, എന്നിവയാണ് പ്രധാനപ്പെട്ട് ഒറ്റവിളക്കണ്ടങ്ങൾ (തിടുക്കണ്ടങ്ങൾ)

## താഴ്വരകൾ

അരവത്ത് മട്ടയിൽ വയൽ, തോക്കാനം-ചിത്താരിവയൽ, ആലക്കോട് വയൽ, പനയാൽ വയൽ, എന്നിവയാണ് പ്രധാന താഴ്വരക്ൾ. മുമ്പ് മൂന്ന് വിളക്കണ്ടങ്ങളായിരുന്ന ഈ വയലുകൾ ഒറ്റവിളക്കണ്ടങ്ങളായും കമുക്-തെങ്ങ് തോട്ടങ്ങളായും മാറ്റാനുള്ള പ്രവണത കണ്ടുവരുന്നുണ്ട്.

പുല്ലൂർ പെരിയ പഞ്ചായത്തിലെ പയറ്റിച്ചാൽ പാത്തിപ്പുറം പ്രദേശങ്ങളിൽ നിന്ന്ആരംഭിച്ച് ആലക്കോട് വയലിലെത്തിചേരുന്ന തോട് പനയാൽ-മുക്കുണ്ട് തോട്, പട്ടർമൂല-കാനത്തും-കുഴിതോട്, എന്നിവയുൾക്കൊള്ളുന്ന നീർതടപ്രദേശമാണ് താഴ്വരകൾ. ബേക്കൽപുഴയിൽ നിന്നും ചിത്താരിപുഴയിൽ നിന്നും വേനൽക്കാലത്തതൊട്ടടുത്ത വയലുകിളൽ ഉപ്പുവെള്ളം കയറാറുണ്ട്. ചിത്താരിപുഴയോട് ചേർന്ന് വെള്ളം സ്ഥിരമായി കെട്ടിക്കിടക്കുന്ന കണ്ടങ്ങളുണ്ട്. ചിത്താരിപ്പുഴയോട് ചേർന്ന് വെള്ളം സ്ഥിരമായികെട്ടിക്കിടക്കുന്ന കണ്ടങ്ങളുണ്ട്. അഞ്ചേക്കറോളം വരുന്ന ഈ സ്ഥലത്ത് മൽത്സ്യക്കൃഷിക്കുള്ള സാധ്യതചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

ഈ താഴ്വരയിലുൾപ്പെട്ട കണ്ണംവയൽ ചരൽക്കടവ് , കരുവാക്കോട്, തോക്കാനം ആലക്കോട് എന്നീ പ്രദേശ്ങ്ങളിൽ വയലുകൾനികത്തി തോട്ടങ്ങളാക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്.

## 4. തീരപ്രദേശം

പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയുടെ പത്തുശതമാനത്തോളമാണ് തീരം. നാലുചതുരശ്ര കി.മീറ്ററോളം വിസ്ത്രീർണ്ണമുള്ള ഈ പ്രദേശം പുകയിലക്കൃഷിക്ക് പേരുകേട്ടതാണ്. കാഞ്ഞങ്ങാട്-ചന്ദ്രഗിരിറോഡ് ഈ തീരത്തെ കുന്നിൽ നിന്ന് വേർതിരിക്കുന്നു. ഷൊർണ്ണൂർ മംഗലാപുരം തീവണ്ടിപ്പാത തീരത്തിലൂടെ തെക്കുവടക്കായി നീണ്ടുപോകുന്നു. ജന്മിത്തം നിലനിന്നിരുന്ന കഴിഞ്ഞ കാലങ്ങളിൽ തീരപ്രദേശം മണൽ മാറ്റി കൃഷിയോഗ്യമാക്കിയതിൻെറ തെളിവുകൾ ഈ പ്രദേശത്തുകാണാം. തീവണ്ടിപ്പാതയ്ക്കു ഇരുവശവുമായി നീണ്ടുകിടക്കുന്ന മണൽക്കുന്നുകൾഅങ്ങനെ ഉണ്ടായവയാണ്. അഞ്ചുമീറ്ററിലധികം ഉയരമുള്ളവ ഇക്കൂട്ടത്തിലുണ്ട്. മണൽവാരൽ വ്യാപകമായതോടെ കുന്നുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

പുകയിലകൃഷി കഴിഞ്ഞ ഒരുതവണ നെൽകൃഷിയും അൽപം പച്ചക്കറികൃഷിയും ഇവിടെ നടത്താറുണ്ട്. പുകയിലപ്പാടങ്ങൾ നനക്കുന്നതിന് ഉണ്ടാക്കിയിട്ടുള്ള ചെറിയ കുളങ്ങളെ 'കൂവ്വലുകൾ' എന്നാണ് ഇവിടത്തുകാർ പറയുന്നത്. തീരത്തോട് ചേർന്ന ചേറ്റുകുണ്ട് കടപ്പുറത്തെ കിണറുകളിൽ ഉപ്പുരസം അനുഭവപ്പെടുന്നില്ല. എന്നാൽ താരതമ്മ്യേന ആകലെയുള്ള കുന്നിൽ ചരിവിലെ കിണർ ജലത്തിൽ ഉപ്പുരസം അനുഭവപ്പെടാറുണ്ട്. ബേക്കൽ പുഴയോട് ചേർന്ന മട്ടയിൽ പ്രദേശത്ത് ചിലകിണറുകളിലെ വെള്ളത്തിന് പുളിരസം ഉണ്ടാകുന്നതായി അറിയുന്നു.

## മണ്ണിനങ്ങൾ

ഉയർന്ന സമതലത്തിൽ ചരൽനിറഞ്ഞ ഇരുണ്ട് തവിട്ടുനിറത്തിലുള്ള മണ്ണാണ് കണ്ടവരുന്നത്. കളിണ്ണ് പനയാൽ മാപ്പിലങ്ങാട് വയലിലാണ് കാണുന്നത്. മൺപാത്രനിർമ്മാണത്തിന് ഇത് ഉപയോഗപ്പെടുത്തുന്നുണ്ട്. തീരപ്രദേശത്തുള്ള മണൽ മണ്ണാണ് മറ്റൊരിനം. പുകയിലകൃഷിക്ക് അനുയോജ്യമാണ് ഇത്. മണൽ കലർന്ന ചെളിമണ്ണാണ് താഴ്വരയിലുള്ളത്. നെല്ല്, വാഴ മരച്ചീനി, പച്ചക്കറികൾ, തെങ്ങ്, കവുങ്ങ്, എന്നീ വിളകൾ സമൃദ്ധമായി ഇവിടെ വളരുന്നു.

## ജലപ്രകൃതി

ജൂൺ പകുതി മുതൽ ജൂലൈ പകുതിവരെയാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. വർഷത്തിൽ ശരാശരി 3500 മില്ലീമീറ്റർ മഴ ലഭിക്കുന്നുണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. ഭൂമിയുടെ പ്രത്യേകതകൾ കൊണ്ട് മഴവെള്ളത്തിൽ ഏറിയപങ്കും കടലിലെത്തുകയാണ് ചെയ്യുന്നത്.

## ജനപ്രകൃതി

1991-ലെ സെൻസസ് അനുസരിച്ച് പള്ളിക്കര പഞ്ചായത്തിലെ ജനസംഖ്യ 34,696 ആണ്. ജനസാന്ദ്രത ച.കി.മീറ്ററിന് 888 ആണ്. പട്ടികജാതിയിൽ 818 പുരുഷൻമാരും 838 സ്ത്രീകളുമുണ്ട്. പട്ടികവർഗത്തിൽ 7 പുരുഷൻമാരും 7 സ്ത്രീകളുമുൾപ്പെടെ 14 പേർ. സ്ത്രീപുരുഷ അനുപാതം 1086. ഇത് ജില്ലയിൽ സ്ത്രീകൾ അധികമുള്ള പഞ്ചായത്തുകളിൽ നാലാം സ്ഥാനമാണ്. സാക്ഷരതാനിരക്ക് പുരുഷൻ മാർക്ക് 84.87 ഉം സ്ത്രീകൾക്ക് 71.12 ഉം ആണ്.

കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ് ജനങ്ങളിൽ അധികവും. ഒരു വലിയ വിഭാഗം ഗൾഫ് മേഖലയെ ആശ്രിച്ച് കഴിഞ്ഞ് കൂടുന്നു. കർഷകത്തൊഴിലാളികൾ കെട്ടിടനിർമ്മാണരംഗത്തേക്കും, ചെങ്കൽ ഖനന മേഖലയിലേക്കും മാറിക്കൊണ്ടിരിക്കുകയാണ്.

പട്ടിക.2 തൊഴിൽ മേഖല

| തൊഴിൽമേഖല | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1.കൃഷി | 1207 | 159 | 1366 |
| 2.കർഷകതൊഴിലാളി | 1827 | 635 | 2462 |
| 3. മൃഗസംരക്ഷണം മത്സ്യബന്ധനം | 215 | 13 | 228 |
| 4.ചെങ്കൽ, കരിങ്കൽമേഖല | 1000 | 500 | 1500 |
| 5. കുടിൽവ്യവസായം | 75 | 35 | 110 |
| 6. കെട്ടിടനിർമ്മാണം | 334 | 8 | 342 |
| 7. സർവ്വീസിംഗ്, മറ്റുള്ളവ | 366 | 803 | 1166 |
| 8. കച്ചവടം | 799 | 38 | 837 |
| ആകെ | 5823 | 338 | 8014 |

## കാവുകൾ

ചെറിയ കാവുകൾ പതിനാലോളം വരും. ഇവയിൽ അധികവും ഐതിഹ്യങ്ങളുടെയും, അത്ഭുതകഥകളുടെയും പിൻബലത്തിൽ നിലനിൽക്കുന്നവയാണ്. കാവകുൾക്കു നേരെയുള്ള കയ്യേറ്റം ഭീഷണി ഉയർത്തുന്നുണ്ട്. ജൈവവ്യവസ്ഥയെ താളം തെറ്റാതെ കാക്കുന്ന ഇത്തരം പ്രദേശങ്ങൾ സംരക്ഷഅർഹിക്കുന്നുണ്ട്.

കുറുക്കൻ, കാട്ടുപന്നി, മുയൽ, മെരുക്, കാട്ടുപൂച്ച തുടങ്ങിയ ജന്തുക്കൾ കാവുകളിൽ വസിക്കുന്നുണ്ട്. അപൂർവ്വമായി മയിലുകൾ പ്രത്യക്ഷപ്പെടുന്നതുകൊണ്ട് ആണ് കൂട്ടക്കനിക്കടുത്തുള്ള കുന്നിന് മയിലാട്ടി എന്ന പേര് പതിഞ്ഞത്.

# 5
# സാമൂഹ്യ-സാമ്പത്തികമേഖലകൾ



# കൃഷി, ജലസേചനം

പള്ളിക്കര പഞ്ചായത്ത് തികച്ചും ഒരു കാഷിക ഗ്രാമമാണ്. കീക്കാൻ, പള്ളിക്കര, പനയാൽ ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന ഈ പ്രദേശം ഉയർന്ന സമതലം, ചരിവു പ്രദേശം, താഴ്‌വാര, തീരസമതലംഎന്നീ വിഭാഗങ്ങളടങ്ങിയ കാർഷിക യോഗ്യമായ ഭൂപ്രകൃതി ഉള്ളതാണ്. മുഖ്യമായും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന ഒരു ജനവിഭാഗമാണ് ഇവിടെ യുള്ളത്.

ജന്മിത്തവ്യവസ്ഥയുടെ കീഴിൽ പരമ്പരാഗതമായ രീതികൾ ഉപയോഗിച്ച് കൃഷിചെയ്ത് ഉപജീവനം നടത്തിയവരായിരുന്നു ഇവിടത്തെ ജനങ്ങൾ. മുൻകാലങ്ങളിൽ നെൽകൃഷിക്കായിരുന്നു പ്രധാന്യം. മഴയെ ആശ്രയിച്ചായിരുന്നു കൃഷിനടത്തിയിരുന്നത്. എങ്കിലും പൊതുവായ ചില ജലസേചന സൗകര്യങ്ങൾ ഉപയോഗിച്ചിരുന്നു.(കുളങ്ങൾ, തോടുകൾ മുതലായവ) നാടൻ വിത്തിനങ്ങളും ജൈവവളങ്ങളും ഉപയോഗിച്ചാണ് മുൻകാലങ്ങളിൽ കൃഷിചെയ്തിരുന്നത്. ഒറ്റവിള കൃഷിചെയ്തിരുന്ന തിടുക്കണ്ടങ്ങളിൽ (കരക്കണ്ടങ്ങൾ) ഇടവിളയായി പയറ്, മുതിര, മുത്താറി, ഉഴുന്ന്, എള്ള്, ചോളം എന്നീ വിളകളും മുളക്, പുകയില എന്നിവയും ധാരാളമായി കൃഷിചെയ്തിരുന്നു. മിതമായ തോതിൽ തെങ്ങുകൃഷിയും നടന്നിരുന്നു.

ജന്മിമാരുടെ കീഴിൽ വളരെക്കാലം കൃഷിചെയ്തിട്ടും ദാരിദ്ര്യത്തിൽനിന്ന് മോചനം നേടാതിരുന്ന കൃഷിക്കാർക്ക് അതിൽനിന്നും മോചനം നേടാനുള്ള മാർഗമൊരുക്കിയത് ഭൂവുടമാബന്ധങ്ങളിൽ വന്ന മാറ്റങ്ങളാണ്. വിദ്യാഭ്യാസത്തിലൂടെ സമുദായത്തിൽ മാന്യത നേടാമെന്ന തിരിച്ചറിവ് കൃഷിയിൽ നിന്ന് ക്രമേണ വിട്ടുപോകുന്നതിന് പ്രേരിപ്പിച്ചു. ഇതിൻെറ ഫലമായി കൃഷിഭൂമി തരിശായിടുന്ന പ്രവണത വർദ്ധിച്ചു. ക്രമേണ പൂർണമായ പരിചരണം ആവശ്യമില്ലാത്ത ദീർഘകാലവിളകളിലേക്ക് തിരിയുകയും തെങ്ങുകൃഷി വ്യാപകമായിത്തീരുകയും ചെയ്തു.

ഭൂമി സംബന്ധിച്ച വിവരങ്ങൾ(അടിസ്ഥാന വിവര രജിസ്റ്റർ )

പട്ടിക 1

| ഇനം | വിസ്ത്രീർണ്ണം |
|---|---|
| നിലം | 790.30 ഹെക്ടർ |
| പുരയിടം | 1255.07 |
| കൃഷിയോഗ്യത്തരിശ് | 2507.14 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 434.86 |
| പുറമ്പോക്ക് | 357.66 |
| ആകെ | 5345.03 |

അവലംബം സെക്കൻററി ഡാറ്റ

പഞ്ചായത്തിലെ ഇന്നത്തെ മുഖ്യവിളകൾ നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്, പുകയില, മധുരക്കിഴങ്ങ്, കശുമാവ്, പ്ലാവ്, മാവ്, എന്നിവയാണ്. എന്നാൽ മരച്ചീനി, വിവിധയിനം പച്ചക്കറികൾ, കുരുമുളക്, എന്നീകൃഷികൾ നാമമാത്രമായ തോതിൽ കൃഷി ചെയ്തുവരുന്നുണ്ട്.

## വളം ഉപഭോഗം

മുൻ കാലങ്ങളിൽ പ്രധാനമായും ജൈവവളങ്ങളെ ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നത്. എന്നാൽ ജൈവവളങ്ങളുടെ വിലവർദ്ധധനവും ഉൽപാദനക്കുറവും ക്രമേണ രാസവളങ്ങളുടെ ക്രമാതീതമായ ഉപയോഗത്തിന് കാരണമായി. പഞ്ചായത്തിലെ രാസവളകീടനാശിനികളുടെ മൊത്തം വിപണനം സൂചിപ്പക്കുന്ന പട്ടിക താഴെ ക്കൊടുക്കുന്നു.

പട്ടിക 3 രാസവള കീടനാശിനി വിപണനം.

| ക്രമനമ്പർ സ്ഥാപനത്തിൻെറ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | ഖരം | ദ്രാവകം | രാസവളം | ഖരം | ദ്രാവകം | രാസവളം | ഖരം | ദ്രാവകം |
| 1. എസ്.സി.ബി.പനയാൽ | 2317 കി. | 736.2 | 52.70.ലി. | 2057കി | 940.3കി.ഗ്രാം | 100.7.ലി. | 2676കി. | 263.8 | 126.8.ലി. |
| 2. എസ്.സി.ബി.പള്ളിക്കര | 540 " | 51.കി.ഗ്രാം | 2 ലി | 410കി | 12കി.ഗ്രാം | 22.75 ലി. | 740 " | 7.5 കി.ഗ്രാം - | -- |
| 3. പള്ളിക്കര കോ.ഓപ്പറേറ്റീവ് സൊസൈറ്റി | 451.7 " | - | - | 607.39 | - | - | 649 | -- | -- |
| 4. പ്രൈവറ്റ് ഡിപ്പോ | 1510 " | 254 കി.ഗ്രാം | 95ലി. | 1180 കി | 125 | 251 ലി. | 1134 " | 214 കി.ഗ്രാം | 57.5 |
| ആകെ | 4818.7കി | - | - | 4254.39കി | - | - | 5199 കി. | | |

# കാർഷികോപകരണങ്ങൾ

കൃഷിഭവൻ മുഖേന വിതരണം ചെയ്ത കാർഷികോപകരണങ്ങളുടെ വിശദ വിവരം താഴെകൊടുക്കുന്നു.

പട്ടിക 4

| വാർഡ് | ഉഴവു ഉപകരണങ്ങൾ | | | | | | | മരുന്നുതളി ഉപകരണങ്ങൾ | |
|---|---|---|---|---|---|---|---|---|---|
| | [illegible]ക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്കർ സ്പെയർ | നാപ്സ്റ്റക് സ്പെയർ | മറ്റുള്ളവ | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
| 1മുതൽ 13വരെ | - | 5 | 360 | 63 | 25 | - | - | 12 | 715 |

അവലംബം സെക്കൻററി ഡാറ്റ

പട്ടിക 5

നടീൽ വസ്തുവിതരണം

| ക്രമനമ്പർ | ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1. | തെങ്ങ് ടി*ഡി | 150 | 50 | 50 |
| 2. | തെങ്ങ് ഡി*ടി | 100 | 100 | 50 |
| 3. | ഡബ്ലു സി.ടി. | 500 | 350 | 300 |
| 4. | കശുമാവ് | 3280 | 810 | 1600 |
| 5. | കുരുമുളക് | 150 | 5150 | 4000 |
| 6. | കമുക് | 100 | 100 | 500 |
| 7. | ചെറി | 200 | -- | -- |
| 8. | പേര | 120 | 27 | -- |
| 9. | സപ്പോട്ട | 40 | 10 | -- |
| 10. | മാവ് | 40 | 210 | -- |
| 11. | ഗ്രാമ്പു | -- | 10 | -- |
| 12. | ചാമ്പ | -- | 82 | -- |
| | ആകെ | 4680 | 6899 | 6500 |

തെങ്ങ് കൃഷി സംമ്പന്ധിച്ച വിവരങ്ങൾ

| നമ്പർ തെങ്ങ്കൃഷി വിസ്ത്രീർണ്ണം | തെങ്ങുകളുടെ എണ്ണം | | | രോഗബാധയുടെ വിവരം | | | | |
|---|---|---|---|---|---|---|---|---|
| | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | ഇലവാട്ടം | ബഡ്റൂട്ട് | ചെന്നീരൊലിപ്പ് | മറ്റുള്ളവ | ആകെ |
| 1. 1410 ഹെക്ടർ | 360ഹെക്ടർ × 160 | 1005 × 160 | 1410ഹെക്ടർ × 160 | 5000 | 300 | 1500 | | |
| | 57600 | 160800 | 225600 | | | | | 1410 ഹെക്ടർ |

കൃഷിഭവൻ രേഖകൾ

കവുങ്ങ് നെല്ല്, പച്ചക്കറി, വാഴ എന്നീ കൃഷിക്കാണ് കീടനാശിനികൾ ഉപയോഗിക്കുന്നത്. കീടനാശിനി തളിക്കുന്ന കാര്യത്തിൽ കൃഷിക്കാർക്ക്വേണ്ടത്ര ശാസ്ത്രീയ പരിഞ്ജാനം ലഭിക്കാറില്ല.

കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം പൊതുവെ കുറഞ്ഞു വരികയാണ്. ഇതിൻെറ പ്രധാനകാരണം വർഷം മുഴുവൻ ജോലി ലഭിക്കാത്തതാണ്. താരതമ്യേന കുറഞ്ഞ കൂലി നിരക്കും കാർഷികതൊഴിലാളികളോടുള്ള അവഗണനയും മറ്റു തൊഴിൽ രംഗങ്ങൾ തേടി പോകാൻ കാരണമായിട്ടുണ്ട്.

1991 ലെ സെൻസസ് പ്രകാരം 1827 പുരുഷൻമാരും 635 സ്ത്രീകളും ഉൾപ്പെടെ 22462 കർഷകതൊഴിലാളികളാണ് ഇവിടെ ഉണ്ടായിരുന്നത്. ഈ തൊഴിലാളികളുടെ ശരാശരി കൂലിനിരക്ക് പുരുഷൻ മാർക്ക് 80-100 രൂപയും സ്ത്രീകൾക്ക് 25-35 രൂപയുംആകുന്നു

## നടീൽ വസ്തുക്കളുടെ വിതരണം

പട്ടിക 5

നടീൽ വസ്തുക്കളുടെ വിതരണം ക്രമമായ വർദ്ധനവല്ല കാണിക്കുന്നത്. കാലാവസ്ഥയും മണ്ണിനും കർഷകരുടെ ആവശ്യത്തിനും അനുസരിച്ചല്ല തൈകളുടെ വിതരണം നടക്കുന്നത്.

പട്ടിക 6

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ.

1410 ഹെക്ടർ സ്ഥലത്താണ് പഞ്ചായത്തിൽ തെങ്ങ് കൃഷിയുള്ളത്. തെങ്ങുകൃഷി വർഷംതോറും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. രോഗബാധ പൊതുവെ കുറവാണെന്ന് പറയാം. ചെന്നീരൊലിപ്പ് കുറഞ്ഞ തോതിൽ കണ്ടു വരുന്നുണ്ട്. ഓലചീയലും അൽപമാത്രമായി കണ്ടു വരുന്നുണ്ട്. ഹെക്ടർ ഒന്നിന് 10800 തേങ്ങ എന്ന തോതിൽലാണ് തേങ്ങയുൽപാദനം.

# നെൽകൃഷി

ഒറ്റവിളക്കണ്ടങ്ങളിൽ പൊതുവെ നാടൻ വിത്തിനങ്ങളാണ് ഉപയോഗിക്കുന്നത്. ഉയരത്തിൽ വളരുന്ന ഈ ഇനങ്ങൾക്ക് തണ്ടിന് ബലം കൂടുതലാണ്. വയ്ക്കോൽ ധാരാളമായി ലഭിക്കുന്നു എന്ന പ്രത്യേകതയും നാടൻ വിത്തിനങ്ങൾക്കുണ്ട്.

ആധുനിക കൃഷിരീതികൾ അവലംബിക്കുന്ന കർഷകരുടെ എണ്ണംവളരെ പരിമിതമാണ്. പഴമയും പുതമയും ഇടകലർന്നതാണ് കൃഷി എന്ന് പൊതുവെ പറയാം. കണ്ടങ്ങൾ പൊതുവെ വിസ്തീർണ്ണം കുറഞ്ഞവയാകയാൽ യന്ത്രമുപയോഗിച്ച് ഉഴുന്ന രീതി വ്യാപകമായിട്ടില്ല. മിക്ക ആളുകളും കലപ്പ ഉപയോഗിച്ചാണ് ഉഴുവു നടത്തുന്നത്. പാടശേഖരസമിതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും കൂട്ടായ്മയുടേതായ ഒരന്തരീക്ഷം നിലവിൽവന്നിട്ടില്ല.

പട്ടിക 7

കൈവശഭൂമിയുടെ വിവരങ്ങൾ

| | |
|---|---|
| 1ഹെക്ടറിനുതാഴെ | |
| (നാമമാത്ര കർഷകർ) | 6484 |
| ഒരുഹെക്ടർ മുതൽ രണ്ടുഹെക്ടർ വരെ(ചെറുകിട ർഷകർ) | 413 |
| 2 ഹെക്ടറിനു മുകളിൽ | 103 |
| ആകെ | 7000 |

ജലസേചനം

ജലസേചനത്തിനുവേണ്ടി മഴയെ ആണ് പ്രധാനമായും ആശ്രയിക്കരുത്. ജൂൺ മുതൽ ഓഗസ്റ്റുവരെയുള്ള കാലയളവിൽ തെക്കുപടിഞ്ഞാറൻമൺസൂൺ(കാലവർഷം ) നിന്ന് ശരാശരി 2750 മില്ലിമീറ്ററും സെപ്റ്റംബർ മുതൽ നവംബർ വരെ വടക്കുകിഴക്കൻ മൺസൂണിൽ (തുലാവർഷം) നിന്ന് 552 മില്ലീമീറ്ററും മഴലഭിക്കുന്നു. കുളങ്ങൾ , കിണറുകൾ, തോടുകൾ, ക്രോസ്ബാറുകൾ തുടങ്ങിയവയും ജലസേചനത്തിനായി ഉപയോഗിക്കുന്നു.

പട്ടിക 8

പഞ്ചായത്തിലെ ജലസേചന സംവിധാനങ്ങൾ

| പൊതുജല സേചനകിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയക്കെട്ട് |
|---|---|---|---|---|
| 65 | 2 | 13 | 18 | -- |

പഞ്ചായത്തിനകത്ത് വലുതും ചെറുതുമായ പതിമൂന്നോളം കുളങ്ങളുണ്ട്. കുളങ്ങളുടെ മൊത്തം വിസ്തീർണ്ണം 98 സെൻറാണ്. തോടുകളുടെ ആകെ വിസ്തീർണ്ണം 32.66 ഏക്കറാണ്. പഞ്ചായത്തിൻെറ അതിർത്തിയിലുള്ള പുഴകളുടെ വിസ്ത്രീർണ്ണം 178.58 ഏക്കറാണ്. പലകുളങ്ങളും ഉപയോഗിക്കാതെ കിടക്കുകയാണ്.

പഞ്ചായത്തിലെ പണി പൂർത്തിയായതോ നടന്നു കൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2-ൽ കൊടുക്കുന്നു.

കൃഷി ജലസേചന പ്രവർത്തനങ്ങളിൽ ഏറ്റവും ഗണ്യമായ സ്ഥാനം വഹിക്കുന്ന പഞ്ചായത്തു കൃഷിഭവൻ അമ്പങ്ങാട് പ്രവർത്തിക്കുന്നു. പഞ്ചായത്തിൻെറ തെക്കൻ ഭാഗത്തുനിന്നും കൃഷിഭവനിൽ കർഷകർഎത്തുന്നത് വളരെ പരിമിതമാണ്. യാത്രാസൗകര്യത്തിൻെറ അപര്യാപ്തതയാണ് പ്രധാനകാരണമായി ചൂണ്ടിക്കാണിക്കുന്നത്. കർഷകർക്ക് പ്രദേശികമായി പ്രയോജനം ലഭിക്കാത്തതും ആവശ്യമില്ലാത്തതുമായ പദ്ധതികളാണ് കൂടുതലായും നടപ്പിലാക്കേണ്ടിവരുന്നത്. ഇതുമൂലം പദ്ധതികളും കർ

ഷകരുടെ മേൽ അടിച്ചേൽപ്പിക്കേണ്ടിവരുന്നു. ആവശ്യമുള്ള പല പദ്ധതികളും വളരെ തുച്ഛമായ അളവിൽ മാത്രമേ ലഭിക്കുന്നുള്ളൂ. ആവശ്യത്തിനും യഥാസമയത്തും നടീൽ വസ്തുക്കൾ ലഭിക്കാത്ത അവസ്ഥയും നിലനിൽക്കുന്നു.

## പ്രശ്നങ്ങൾ

1. നെൽകൃഷി ആദായകരമല്ലാത്തതിനാൽ കർഷകർ താൽപര്യം കാണിക്കുന്നില്ല. നെൽകൃഷിചെയ്യുന്ന വയലുകളിൽ ദീർഘകാലവിളകളായ തെങ്ങ്, കമുക്, എന്നിവ കൃഷി ചെയ്യുന്നു.

2. പഞ്ചായത്തിലെ ചിത്താരി, മുക്കുണ്ട്, പ്രദേശങ്ങളിൽ പുഴയിൽനിന്നും ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നു.

3. മഴക്കാലത്ത് കരുവാക്കോട്, കെട്ടിങ്ങാൽ പോലെയുള്ള പ്രദേശങ്ങളിൽ വരമ്പുപൊട്ടുകയും മണ്ണിടിഞ്ഞുകൂടി വയലുകൾ കൃഷിയോഗ്യമല്ലാതായിത്തീരുകയും ചെയ്യുന്നു.

4. മണ്ണ് പരിശോധന നടക്കുന്നില്ല.

5. ആധുനിക കൃഷിരീതികളിൽ കർഷകർക്ക് വേണ്ടത്ര പരിജ്ഞാനമില്ല.

6. നാണ്യവിളകളായ തെങ്ങ്, കവുങ്ങ് എന്നിവ നെൽപാടങ്ങളിൽ വ്യാപകമായ തോതിൽ കൃഷിചെയ്യപ്പെടുന്നു.

7. പാടശേഖര സമിതികളുടെ പ്രവർത്തനം ബോണസ് വാങ്ങുന്നതിൽ ഒതുങ്ങിനിൽക്കുന്നു.

8. ഗ്രൂപ്പ് ഫാമിങ്ങ് നിലവിലില്ല.

9. രാസവളവില വർദ്ധനവ്

10. രാസവളത്തിൻെറ അമിതമായ ഉപയോഗം ഭൂമിയുടെ ഫലഭൂയിഷ്ടത കുറയാൻ ഇടയാക്കുന്നു,

11. ജൈവവളത്തിൻെറ ഉപയോഗം കുറയുന്നു.

12. കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻ ചെല്ലിയുടെ ഉപദ്രവം, മഞ്ഞളിപ്പ് തുടങ്ങിയവ ഉൽപാദന ക്കുറവിനു കാരണമാകുന്നു.

13. കർഷകതൊഴിലാളികളുടെ ദൗർലഭ്യം.

14. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കൃഷിക്കാർക്ക് വേണ്ടരീതിയിൽ ധനസഹായം ലഭിക്കുന്നില്ല.

15. സങ്കരയിനം നെൽവിത്തുകളുടെ ദൗർലഭ്യം.

16. പഴഞ്ചൻ കൃഷിരീതികൾ അവലംഭിക്കുന്നു. കാർഷികമേഖലയിൽ കാലോചിതമായ മാറ്റം ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല.

17. കാർഷികോൽപന്നങ്ങൾ വിപണനത്തിന് വേണ്ടത്ര സൗകര്യങ്ങൾ നിലവിലില്ല.

18. കർഷകരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

19. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത. നിലവിലുള്ളവ പലതും ജലസേചനയോഗ്യമല്ല. നെൽവയലുകളിലേക്ക് തോടുകളിൽനിന്നും മറ്റും വെള്ളം എത്തിക്കാൻ സംവിധാനം ഇല്ല.

20. വിളക്രമം പാലിക്കുന്ന കാര്യത്തിൽ കർഷകർ ശ്രദ്ധിക്കുന്നില്ല.

## സാധ്യതകൾ

1.ഗ്രൂപ്പ് ഫാമിംങ്ങ് സമ്പ്രദായം ശക്തമാക്കി നെല്ലുൽപാദനം വർദ്ധിപ്പിക്കുക.

2. ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് മുക്കുണ്ട് ക്രോസ്ബാർ കം ബ്രിഡ്ജിൻെറ പണി പൂർത്തിയാക്കുക. ചിത്താരി പാലത്തിനു സമീപമുള്ള ക്രോസ്ബാർ പ്രവർത്തന ക്ഷമമാക്കുക.

3. തോടുകളുടെ ഇരുവശത്തുമുള്ള വരമ്പുകൾ ബലപ്പെടുത്തുക. തോടുകൾക്ക് ആഴം കൂട്ടുക.

4. മണ്ണുപരിശോധന കൃത്യമായി നടത്തുക:

5. മാറിവരുന്ന കൃഷിരീതികളെക്കുറിച്ച് ബന്ധപ്പെട്ട കർഷകർക്ക് പരിശീലനം നൽകുക.

6. കൃഷിസ്ഥലം ട്രാക്ടർ ഉപയോഗിച്ച് ചുരുങ്ങിയ വാടകനിരക്കിൽ ഉഴുതുകൊടുക്കുക.

7. പാടശേഖരസമിതികൾ പുനസംഘടിപ്പിക്കുക.

8. ജൈവവളം ഉപയോഗിക്കാൻ കർഷകരെ പ്രേരിപ്പിക്കുക.

9. അമിതമായ രാസകീടനാശിനികളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും ജൈവകീടനാശിനികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

10. രോഗകീടബാധ ചെറുക്കുന്നതിനുള്ള നടപടികൾ കൃത്യസമയത്തുതന്നെ ചെയ്യുക.

11. ധനകാര്യസ്ഥാപനങ്ങൾ നൽകുന്ന വായ്പകളുടെ വ്യാപ്തിയും ആകെ തുകയും വർദ്ധിപ്പിക്കുക.

12. കാർഷികാവശ്യത്തുനുള്ള വായ്പകൾ കർഷകർക്കു ലഭ്യമാക്കുക.

13. കാർഷികോൽപന്ന സംഭരണ കേന്ദ്രം ആരംഭിക്കുക.

14. രജിസ്റ്റർ ചെയ്ത മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം അവലോകനം ചെയ്യുക.

15. ഉൽപന്നങ്ങൾക്ക് തറവില നിശ്ചയിക്കുക.അവകാശം കർഷകനു നൽകുക.

16. നിലവിലുള്ള പൊതുകുളങ്ങളും കിണറുകളും ആഴം കൂട്ടി പമ്പുസെറ്റുകൾ സ്ഥാപിച്ച് ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

17. നെൽകൃഷിക്കുശേഷം പാടങ്ങളിൽ പയർ, പച്ചക്കറി എന്നിവ കൃഷിചെയ്യുക. ഉൽപാദനത്തിൻെറ അടിസ്ഥാനത്തിൽ കർഷകർക്ക് അവാർഡുകൾ ഏർപ്പെടുത്തുക.

18. കാർഷിക ലോൺ കൃത്യസമയത്ത് തിരിച്ചടക്കുന്നവർക്ക് പലിശ ഇളവു ചെയ്യുക.

19. നെൽവയലുകൾ തരിശിടുന്നതും മറ്റുനാണ്യവിളകൾ കൃഷിചെയ്യുന്നതും നിരോധിക്കുക.

20. കൃഷിഭവൻ ശുപാർശചെയ്യുന്ന അളവിൽ തന്നെ മണ്ണെണ്ണ പെർമിറ്റ്അനുവദിക്കുക.

21. തെങ്ങിൻ തോപ്പുകളിൽ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുക.

22. തരിശായികിടക്കുന്ന കുന്നിൻചരിവുകളിൽ ഫലവൃക്ഷൾ വച്ച് പിടിപ്പിക്കുക.

23 വേലികളായി ശീമകൊന്ന വച്ച് പിടിപ്പിക്കുക.

24. ജലസേചനം കാര്യമായി വേണ്ടാത്ത ചേന, ചേമ്പ്, മരച്ചീനി എന്നിവ വ്യാപകമായി കൃഷി ചെയ്യുക.

25. അത്യുൽപാദനശേഷിയുള്ള വിത്ത്, നടീൽ വസ്തുക്കൾ എന്നിവ കൃത്യസമയത്തു ലഭ്യമാക്കുക.

26. കൃഷി ഉദ്യോഗസ്ഥരുടെ സേവനം യഥാസമയം ലഭ്യമാക്കുക.

27. കൃഷിഭവനു സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

28. നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച നടീൽവസ്തുക്കൾ വിതരണം ചെയ്യുക.

29. മഴക്കാലത്ത് വെള്ളം സംഭരിച്ചുനിർത്തുന്നതിന് കൃഷിക്കാരുടെ സഹായത്തോടുകൂടി തടയണകൾ നിർമ്മിക്കുക. മുകൾ ഭാഗത്തായി ഇവ നിർമ്മിക്കാം.

30. എല്ലാവർക്കും വിള ഇൻഷൂറൻസ് ഏർപ്പെടുത്തുക

31. പ്രകൃതി ക്ഷോഭത്തിന് നൽകുന്നതുപോലെ രോഗബാധയ്ക്ക് വിധേയമാവുന്ന വിളവിനും ഇൻഷൂറൻസ് നൽകുക.

32.പച്ച മരുന്നുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

വിളവിസ്ത്രീർണ്ണംവും ഉൽപാദനവും

| വിള | വിസ്ത്രീർണ്ണം | മൊത്തം ഉദ്പാദനം | ഉദ്പാദനക്ഷമത |
|---|---|---|---|
| 1.എ. നെല്ല്(ഒന്നാംവിള) | 200 ഹൈക്ടേർ | 500 മെട്രക്കടൺ | 2500കി.ഗ്രാം |
| ബി. നൈല്ല്(രണ്ടാവിള | 130 " | 390 " | 3000" |
| സി. നെല്ല്(മൂന്നാംവിള) | 5 " | 10 " | 2000" |
| 2. പയർ | 35 | 35 " | 1000" |
| 3. പച്ചക്കറി | 150 | 750 " | 5000 " |
| 4.തേങ്ങ് | 1410 " | 15,228 കോടി | 10,800 ഹെക്ടർ |
| 5. വാഴ | 65 " | 520 മെട്രക്കടൺ | 8000കി.ഗ്രാം/ഹെക്ടർ |
| 6. മരച്ചീനി | 2 | 40 " | 20,000മെട്രിക് ടൺ |
| 7.കുരുമുളക് | 15 " | " | 500കി.ഗ്രാം/ഹെക്റ്റർ |
| 8. പ്ലാവ് | 6000 | 60,000 എണ്ണം | 60,000എണ്ണം |
| 9. കശുമാവ് | 110 | 40 മെട്രർക് ടൺ | 800/കിഗ്രാം/ഹെക്ടർ |
| 10. മാവ് | 900 " | " | 10ഖഇ.കി.ഗ്രാം/ഹെക്ടർ |
| 11.കമുക് | 60 " | 120 കിൻറർ | 20കിൻറർ /ഹെക്ടർ |
| 12. പുകയില | 78 " | 117മെട്രരക് ടൺ | 1500കി.ഗ്രാം/ ഹെക്ടർ |
| 13. മധുരക്കിഴങ്ങ് | 60 " | 600 " | 10 മെട്രിക് ടൺ |

അവലംബം സെക്കൻററിഡാറ്റ

പള്ളിക്കര ഗ്രാമപഞ്ചായത്ത്. അനുബന്ധം: 2

## പണി പൂർത്തിയായ ജലസേചനപദ്ധതികളുടെ വിവരം

| നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | വിസ്തീർണം (ഏക്കർ) | മറുവിവരം |
|---|---|---|---|---|---|---|
| 1. | അണക്കെട്ട്; കാനത്തിൽ തോടിനു കുറുകെ | | 1962 | | 15.05 | |
| 2 | പൂച്ചോല ടാങ്ക് | | 1965 | | 19.18 | |
| 3 | അണക്കെട്ട്; വണ്ണാത്തിച്ചാലിനു കുറുകെ | | 1966 | | 31.75 | |
| 4 | ക്രോസ് ബാർ: പെരിയാട്ടടുക്കം | | 1963 | 2 ലക്ഷം | 30.80 | 1994 പുതുക്കി. |
| 5 | ,, : ചിറക്കാൽതോട്, ജുവൾ | | 1968 | | 51.40 | |
| 6 | ,, : കണ്ണംവയൽ | | 1964 | | 9.17 | |
| 7 | ,, : കുളക്കച്ചിറ | | 1968 | | 41.21 | |
| 8 | അണക്കെട്ട് : മുണ്ടക്കണ്ടം | | 1970 | | 11.81 | |
| 9 | ക്രോസ്ബാർ : ചിറക്കാൽ തോട്, കീക്കാൻ | | 1970 | | 35.16 | |
| 10 | " പാലം മലാക്കര ചിറ | | 1973 | | 17.41 | |
| 11 | ടാങ്ക് : വെള്ളരിക്കണ്ടം | | 1980 | | 16.50 | |
| 12 | " ചെറക്കാപ്പാറ | | 1980 | | 17.21 | |
| 13 | " തൊക്കാനം ഹരിജൻ കോളനി | | 19 6 | | 17.19 | |
| 14 | ക്രോസ് ബാർ, ആലക്കോട് | | 1 89 | | 17.49 | |
| 15 | ,, കല്ലൻചിറ തോട്, ന[illegible]ച്ചക്കോട് | | 1989 | | 31.58 | |
| 16 | ,, ചെരൂട്ടത്തോട് | | 1992 | | 10.72 | |
| 17 | ,, കണ്ണംകുളം | | 1962 | | 67.46 | |
| | അവലംബം: മൈനർ ഇറിഗേഷൻ രേഖകൾ. | | | | | |

# 5-2
# മൃഗസംരക്ഷണം-മത്സ്യബന്ധനം



# മൃഗസംരക്ഷണം-മത്സ്യബന്ധനം

പഞ്ചായത്തിന്റെ മിക്കവാറും എല്ലാഭാഗങ്ങളിലും പരിമിതമായ തോതിൽ കന്നുകാലികളെ വളർത്തുന്നുണ്ട്. പടിഞ്ഞാറേതീരത്തുള്ള പത്താം വാർഡിൽ കാലി വളർത്തൽ അപൂർവ്വമാണ്. നാടൻ ഇനങ്ങളാണ് പൊതുവെ ഉള്ളത്. സങ്കരയിനം പശുക്കളെ വളർത്തുന്നവരുണ്ടെങ്കിലും സംഖ്യ പരിമിതമാണ്. കാള പശു എരുമ.ആട് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ.

മുൻകാലങ്ങളിൽ കാലി വളർത്തൽ താരതമ്യേന കൂടുതൽ ഉണ്ടായിരുന്നു. പഞ്ചായത്തിന്റെ ഉയർന്ന കിഴക്കൻ പ്രദേശങ്ങൾ കാലി മേയ്ക്കലിന് ഉപയോഗപ്പെടുത്തിയിരുന്നു. ഈ പ്രദേശങ്ങൾ തുണ്ടുവൽക്കരിച്ചതോടെ മേച്ചിൽ പുറങ്ങൾ നഷ്ടമായി.

പട്ടിക-1

| കാള | | പശു | | | | ആട് | | മറ്റുള്ളവ | |
|---|---|---|---|---|---|---|---|---|---|
| നാടൻ | സങ്കരം | നാടൻ | സങ്കരം | പോത്ത് | എരുമ | നാടൻ | സങ്കരം | നാടൻ | സങ്കരം |
| 1466 | 37 | 3499 | 189 | 179 | 108 | 1590 | 8 | 50 | 1199 |

നെൽക്കൃഷിയുമായി ബന്ധപ്പെട്ടാണ് കാളകളെ അധികവും വളർത്തിയിരുന്നത്. നെൽകൃഷി ആദായകരമല്ലാതായതോടെ പാടങ്ങൾ കവുങ്ങിൻ തോട്ടങ്ങളും തെങ്ങിൻ തോപ്പുകളുമായിമാറിക്കൊണ്ടിരിക്കുന്നു. നിലം ഉഴുന്നതിനു വേണ്ടിയാണ് കാളകളെ ഉപയോഗിച്ചിരുന്നത്. പുല്ല് ആവശ്യാനുസരണം കിട്ടാനില്ലാത്തത് ഈ രംഗത്തുനിന്ന് ആളുകൾ പിൻമാറാൻ കാരണമായിട്ടുണ്ട്. നിലം ഉഴുത് ഉപജീവനം കഴിക്കുന്ന വളരെ കുറച്ചുപേരും ചില കർഷകരും മാത്രമേ ഇപ്പോൾ കാളകളെ സംരക്ഷിച്ചുപോരുന്നുള്ളു.

പാൽ വിറ്റഴിക്കാനുള്ള പ്രയാസമാണ് പശുക്കളെ വളർത്തുന്നവർ നേരിടുന്ന പ്രധാന പ്രശ്നം. പഞ്ചായത്തിലൊരിടത്തും തീറ്റപ്പുല്ല് കൃഷി ചെയ്യുന്നില്ല. വില കൊടുത്ത് കാലിത്തീറ്റ വാങ്ങുന്നവരുടെ എണ്ണവും കുറവാണ്. കുന്നിൻ പുറങ്ങളിൽ വളരുന്ന നെയ് പുല്ല് കാലിത്തീറ്റയ്ക്കു വേണ്ടി പ്രയോജനപ്പെടുത്തുന്നുണ്ട്. കൃത്രിമ ബീജസങ്കലനം നടത്തിയ പശുക്കളുടെ എണ്ണം അഞ്ഞൂറാണ്.

വ്യാവസായിക അടിസ്ഥാനത്തിലല്ലാതെ പന്നികളെയും മുയലുകളെയും വളർത്തുന്നവരുണ്ട്.

ഗോബർ ഗ്യാസ് പ്ലാന്റ് പഞ്ചായത്തിൽ ഉണ്ട്. പാൽ വിതരണം ചെയ്യാനും ശേഖരിക്കാനുമുള്ള യാതൊരുസംവിധാനവും നിലവിലില്ല. പാൽ ഉൽപാദിപ്പിക്കുന്ന കുടുംബങ്ങൾ വിറ്റഴിക്കാനും, പാൽ ആവശ്യമുള്ളവർ അതിനുവേണ്ടി പരക്കം പായുന്നതും മിക്ക പ്രദേശങ്ങളിലും കാണാം. ഇത് മെച്ചപ്പെട്ട ഒരു പാലുൽപാദന-വിതരണ പ്രസ്ഥാനത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയാണ് ഉള്ളത്. പനയാൽ ഗ്രാമത്തിലുള്ള അമ്പങ്ങാട് എന്ന സ്ഥലത്താണ് ഈ സ്ഥാപനം. പാക്കം ഗവൺമെന്റ് ഹൈസ്കൂളിനു സമീപം ഒരു ഊർജ്ജിത കന്നുകാലി വികസനകേ

ന്ദ്രമുണ്ട്.ഈ രണ്ട് സ്ഥാപനങ്ങളും സ്വന്തം കെട്ടിടമോ മറ്റു സൗകര്യങ്ങളോ ഇല്ലാതെ വീർപ്പു മുട്ടുകയാണ്. കന്നുകാലികളെ സംബന്ധിക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും ചെയ്യേണ്ട മൃഗാശുപത്രിയിൽ വൈദ്യുതി, ടെലിഫോൺ, അത്യാവശ്യ മരുന്നുകൾ സൂക്ഷിക്കാനുള്ള സൗകര്യം എന്നിവ ഒന്നും തന്നെയില്ല. മുമ്പ് പഞ്ചായത്ത് വായന ശാലയായി പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടത്തിലാണ് ഐ.സി.ഡി.പി. ഓഫീസ് പ്രവർത്തിക്കുന്നത്. ഇത് തകർന്നു വീഴാവുന്ന നിലയിലുമാണ്.

അലഞ്ഞു തിരിയുന്ന കന്നുകാലികളെ പഞ്ചായത്തിന്റെ പിടഞ്ഞാറു ഭാഗങ്ങളിൽ ഏതു സമയത്തും കാണാവുന്നതാണ്. വാഹനാപകടങ്ങൾക്ക് പലപ്പോഴും ഇവ കാരണമായിത്തീരുന്നു. ഇങ്ങനെയുള്ള കന്നുകാലികളെ പിടിച്ചു കെട്ടുന്നതിനു പഞ്ചാത്ത് സ്ഥാപിച്ച 'ദൊഡ്ഢി' (Cattle Pound)കാലപ്പഴക്കത്താൽ തകർന്ന നിലയിലാണ്.അത് പുതുക്കിപ്പണിയാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എല്ലാ ഭാഗത്തും അലഞ്ഞു തിരിയുന്ന നായ്ക്കൾ മറ്റൊരു തിരാശാപമാണ്. ലഭ്യമായ കണക്കുകൾ അനുസരിച്ച് ആയിരത്തി അഞ്ഞൂറിനു മുകളിലാണ് ഇവയുടെസംഖ്യ. കാട്ടു പൊന്തകൾ കുറുക്കന്മാരുടെ താവളങ്ങളാണ്. രാത്രി കാലങ്ങളിൽ നാട്ടുമ്പുറത്ത് സ്വൈരവിഹാരം നടത്തന്ന നായ്ക്കളും കുറുക്കന്മാരും ജനജീവിതത്തിന് ഭീഷണി ഉയർത്തുന്നു. നായ്ക്കളിൽ പടർന്ന് പിടിച്ചിട്ടുള്ള രോഗവും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കിയ നായ്ക്കളുടെ സംഖ്യ 120 ആണ്.

## പക്ഷികൾ

വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴികളെ വളർത്താനുള്ള ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. അമിതമായ കോഴിത്തീറ്റ വില ഈ ശ്രമങ്ങളെ പരാജയപ്പെടുത്തുകയാണ് ചെയ്തത്. കോഴിത്തീറ്റനിർമ്മാണം പഞ്ചായത്തടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുക പ്രയാസമാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവാണ് പ്രധാന കാരണം. ജില്ലാടിസ്ഥാനത്തിൽ ഇതിനുള്ള സാധ്യത ആരായുന്നത് നന്നായിരിക്കും.

ഇറച്ചിക്കോഴി വളർത്തൽ ലാഭകരമാണെന്ന് കണ്ടിട്ടുണ്ട്. പഞ്ചായത്തിൽ 3 ഇത്തരം കേന്ദ്രങ്ങൾ ലാഭകരമായി നടക്കുന്നുണ്ട്. ആവശ്യമായ സാമ്പത്തികസഹായം ലഭിച്ചാൽ ഈ സംരംഭത്തിന് ആളുകൾ തയ്യാറാണെന്ന് ഗ്രാമസഭാചർച്ചകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിടുണ്ട്.

പട്ടിക 2

| കോഴി | | |
|---|---|---|
| നാടൻ | വിദേശി | താറാവ് |
| 21989 | 498 | 8 |

(1987 ലെ ലൈവ്സ്റ്റോക്ക് സെൻസസ്)

### പ്രശ്നങ്ങൾ

1. കാലി-കോഴിത്തീറ്റകളുടെ വില കൂടുതൽ

2. പുല്ലും വയ്ക്കോലും ലഭിക്കാനുള്ള പ്രയാസം.

3. രോഗപ്രതിരോധത്തിനും ചികിത്സക്കുമുള്ള പ്രയാസങ്ങൾ

4. പാൽ ശേഖരിക്കാനും വിൽപ്പനനടത്താനുമുള്ള സൗകര്യക്കുറവ്

5. കാലികളെ വാങ്ങാനുള്ള സാമ്പത്തിക സഹായം ലഭിക്കാത്ത അവസ്ഥ.

6. വ്യാവസായികാടിസ്ഥാനത്തിൽ യൂണിറ്റുകൾ തുടങ്ങുന്നതിന് സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം.

7. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

8. സബ്സിഡി ഏർപ്പെടുത്തുക.

### സാധ്യതകൾ

1. ക്ഷീര സഹകരണസംഘങ്ങൾ രൂപീകരിക്കുക., മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികളിൽ നിന്ന് സഹായധനം കിട്ടാൻ ഇത് ആവശ്യമാണ്.

2. വ്യാവസായികാടിസ്ഥാനത്തിൽ ഇറച്ചി ക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുവാൻ താൽപര്യമുള്ളവർക്ക് സാങ്കേതികപരിജ്ഞാനവും ലോൺ സൗകര്യവും ഏർപ്പെടുത്തുക.

3. പഞ്ചായത്തിലെ ഒന്ന്, നാല് വാർഡുകളിലെ വിശാലമായ കുന്നിൻപ്രദേശങ്ങളിൽ ആടുവളർത്തൽ കേന്ദ്രങ്ങൾ സാഥാപിക്കുക.

4. തരിശു പ്രദേശങ്ങളിൽ തീറ്റപ്പുൽകൃഷിചെയ്യാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക.

5. മെച്ചപ്പെട്ട ഇനം കന്നുകാലികളെ ലഭ്യമാക്കുക.

6. ജൈവവളത്തിന്റെ പ്രാധാന്യം, മൃഗസംരക്ഷണവുമായി ബന്ധപ്പെടുത്തി കർഷകരെ ബോധ്യപ്പെടുത്തുക.

## മത്സ്യബന്ധനം

പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തി അഞ്ചു കിലോമീറ്ററോളം അറബിക്കടലാണ്. പഞ്ചായത്തിന്റെ തെക്കേ അതിരിൽ ചിത്താരിപ്പുഴ അറബിക്കടലിൽ ചേരുന്നു. വടക്ക് ഭാഗത്ത് ബേക്കൽപുഴയും കിഴക്കേ അതിരിലൂടെ കരിച്ചേരിപ്പുഴയും ഒഴുകുന്നു. ഇത്രയും ജലസമ്പത്ത് ഉണ്ടായിട്ടും ഇത് പ്രയോജനപ്പെടുത്തുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ബേക്കൽ കോട്ടയുടെ തെക്കേ ചരിവിനോട് ചേർന്ന് കടലോരം ഒരു മത്സ്യബന്ധന കേന്ദ്രമാണ്. ഏകദേശം 20,000 കിലോഗ്രാം മത്സ്യം സീസൺകാലത്ത് പ്രതിദിനം ഈ കേന്ദ്രത്തിൽ എത്തിച്ചേരുന്നുണ്ട്. ജനുവരിമുതൽ മെയ്വരെയുള്ള കാലയളവിൽ മത്സ്യലഭ്യത കുറയുന്നു. ആവോലി, ചെമ്മീൻ , അയക്കൂറ, സ്രാവ്, അയല, മത്തി, എന്നീ ഇനങ്ങളാണ് സാധാരണ ലഭിക്കുന്നത്. ട്യൂണ(കേതൽ) മത്സ്യവും കുറഞ്ഞ തോതിൽ ലഭിക്കുന്നുണ്ട്. ജൂൺ മുതൽ ഡിസംബർ വരെയാണ് മത്സ്യം ധാരാളമായി ലഭിക്കുന്നത്. ഈ സമയത്ത് ഏകദേശം ഒരുകോടി രൂപയുടെ മത്സ്യവിൽപ്പന പ്രതിമാസംനടക്കുന്നുണ്ട്.

# മത്സ്യത്തൊഴിലാളികൾ

ഈ പ്രദേശത്തു നിന്ന് മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾ 50-ൽ താഴെ മാത്രമാണ്. 1500 ഓളം തൊഴിലാളികൾ കീഴൂർ കടപ്പുറം മുതൽ കന്യാകുമാരിവരെയുള്ള പ്രദേശങ്ങളിൽ നിന്ന് ഇവിടെ ജോലിക്കെത്തുന്നുണ്ട്.

ഇരുപതു കുടുംബങ്ങൾ താമസിക്കുന്ന മത്സ്യതൊഴിലാളി കോളനി ഇവിടെയുണ്ട്. ഇരുന്നൂറോളം തോണികൾ ഇവിടെനിന്ന് കടലിൽ പോകുന്നുണ്ടെങ്കിലും മൂന്നെണ്ണം മാത്രമാണ് ഈ പ്രദേശത്തുകാരുടെ വകയായി ഉള്ളത്. അതിൽ ഒന്ന് സ്വകാര്യ വ്യക്തിയുടെതും രണ്ടെണ്ണം സർക്കാർ ധനസഹായത്തോടെ മത്സ്യത്തൊഴിലാളികൾ വാങ്ങിയതുമാണ്. മത്സ്യവ്യവസായവുമായി ബന്ധപ്പെട്ട 4 ഇടത്തരം കച്ചവടക്കാരും 200 പേർ ചെറുകിടക്കാരുമാണ്.

തൊഴിലാളികളുടെ കൂലി വ്യവസ്ഥ പരമ്പരാഗത രീതിയിൽ തന്നെ ഇന്നും തുടരുന്നു.പിടിക്കുന്ന മത്സ്യത്തിന്റെ പകുതി വള്ളത്തിന്റെയും വലയുടെയും ഉടമസ്ഥനും ബാക്കിയുള്ളത് തുല്യമായി തൊഴിലാളികൾ വീതിക്കുകയുമാണ് ചെയ്യുന്നത്. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വലകൾ റാണിവല, ഒഴുക്കവല, മാണ്ട് വല, ചാളവല എന്നീപേരുകളിലാണ് ഈ പ്രദേശത്ത് അറിയപ്പെടുന്നത്. ഈ മത്സ്യബന്ധനകേന്ദ്രങ്ങളോടനുബന്ധിച്ച് നാടൻ രീതിയിൽ മത്സ്യം ഉപ്പിട്ട് സൂക്ഷിക്കുന്ന മൂന്ന് സ്വകാര്യ 'ചാപ്പ്' കളുണ്ട്. ഒരു സ്വകാര്യ ഐസ്ഫാക്ടറിയും തൊട്ടടുത്തായി പ്രവർത്തിക്കുന്നുണ്ട്.

മിഷൻ കോളനിയിലെ മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാണ്. മഠം വഴി കടലിലെത്തിച്ചേരുന്ന തോട് മഴക്കാലത്ത് നിറഞ്ഞൊഴുകുമെങ്കിലും വേനൽക്കാലത്ത് കൊതുകുകൾ പെറ്റുപെരുകുന്ന കേന്ദ്രമായി മാറുന്നു. അനധികൃതമായി അറവു നടത്തുന്ന അളുകൾ അവശിഷ്ടങ്ങൾ കാട് മൂടി കിടക്കുന്ന തോട്ടിൽ നിക്ഷേപിക്കുന്നതുമൂലം ഇവിടത്തെ അന്തരീക്ഷം ദുർഗന്ധപൂരിതമാവുകയും ജീവിതം ദുസ്സഹമാവുകയും ചെയ്യുന്നു.

മത്സ്യവിപണനവുമായി ബന്ധപ്പെട്ട അഞ്ഞൂറോളം ആളുകൾ ഉപജീവനം നടത്തുന്നുണ്ട്. ഇതിലേറെയും സ്ത്രീകളാണ്. പള്ളിക്കര മഠത്തിൽ ഒരു മത്സ്യമാർക്കറ്റ് പഞ്ചായത്തുവകയായുണ്ട്. എന്നാൽ മത്സ്യവിൽപ്പന റോഡിന് ഇരുവശവുമായാണ്.നടക്കുന്നത്. ഇതും പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നു. കടലോരത്തുതന്നെ ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

## പ്രശ്നങ്ങൾ

1. മത്സ്യകൃഷി നടത്തുവാൻ താൽപര്യമുള്ളവർ പഞ്ചായത്തിലുണ്ടെങ്കിലും അവർക്കുവേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും ലഭിക്കുന്നില്ല.

2. മത്സ്യബന്ധനകേന്ദ്രം പഞ്ചായത്താഫീസിന് സമീപമാണെങ്കിലും, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് വരുമാനമൊന്നും ലഭിക്കുന്നില്ല.

3. വീടുനഷ്ടപ്പെട്ട മത്സ്യതൊഴിലാളികൾക്ക് ധനസഹായം യഥാകാലം ലഭിക്കുന്നില്ല.

4. മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ നിലവിലില്ല.

## നിർദ്ദേശങ്ങൾ

1. മത്സ്യകൃഷി നടത്താൻ തയ്യാറുള്ളവരുടെ ഒരു സമിതി രൂപീകരിക്കുക. മത്സ്യകൃഷിയുടെയും വിപണന സാധ്യതയുടെയും സ്ഥിതിയെക്കുറിച്ച് ബോധവാന്മാരാക്കുക.

2. മത്സ്യകൃഷിക്കാവശ്യമായ ധനസഹായം ലഭ്യമാക്കുക.

3. കടപ്പുറത്തുനിന്ന് മത്സ്യം കയറ്റിപ്പോകുന്ന വാഹനങ്ങൾക്ക് നികുതി ഏർപ്പെടുത്തുക. വഹിക്കുന്ന ഭാരത്തിന്റെ തോതനുസരിച്ച് വിവിധസ്ലാബുകളായി ഇത് ഈടാക്കാവുന്നതാണ്.

4. മത്സ്യതൊഴിലാളി സഹകരണസംഘം രൂപീകരിക്കുക.

5. പുതിയ മത്സ്യവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ളവ ഉപയോഗപ്പെടുത്തുകയും ചെയ്യുക.

6. പള്ളിക്കര തീരത്ത് ഒരു ഫിഷ് ലാൻറിംഗ് സെൻറർ സ്ഥാപിക്കുക.

7മത്സ്യം ശീതീകരിച്ച് സൂക്ഷിക്കുന്നതിന് കോൾഡ് സ്റ്റോറേജ് സൗകര്യം ഏർപ്പെടുത്തുക

8. പഞ്ചായത്തിലെ ജനങ്ങൾക്കായി 10 ശതമാനം മത്സ്യം വിതരണം ചെയ്യുക.

9. അരവത്ത് വയലിൽ മത്സ്യകൃഷിക്ക് സൗകര്യം ഉണ്ടാക്കുക.

# 5-3
# വ്യവസായം



# വ്യവസായം

കാർഷികമേഖലയെ മുഖ്യമായും ആശ്രയിച്ചു ജീവിക്കുന്ന ഇവിടുത്തെ ജനത ചില പരമ്പരാഗത വ്യവസായങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. ആധുനിക രീതിയിലുള്ള വ്യവസായങ്ങൾ ഒന്നും തന്നെയില്ല. മരപ്പണി,ചെങ്കൽ-കരിങ്കൽ ഖനനം, മൺപാത്ര നിർമ്മാണം, പായ നെയ്ത്ത് , തുടങ്ങിയ മേഖലകളിലാണ് പരമ്പരാഗത വ്യവസായം നിലനിൽക്കുന്നത്. ഇതിൽ ചെങ്കൽ ഖനന മേഖയിൽ വ്യാപകമായ യന്ത്രവൽകരണം വന്നുകൊണ്ടിരിക്കുകയാണ്. മൺപാത്ര നിർമ്മാണം പഞ്ചായത്തിലെ കന്നൂച്ചി, വെളുത്തോളി എന്നീ പ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നു. കരിങ്കല്ല് ഖനനം ചെറിയ തോതിൽ പഞ്ചായത്തിലെ ഒന്നാംവാർഡ് പ്രദേശമായ കരിച്ചേരിയിൽ നിലവിലുണ്ട്. മരമില്ല്, റൈസ്മില്ല്, സ്റ്റീൽ ഡിസൈനിംഗ് യൂണിറ്റ്, പപ്പട നിർമ്മാണ യൂണിറ്റ്,ഐസ്പ്ലാൻറ്, സോഡ ഫാക്ടറി, പ്രിൻറിഗ് പ്രസ്സ്, ബീഡി,ബേക്കറി യൂണിറ്റ് തുടങ്ങിയവ നിലവിലുണ്ടെങ്കിലും സംരംഭകരുടെ ഉപജീവനത്തിലുപരി വ്യാവസായികാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല.

രണ്ടു ദിനേശ് ബീഡി യൂണിറ്റുകൾ (അമ്പങ്ങാട്ടും പള്ളിക്കരയിലും) പ്രവർത്തിക്കുന്നതിനു പുറമെ സ്വകാര്യ മേഖലയിലും ഒട്ടേറെസ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഈ മേഖലയിലുയർന്നിട്ടുള്ള പ്രതിസന്ധി അതിജീവിക്കുവാൻ പ്രസ്തുത വിദ്യാലയം പ്രയാസപ്പെടുന്നതു കാരണം തൊഴിലാളികൾ പ്രത്യേകിച്ച് പുരുഷന്മാർ ഈ രംഗം കൈവിട്ട് മറ്റു ജോലികളിൽപ്രവേശിക്കുന്നതായി കാണുന്നു. കൂടാതെ തൊഴിൽ സുരക്ഷിതത്വമില്ലായ്മയും തൊഴിൽമേഖലയിലുള്ള അനിശ്ചിതത്വവും സ്വകാര്യ ബിഡിമേഖലയിൽ നിലനിൽക്കുന്നു. അതിനാൽ വീഡി തൊഴിലാളികൾ തങ്ങളുടെ ഭാവിയെക്കുറിച്ച് ആശങ്കാകുലരാണ്.

മൺപാത്രവ്യവസായത്തെ ആശ്രയിച്ച് ഏതാണ്ട് ഇരുപതോളം കുടുംബങ്ങളാണ് ഉപജീവനം നടത്തുന്നത്. നൂറോളം പേർ തൊഴിൽ കണ്ടെത്തുന്ന ഈ മേഖല തകർച്ചയുടെ വക്കിലാണ്.കളിമണ്ണ് ലഭിക്കുവാനുള്ള ബുദ്ധിമുട്ടും വിറകും വൈക്കോലും ശേഖരിക്കുന്നതിനുള്ള പ്രയാസവും ഈ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നു. കളിമണ്ണ്ഇപ്പോൾ ലഭിക്കുന്നത് മാപ്പിലങ്ങാട്ടുള്ള വയലിൽ നിന്നാണ്. കളിമണ്ണെടുക്കുന്ന കുഴികൾക്ക് പകരം മണ്ണിട്ടു നികത്തണമെന്ന വ്യവസ്ഥയിലാണ് ഭൂവുടമകൾ വയലുകളിൽ നിന്ന് മണ്ണെടുക്കാൻ അനുവദിക്കുന്നത്. തൊട്ടടുത്തുള്ളസ്ഥലങ്ങളിൽ നിന്നും നികത്തുന്നതിനുള്ള മണ്ണ് ലഭിക്കാത്തതുകൊണ്ട് ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന സംരംഭകർ ഏറെ വിഷമിക്കുന്നു.

പഞ്ചായത്തിലെ ഏറ്റവും വലിയ തൊഴിൽ ദായക മേഖലയാണ് ചെങ്കൽ-കരിങ്കൽ ഖനനമേഖല. ഏകദേശം ആയിരത്തി അഞ്ഞൂറോളം ആളുകൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. യന്ത്രവൽകരണ നയം ദീർഘകാല സാധ്യതയെ ബാധിക്കുന്നെങ്കിലും തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നില്ലെന്നാണ് പൊതുവെയുള്ള അഭിപ്രായം.

നെല്ലിയടുക്കം, കോട്ടക്കുന്ന്,എന്നീ പ്രദേശങ്ങളിൽ ചക്ലിയ വിഭാഗക്കാർ ചുണ്ണാമ്പു നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. പ്രോത്സാഹനം ലഭിക്കാത്തതുകൊണ്ട് ഈ വ്യവസായവും അന്യം നിന്നു പോകുന്ന അവസ്ഥയിലാണ്.

തടിവ്യവസായവുമായി ബന്ധപ്പെട്ട നാല് ഈർച്ചമില്ലുകളും ഒരുപ്ലൈവുഡ് യൂണിറ്റുമാണ് പഞ്ചായത്തിലുള്ളത്. കോഹിനൂർ വുഡ് ഇൻഡസ്ട്രീസ് , മൗവ്വൽ, സെൻട്രൽ വുഡ് ഇൻഡ്സ്ട്രീസ് പള്ളിക്കര, പള്ളിക്കര ടിമ്പർ ഇൻഡ്സട്രീസ്, ത്രീ സ്റ്റാർ വുഡ് ഇൻഡസ്ട്രീസ്, എന്നിവയാണ് അവ. ഈ മില്ലുകൾക്ക് ആവശ്യമുള്ള മരം പ്രധാനമായും ലഭിക്കുന്നത് അയൽ സംസ്ഥാനമായ കർണാടകയിൽ നിന്നാ

ണ്. ഈ അഞ്ചു ജില്ലകളിലുമായി 78 പുരുഷന്മാരും ഒരു സ്ത്രീയുമാണ് ജോലി ചെയ്യുന്നത്.

പള്ളിക്കരയിൽ സ്ഥിതി ചെയ്യുന്ന ഏകപ്രിൻറിംഗ് പ്രസ് ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. വൈവിധ്യവൽക്കരണ (ഓഫ്സെറ്റ്)ത്തിൻെറ അഭാവം ഈ പ്രസിൻെറ പ്രവർത്തനത്തെ ബാധിക്കുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയെല്ലാം ഓർഡർ ലഭിക്കുകയാണെങ്കിൽ ഈ സ്ഥാപനം നന്നായി നടത്തികൊണ്ട് പോകാൻ കഴിയുമെന്നതിൽ സംശയമില്ല.

അമ്പങ്ങാട്ടിനടുത്ത് സ്ഥാപിച്ച സോപ്പ് നിർമാണ യൂണിറ്റ് ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. വൈദ്യുതി ലഭിക്കാത്തതിനാലാണ് ഈ ഫാക്ടറി പ്രവർത്തിക്കാത്തത്.

പഞ്ചായത്തിൽ രണ്ട് പൂർണ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നെങ്കിലും പഞ്ചായത്തിനാവശ്യമായ മുഴുവൻ പപ്പടം ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല.

മുപ്പതോളം ചെറുകിട വ്യവസായ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നെങ്കിലും ചില സംരംഭങ്ങൾ മാത്രമേ പുരോഗതി കൈവരിച്ചിട്ടുള്ളൂ എന്ന് കാണാം. പശ്ചാത്തല സൗകര്യങ്ങളുടെ പരിമിതി, സാങ്കേതിക പരിചയക്കുറവ്, പരിശീലനത്തിൻെറ അഭാവം, ധനകാര്യസ്ഥാപനങ്ങളുടെ സങ്കീർണ്ണമായ മുൻ ഉപാധികൾ, സർക്കാർ ഏജൻസികളുടെ സമീപനം എന്നിവ വ്യവസായ സംരംഭങ്ങളുടെ വികസനത്തിനു തടസ്സമുണ്ടാക്കുന്നു.

## വ്യവസായ മേഖലയിൽ

## സ്ത്രീകളുടെ പങ്കാളിത്തം

നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളിൽ തൊഴിൽ ചെയ്യുന്നതിൽ പുരുഷന്മാരുടെ ആധിപത്യം വളരെ കൂടുതലാണ്.എന്നാൽ ബീഡി തെറുപ്പ്, തയ്യൽ, കെട്ടിട നിർമ്മാണം, എന്നീമേഖലകളിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കാണാം. നിലവിലുള്ള ബീഡി തൊഴിലാളികളിൽ 95 ശതമാനത്തിലധികം സ്ത്രീകളാണ്. താരതമ്യേന കുറഞ്ഞകൂലി, മറ്റുമേഖലകളിലെ ഉയർന്ന കൂലി നിരക്ക് എന്നീ കാരണങ്ങളാൽ ഈ മേഖലയിൽ നിന്ന് പുരുഷന്മാർ ഒഴിഞ്ഞു പോകുന്നതായി കാണുന്നു. അടുത്ത കാലത്തായി നിർമാണരംഗത്ത് സ്ത്രീ തൊഴിലാളികളുടെ എണ്ണത്തിലുള്ള വർധന ശ്രദ്ധേയമാണ്.

ഡി.ഡബ്ല്യു.ആർ.സി. പദ്ധതിപ്രകാരം രൂപപ്പെട്ട സംഘങ്ങളുടെ വിവരം

| | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങൾ | കാര്യക്ഷമത സംബന്ധിച്ചകുറിപ്പ് |
|---|---|---|---|---|
| 1 | കോഴി വളർത്തൽ (മൊട്ടനടി) | 95-96 | 14 | തൃപ്തികരം |
| 3 | മൺപാത്ര നിർമ്മാണം (കുന്നൂച്ചി) | 94-95 | 10 | തൃപ്തികരം |
| 1 | പാറ പൊട്ടിക്കൽ (കരിച്ചേരി) | 94-95 | 12 | നല്ല രീതിയിൽ പ്രവർത്തിക്കുന്നു |

ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതിപ്രകാരം മൂന്നു യൂനിറ്റുകൾ തുടങ്ങിയതിൽ പാറപൊട്ടിക്കൽ യൂണിറ്റിൻെറ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നു മറ്റുയൂനിറ്റുകളുടെപ്രവർത്തനം തൃപ്തികരമാണെങ്കിലും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.

സ്ത്രീകൾക്ക് തുടങ്ങുവാൻ പറ്റുന്ന ഒട്ടേറെ ചെറുകിട വ്യവസായ യൂനിറ്റുകൾക്ക് സാധ്യത പഞ്ചായത്തിലുണ്ട്. സോപ്പ് നിർമ്മാണം,പപ്പട നിർമാണം, റെഡിമെയ്ഡ് ഗാർമെൻറ്സ്, പട്ട് നൂൽ വ്യവസായം, ചിപ്സ് നിർമ്മാണയൂണിറ്റ്, അച്ചാർ, ബേക്കറി, എംബ്രോയിഡറി എന്നിവയാണ് അവ.

## സാധ്യതകൾ

വളരെയധികം വ്യവസായ സാധ്യതകളുള്ള ഒരു പ്രദേശമാണിത്. മറ്റ് പഞ്ചായത്തിലെ വ്യവസായിക യൂനിറ്റുകളിൽ ജോലിചെയ്യുന്ന ഒട്ടേറെ ആളുകൾ ഇവിടെയുണ്ട്. കൂടാതെ അയൽ സംസ്ഥാനമായ കർണാടകയിൽ വിവിധ വ്യവസായസംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന യുവതിയുവാക്കളെയും കാണാം.

നിലവിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന മേഖലകളിൽ(ഉദാ. ഇറച്ചിക്കോഴി, മുട്ട തുടങ്ങിയവ) ചെറുകിട വ്യവസായ യൂനിറ്റുകൾതുടങ്ങാൻ നല്ലസാധ്യതയുണ്ട്. റെഡിമെയഡ് ഗാർമെൻറ്സ്, പപ്പട നിർമ്മാണം, പഴം സംസ്കരണ യൂണിറ്റ്, നാളികേരം ഉപയോഗിച്ചുള്ള പാനീയങ്ങൾ, അച്ചാർ, ചിരട്ട, നേന്ത്രക്കായ, കപ്പ, ചക്ക, തുടങ്ങിയവയുപയോഗിച്ചുള്ള ചിപ്സ് നിർമ്മാണം, കൈതച്ചക്ക,കശുമാങ്ങ, മാങ്ങ എന്നിവയുടെ സംസ്കരണ യൂണിറ്റ് തുടങ്ങിയവയക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

പ്ലാസ്റ്റിക്, ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ്, ചെരുപ്പ് നിർമ്മാണം എന്നീമേഖലകളിൽ വൻ സാധ്യതകൾ കാണുന്നു. ഫർണിച്ചർയൂണിറ്റ്, കയർവ്യവസായം, ഇലക്ട്രോണിക്സ് അസംബ്ലിംഗ് തുടങ്ങിയവ ആസൂത്രിതമായിപ്രയോജനപ്പെടുത്തുകയാണെങ്കിൽ ധാരാളം തൊഴിലവസരങ്ങൾ ഈ മേഖലകളിൽ ഉണ്ടാക്കുവാൻ സാധിക്കും.

പള്ളിക്കര പഞ്ചായത്തിൽലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായ യൂനിറ്റുകൾ പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

പട്ടിക-2

| ക്രമ നമ്പർ | വിഭാഗം |
|---|---|
| 1 | നേന്ത്രക്കായ, കപ്പ, ചക്ക,എന്നി ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മാണ യൂണിറ്റ് |
| 2 | ബേക്കറി ഉൽപ്പന്നങ്ങൾ |
| 3 | തേങ്ങാ ക്രീം, തേങ്ങാ പൗഡർ |
| 4 | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയനങ്ങൾ |
| 5 | ചകരി വ്യവസായം. |
| 6 | കൊപ്ര വ്യവസായം. |
| 7 | ചിരട്ട കൊണ്ടുള്ള കരകൗശലവസ്തുക്കൾ |
| 8 | തെങ്ങിൻതടി ഉപയോഗിച്ചുള്ള ഫർണിച്ചർ. |
| 10 | പഴം ജാമുകൾ (കൈതച്ചക്ക, മാങ്ങ, എന്നിവ ഉപയോഗിച്ച് |
| 11 | വെളിച്ചണ്ണ |
| 12 | കന്നുകാലിത്തീറ്റ |
| 13 | അലങ്കാരപ്പണി ചെയ്ത മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ |

മുകളിൽകൊടുത്തിരിക്കുന്ന ഉൽപ്പന്നങ്ങൾക്കാവശ്യമായ എല്ലാവിധ അസംസ്കൃത പദാർത്ഥങ്ങളും പഞ്ചായത്തിനകത്ത് ലഭ്യമാണ്. എന്നാൽ എല്ലാമേഖലകളിലും സാങ്കേതിക വൈദഗ്ധ്യം തെളിയിച്ചതൊഴിലാളികളുടെ അഭാവം പഞ്ചായത്തിൽ ഒരു പ്രശ്നമായി അവശേഷിക്കുന്നു. ഭാരിച്ച സാമ്പത്തിക ബാധ്യതകളോ ഉന്നത നിലവാരത്തിലുള്ളസാങ്കേതികവിദ്യകളോ ആവശ്യമില്ലാത്ത ഇത്തരം മേഖലകൾ പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്.

കാലത്തീറ്റ നിർമാണത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾപഞ്ചായത്തിനകത്ത് ലഭ്യമാണെങ്കിലും ഈ രംഗത്ത് ആരും മുന്നോട്ട് വന്നിട്ടില്ല.

നല്ല വിപണന സാധ്യതകളുള്ള പഴം സംസ്കരണ യൂണിറ്റുകൾക്ക് ആവശ്യമായ ചക്ക,മാങ്ങ, കശുമാങ്ങ എന്നിവ ഇവിടെസുലഭമാണെങ്കിലും ഇതിനുവേണ്ടുന്ന സാങ്കേതിക പരിശീലന ലഭിച്ചവർ കുറവാണ്. സി.പി.എഫ്..ആർ.ഐ. മൈസൂർ എന്നസ്ഥാപനത്തിൽ ഇതിനാവശ്യമായ പരിശീലനവും ഉപദേശവും ലഭ്യമാണ്. താൽപര്യമുള്ള യുവതീ യുവാക്കളെ ഈ ഖേലയിലേക്ക് ആകർഷിക്കുവാൻ പറ്റിയപദ്ധതിപഞ്ചായത്തിനു ആവിഷ്കരിക്കുവാൻസാധിച്ചാൽ തൊഴിലില്ലായ്മ ഒരുപരിധിവരെ നിയന്ത്രിക്കുവാൻ സാധിക്കും. വിപണനസാധ്യതയേറിയ മറ്റൊരു സംരംഭമാണ് അവിൽ നിർമ്മാണം. പപ്പട നിർമ്മാണം, അച്ചാർ എന്നീമേഖലകളിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ പഞ്ചായത്തിനു സാധിച്ചിട്ടില്ല.

പഞ്ചായത്തിനകത്ത് ചില പ്രദേശങ്ങളിൽ മൾബറി കൃഷി ചെയ്തിട്ടുണ്ടെങ്കിലും സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം ഇതിന്റെ വിജയപ്രദമായ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഉദുമ, പള്ളിക്കര പഞ്ചായത്തുകളുടെ അതിർത്തിയിലെ മൈലാട്ടിയിൽ സിൽക്ക് റീലിംഗ് യൂണിറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും കർഷകർക്കുവേണ്ടനിർദ്ദേശങ്ങളും ഉൽപ്പന്നങ്ങൾ സംഭരിക്കുവാനുള്ള സൗകര്യവും പട്ടുനൂൽ പുഴുക്കളെ ലഭിക്കാനുള്ള ഏർപ്പാടുകളും ചെയ്താൽ ഈ വ്യവസായത്തിനു വൻസാധ്യതകൾ ഉണ്ട്.

വിപണന സാധ്യതകയുള്ളതും നിക്ഷേപം ചുരുങ്ങിയതുമായ വ്യവസായങ്ങളുടെ വിവരങ്ങൾ പട്ടിക മൂന്നിൽ കൊടുക്കുന്നു.

പട്ടിക-3

| ക്രമ നമ്പർ | വിഭാഗം |
|---|---|
| 1 | ആധുനിക രീതിയിലുള്ള ആയുർവേദ മരുന്ന് നിർമ്മാണം |
| 2 | പ്ലാസ്റ്റിക്ഉൽപ്പന്നങ്ങൾ. |
| 3 | വാതിൽ, ജനൽ, മുറിവിഭജ്ജം എന്നിവയ്ക്ക് വേണ്ടിയുള്ള അലുമീനിയം ഫാബ്രിക്കേഷൻ |
| 4 | അലുമിനിയം പാത്രങ്ങൾ. |
| 5 | ഓട്ടോ റബ്ബർ പാർട്സ് (ബ്രഷ്, എഞ്ചിൻ മൗണ്ടിംഗ്, ഓയിൽസീൽ തുടങ്ങിയവ) |
| 6 | ക്ലീനിംഗ് പൗഡർ |
| 7 | ഹവായ് ചെരുപ്പ്നിർമ്മാണം. |
| 8 | സ്റ്റീൽ ഡിസൈനിംഗ് |
| 9 | ജനറൽ എഞ്ചിനീയറിംഗ് |
| 10 | ഇലക്ട്രോണിക്സ് സാധനങ്ങൾ |
| 11 | ഇനാമൽ പെയിന്റ് നിർമ്മാണം. |
| 12 | ശാസ്ത്രീയമായ കോഴി വളർത്തൽ |
| 13 | സിൽക്ക് റീലിംഗ് യൂണിറ്റ്. |
| 14 | അടയ്ക്കാ സംസ്കരണം |
| 15 | സ്കൂൾ ബാഗ് നിർമാണം. |
| 16 | ഫാൻസി ലതർ ഗുഡ്സ് |
| 17 | സ്വിച്ച് ബോർഡ് |
| 18 | റെഡിമെയ്ഡ് ഗാർമെൻറ്സ് |
| 19 | സോഫ്റ്റ് ഡ്രിങ്ക്സ് |
| 20 | സോപ്പ് നിർമ്മാണം |
| 21 | വാച്ച് അസംബ്ലിംഗ്യൂണിറ്റ് |

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ഒരു ആസൂത്രണ പദ്ധതി തയ്യാറാക്കിയാൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും.

ഗ്രാമസഭകളിൽ നിന്ന് താഴെ പറയുന്ന നിർദ്ദേശങ്ങളാണ്ഉയർന്നു വന്നിട്ടുള്ളത്.

## നിർദ്ദേശങ്ങൾ

1.പഞ്ചായത്തിൽ ഒരു വ്യവസായം എസ്റ്റേറ്റ് തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ വ്യവാസയ സംരംഭകർക്ക് ലഭ്യാക്കുക.

2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ പഞ്ചായത്തിൽ തന്നെ വിപണനം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

3. കയർ വ്യവസായം തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുക.

4. വ്യവസായം തുടങ്ങുന്നതിനു താൽപര്യമുള്ള സംരംഭകരെ കണ്ടെത്തി പരിശീലനം നൽകുക. ജില്ലയിൽ ഇതിനായി ഒരു പരിശീലന കേന്ദ്രംതുടങ്ങണം.

5. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് നവീന രീതികളെപ്പറ്റിയും അതിന്റെ സാധ്യതകളെപ്പറ്റിയും വിദഗ്ധപരിശീലനം നൽകുക. (സ്ഥാപനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി മദ്രാസ്)

6. വ്യവസായ സംരംഭകർക്ക് വൈദ്യുതി ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടിസ്വീകരിക്കുക.

7. കരകൗശലരംഗത്ത് വൈദ്യുതി ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

8. കപ്പകൃഷി വ്യാപകമാക്കി ചിപ്സ് . നിർമാണയൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുക.

9. ഗൾഫിൽ നിന്ന് വിസ നഷ്ടപ്പെട്ട് നാട്ടിലെത്തിയവർക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സഹായം ചെയ്തുകൊടുക്കുക.

10. കൈത്തറിമേഖലയിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായസംവിധാനം ഉണ്ടാക്കുക.

11. അമ്പങ്ങാട്ട് സോപ്പ് നിർമ്മാണയൂണിറ്റ് തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതികണക്ഷൻ നൽകുക.

12. വ്യവാസയം തുടങ്ങുനനതിനാവശ്യമായ ധനസ്ഹായംലഭിക്കുന്നതിനു ആവശ്യമായസ്ഹായം സംഭകർക്ക് പഞ്ചായത്ത് മുഖേന ചെയ്തു കൊടുക്കുക.

13. വ്യവസായസംരംഭകരെ നിരുത്സാപ്പെടുത്തുന്ന രീതിയിലുള്ള സർക്കാർ ഏജൻസികളുടസമീപനം മാറ്റുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യുക.

14. മൺപാത്രനിർമാണം വൈവിധ്യവൽക്കരിക്കുന്നതിനു പ്രോത്സാഹനം നൽകുക.

15. കശുവണ്ടിസംസ്കരണ യൂണിറ്റ്ആരംഭിക്കുക.

# 5-4
# വിദ്യാഭ്യാസം



# വിദ്യാഭ്യാസം

ഒരു പ്രദേശത്തിന്റെ ബൗദ്ധികവും സാംസ്ക്കാരികവുമായ ഉയർച്ച ആ പ്രദേശത്ത് നടന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ദേശീയമായ ഒരു പുത്തനുണർവ്വ് സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഉണ്ടായിരുന്നു.അനൗപചാരികമായി ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ കർഷ ക സംഘങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വായനയിലൂടെയും ചർച്ചകളിലൂടെയും ലോകഗതി മനസിലാക്കിയിരുന്നു ദേശീയ ബോധം ഉൾക്കൊള്ളുന്നതിനും സ്വാതന്ത്ര്യ സമരത്തിൽ തങ്ങളുടേതായ സംഭവനകൾ നൽകുകയും രാജ്യത്തിനുവേണ്ടി സ്വന്തം ജീവൻ പൊടിപൊടിക്കുകയും ചെയ്ത കർഷക മക്കളുടെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്ന ഒരു ജന സമൂഹം നമ്മുടെ ജില്ലയിൽ ഇന്നും ഉണ്ട്.

പള്ളിക്കര പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശത്തിന് ഇത്തരം അഭിമാനം വച്ചു പുലർത്തുവാനുള്ള അവസരം നിർഭാഗ്യവശാൽ ലഭിച്ചില്ല. എന്ന തന്നെ പറയാം. വിദ്യാഭ്യാസ രംഗത്തെ പിന്നോക്ക വസ്ഥ സ്വാതന്ത്യസരത്തിലും മറ്റ് പ്രവർത്തനങ്ങളിലും പ്രതിഫലിക്കയും ചെയ്തു. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷമുള്ള അരനൂറ്റാണ്ടുകൊണ്ട് മാറ്റങ്ങളുണ്ടായെങ്കിലും ഇനിയും ഈപ്രദേശത്തിന് വളരെ ദൂരം മുന്നോട്ടു പോകാനുണ്ട്.വിദ്യാലയങ്ങളുടെ എണ്ണവും പഠിക്കുന്ന കുട്ടികളുടെ സംഖ്യയും വിദ്യാഭ്യാസ നിലവാരത്തെ കുറിക്കുന്നില്ലെങ്കിലും വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെകുറിച്ചുണ്ടായ പൊതുബോധത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്.

പനയാൽ,കീക്കാൻ,ബേക്കൽഎന്നിവിടങ്ങളിൽ വാസമുറപ്പിച്ച കർണ്ണാടക വിഭാഗക്കാരാണ് ഈ പ്രദേശത്ത് സ്കൂളുകൾ ആംഭിച്ചത്.തങ്ങളുടെ കുട്ടികൾ കർണ്ണാടക ഭാഷയിൽത്തന്നെ വിദ്യ അഭ്യസിക്കുന്നതിനു വേണ്ടിയാണ്. ഈവിഭാഗത്തിലെ ചില പ്രമാണിമാർ മുൻ കൈയെടുത്ത് വിദ്യാലയങ്ങൾ ആരംഭിച്ചത്.ഇന്നത്തെ പനയാൽ ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ,അഗസറ ഹൊളെ ജി.യു.പി.സ്കൂൾ,ജി.യു.പി.എസ് കീക്കാൻ എന്നിവയാണ് ആദ്യകാല വിദ്യാലയങ്ങൾ.1865-ലാണ് നെല്ലിയടുക്കത്ത് പനയാൽ എൽ.പി.ആരംഭിച്ചത്.അക്കാലത്ത് പള്ളിക്കരയിലെ മുസ്ലിം സമുദായത്തിൽ പ്പെട്ടവർക്ക് പൊതു വിദ്യാഭ്യാസത്തോട് കാര്യമായ ആഭിമുഖ്യ മുണ്ടായിരുന്നില്ല.എന്നാൽ അപൂർവ്വം ചിലർ അക്കാലത്ത് പ്രവർത്തിച്ചിരുന്ന മത പാഠശാലകളിൽ നിന്ന് അനൗപചാരികമായി വിദ്യാഭ്യാസം നേടിയിരുന്നു.1897-1905 കാലത്ത് ബേക്കലിൽ ആരംഭിച്ച ഇസ്ലാമിയ സ്കൂളും പൂച്ചക്കാട് ആരംഭിച്ച് പിന്നീട് കല്ലിങ്കാലിലേക്ക് മാറ്റി സ്ഥാപിച്ച എൽ .പി സ്കൂളുമാണ് ഈവിഭാഗത്തെ പൊതു വിദ്യാഭ്യാസ രംഗത്തേക്ക് കൊണ്ടുവന്ന വിദ്യാലയങ്ങൾ.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അരവത്ത് വാഴുന്നവരുടെ സംരക്ഷണയിലും ചില വ്യക്തികളുടെ ചുമതലയിലും അരവത്ത്,തച്ചങ്ങാട്എന്നിവിടങ്ങളിൽ എഴുത്തുപള്ളികൾ(എഴുത്തൂട്) നിലവിൽ വന്നു. അരവത്തെ എഴുത്ത് പള്ളിയിൽ ഉയർന്ന സമുദായക്കാർ മാത്രമേ പഠിച്ചിരുന്നുള്ളൂ.തച്ചങ്ങാട്ടെ വിദ്യാലയത്തിൽ ഫീസുകൊടക്കാൻ കഴിവുള്ള മറ്റുസമുദായക്കാരും പഠിച്ചിരുന്നു.അയിത്തവും,സാമ്പത്തികപരാധീനതയും ഭൂരിപക്ഷം വരുന്ന പിന്നോക്ക വിഭാഗങ്ങളെ വിദ്യ അഭ്യസിക്കുന്നതിൽ നിന്നും അകറ്റി നിർത്തി.

കൂക്കൾ ചിണ്ടൻ നായർ 1947-ൽ പനയാലിൽ സ്ഥാപിച്ച ശ്രീമഹാലിംഗേശ്വര സ്കൂളാണ് ഇവിടെ പൊതുവിദ്യാഭ്യാസത്തിന് അടിത്തറയിട്ടതെന്നുപറയാം.

ഗവൺമെൻറ് മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് ഹൈസ്കൂളും,ഒരു സ്വകാര്യ വിദ്യാലയമുൾപ്പെടെ ആറ് യു.പി.സ്കൂളുകളും ആറ് എൽ പി സ്കൂളുകളുമാണ് . പൊതു വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടുന്നത്.ഇവ കൂടാതെ യു.പി.വിഭാഗത്തിനു മാത്രം അംഗീകാരമുള്ള ഇസ്ലാമിക് നഴ്സറിആൻറ് പ്രൈമറി സ്കൂൾ പള്ളിക്കരയും ,എൽ.പി.വിഭാഗവും നഴ്സറിയുമുള്ള സെൻറ് മേരീസ് സ്കൂളും പ്രവർത്തിക്കുന്നു.

ഒരു പാരലൽ കോളേജ്(മഹാത്മാ കോളജ്-പെരിയാട്ടടുക്കം)പെരിയാ റോഡിൽ പ്രവർത്തിക്കുന്ന ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയാണ് പഞ്ചായത്തിലെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

സ്കൂളുകളുടെ വിവരങ്ങൾ

പട്ടിക-1

| നമ്പർ വിദ്യാലയത്തിൻെറപേര് | വിദ്യാർത്ഥികളുടെ എണ്ണം | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| 1 ഗവ:എൽ.പി.പനയാൽ | 139 | 108 | 247 |
| 2. ഇസ്ലാമിയ.എൽ.പി. ബേക്കൽ | 171 | 188 | 359 |
| 3.ആർ.എ.എൽ.പി.മൗവ്വൽ | 150 | 148 | 298 |
| 4.ഗവ:വെൽഫെയർ എൽ.പി.പള്ളിക്കര | 106 | 109 | 215 |
| 5.ഗവ:എൽ.പി.ചെറക്കാപ്പാറ | 71 | 49 | 120 |
| 6.ഗവ:എൽ.പി.ചേറ്റുകുണ്ട് | 63 | 51 | 114 |
| 7.ഗവ:യു.പി അഗസറഹൊളെ | 343 | 356 | 699 |
| 8.ഗവ:യു.പി.കീക്കാൻ | 349 | 296 | 645 |
| 9.ഗവ:യു.പി.കരിച്ചേരി | 129 | 113 | 242 |
| 10.മഹാലിംഗേശ്വര യു.പി.പനയാൽ | 262 | 238 | 500 |
| 11.ഗവ:യു.പി.പള്ളിക്കര | 493 | 476 | 969 |
| 12.ഗവ:യു.പി.കൂട്ടക്കനി | 192 | 181 | 373 |
| 13.ഗവ: ഹൈസ്കൂൾ പള്ളിക്കര | 426 | 467 | 893 |
| 14.ഗവ:ഹൈസ്കൂൾ.തച്ചങ്ങാട് | 480 | 452 | 932 |
| 15.ഗവ:ഹൈസ്കൂൾ.പാക്കം | 458 | 449 | 907 |
| | 3832 | 3681 | 7513 |

പഞ്ചായത്തിലെ വിദ്യാലയങ്ങൾ അധികവും ഗവൺമെൻറ് മേഖലയിൽ പ്രവർത്തിക്കുന്നു.മിക്ക വിദ്യാലയങ്ങളിലും ആവശ്യം വേണ്ട സൗകര്യങ്ങൾ പോലും ഇല്ല.

ഭാഗികമായി അംഗീകാരംലഭിച്ച ഇസ്ലാമിക് നഴ്സറി ആൻറ് പ്രൈമറി സ്കൂളിലും,അംഗീകാരം ലഭിച്ചിട്ടില്ലാത്ത സെൻറ്മേരീസ് നഴ്സറി ആൻറ് എൽ.പി.സ്കൂളിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം പട്ടികയായി കൊടുത്തിരിക്കുന്നു.ഈരണ്ട് വിദ്യാലയങ്ങളിൽ മാത്രമേ നഴ്സറി ക്ലാസ്സുകൾ നടക്കന്നുള്ളൂ.

(പട്ടിക-2)

| നമ്പർ സ്കൂളിൻെറ പേർ | നഴ്സറി | | | എൽ.പി | | | യു.പി. | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1.ഇസ്ലാമിയ നഴ്സറി ആൻറ് പ്രൈമറി സ്കൂൾ പള്ളിക്കര | 129 | 96 | 225 | 210 | 162 | 372 | 69 | 45 | 94 |
| 2.സെൻറ് മേരീസ് നഴ്സറി ആൻറ് എൽ.പിസ്കൂൾ | 71 | 57 | 128 | 42 | 40 | 82 | - | - | - |
| | 200 | 153 | 353 | 252 | 202 | 454 | 69 | 45 | 94 |

പെരിയ നവോദയ വിദ്യാലയം,ഗവണ്മെൻറ് പോളിടെക്നിക് എന്നീ സ്ഥാപനങ്ങൾ പഞ്ചായത്തതിർത്തിയിൽ സ്ഥിതി ചെയ്യുന്നു.പുല്ലൂർ-പെരിയ പഞ്ചായത്തിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്.

ഉപരിപഠനത്തിനുവേണ്ടി പഞ്ചായത്തിലെ വിദ്യാർത്ഥികൾ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു. കാഞ്ഞങ്ങാട് ,നീലേശ്വരം,പയ്യന്നൂർ,കാസറഗോഡ്,മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് കൂടുതൽ കുട്ടിക്കളും പോക്കുന്നത്.സാമ്പത്തിക പരാധീനത മൂലം മിടുക്കന്മാരായ പലകുട്ടികളും പത്താം ക്ലാസ്സോടെ പഠനം മതിയാക്കുന്ന ദു:ഖകരമായ അവസ്ഥയും നില നില്ക്കുന്നുണ്ട്.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പൊതു വിദ്യാലയങ്ങളെ വല്ലാതെ വിഷമിപ്പിക്കുന്നു.എല്ലാ പൊതു വിദ്യാലയങ്ങൾക്കും ഇല്ലായ്മയുടെ കഥകളേ പറയാനുള്ളു.ക്ലാസ്സ് മുറികളില്ലാത്തവയും,ഓഫീസ് മുറിയില്ലാത്തവുമായ ധാരാളം സ്കൂളുകളുണ്ട്.

പട്ടിക-3

## വിദ്യാലയ സൗകര്യങ്ങൾ

- ഹൈസ്കൂളുകൾ

ഗവൺമെൻറ് ഹൈസ്കൂൾ പാക്കം

458 ആൺ കുട്ടികളും 449 പെൺകുട്ടികളുമുൾപ്പെടെ 907 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ താരമമ്യേന മെച്ചപ്പെട്ട അധ്യായന നിലവാരം പുലർത്തുന്ന ഒരു വിദ്യാലയമാണ് ഇത്. കുട്ടികൾ അധികവും പിന്നോക്ക സമുദായങ്ങളിലും പട്ടിക ജാതിയിലും പെട്ടവരാണ്. ഒന്നുമുതൽ പത്തുവരെ ക്ലാസുകൾ നടക്കുന്ന ഇവിടെ സ്ഥലപരിമിതിയാണ് പ്രധാന പ്രശ്നം. ഡിവിഷനുകൾ അനുവദിക്കപ്പെടാത്ത അവസ്യുള്ളതുകൊണ്ട് രണ്ടും മൂന്നും ഡിവിഷനുകളിലെ കുട്ടികൾ ഒന്നിച്ചിരുന്നാണ് പഠനം നടത്തുന്നത് പേരിനുള്ള ഓഫീസ് മുറി നിന്നുതിരിയാൻ ഇടമില്ലാത്തതാണ്.ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന്സൗകര്യം മില്ലാത്തതുകൊണ്ട് പ്രവർത്തിക്കുന്നില്ല. ലബോറട്ടറി ഉപകരണങ്ങളും പുസ്തകങ്ങളും ഒന്നിച്ച് കൂടിയ അവസ്തയിലാണ് . സ്റ്റാഫ് റൂം ഇല്ല. 1967 പാക്കം ഗവ യു.പി സ്കൂളിനുവേണ്ടി വർഷങ്ങളായി നിർമ്മിച്ച പ്രധാന കെട്ടിടം റിപ്പയർ ചെയ്യാതായിട്ട് വളരെ വർഷങ്ങളായി.

| നമ്പർ | വിദ്യാലയത്തിന്റെ പേര് | വിസ്തീർണം | ഓഫീസ് | സ്റ്റാഫ് റൂം | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കുടിവെള്ള സംവിധാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ: ഹൈസ്കൂൾ, പാക്കം | 3.28 | ഉണ്ട് | ഇല്ല | ഉണ്ട്. (റൂം ഇല്ല) | ഉണ്ട് | ഒന്ന് | ഒന്ന് | ഉണ്ട് | ഉണ്ട് | 50 സെ: | ഒന്ന് |
| 2. | ഗവ: ഹൈസ്കൂൾ, പള്ളിക്കര | 2.63 | ഉണ്ട് | ഉണ്ട് | ഉണ്ട് (റൂം ഇല്ല) | ഉണ്ട് | ഒന്ന് | ഇല്ല | ഇല്ല | ഉണ്ട് | 2 ഏക്കർ | ഇല്ല. |
| 3 | ഗവ: ഹൈസ്കൂൾ, തച്ചങ്ങാട് | 3.83 | ഉണ്ട് | ഉണ്ട് | ഉണ്ട് (റൂം ഇല്ല) | ഇല്ല | ഒന്ന് | ഇല്ല | ഇല്ല | ഭാഗികം | 2-ഏക്കർ | ഇല്ല. |
| 4. | ഗവ: യു.പി.സ്കൂൾ, അഗസറഹൊളെ | 1.69 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഒന്ന് | ഒന്ന് | ഇല്ല | ഇല്ല | 80 സെ: | ഇല്ല. |
| 5. | ഗവ: യു.പി. സ്കൂൾ, കീക്കാൻ | 0.46 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഒന്ന് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഒന്ന്. |
| 6 | ഗവ: യു.പി. സ്കൂൾ, കരിച്ചേരി | 3.50 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | മൂന്ന് | രണ്ട് | ഇല്ല | ഇല്ല | 3. ഏക്കർ | ഇല്ല |
| 7 | S.M.A.U.P.S. പനയാൽ | 3.00 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഒന്ന് | രണ്ട് | ഇല്ല | ഇല്ല | 1.50 | ഇല്ല |
| 8 | ഗവ: യു.പി. സ്കൂൾ, പള്ളിക്കര | 0.70 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | രണ്ട് | രണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 9 | ഗവ: യു.പി. സ്കൂൾ, കൂട്ടക്കനി | 2.02 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഒന്ന് | ഒന്ന് | ഇല്ല | ഇല്ല | ഇല്ല | ഒന്ന് |
| 10 | ഗവ: എൽ.പി. പനയാൽ | 3.80 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | രണ്ട് | ഒന്ന് | ഉണ്ട് | ഇല്ല | ഇല്ല | ഒന്ന് |
| 11 | ഇസ്ലാമിയ L.P. ബേക്കൽ | 0.13 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 12 | ആർ.എ.എൽ.പി. മവ്വൽ | 2.50 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഒന്ന് | ഒന്ന് | ഉണ്ട് | ഉണ്ട് | 0.22 | ഇല്ല |
| 13 | ഗവ: വെൽഫെയർ L.P. പള്ളിക്കര | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 14 | ഗവ: എൽ.പി സ്കൂൾ, ചെറക്കാപ്പാറ | 3.65 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഒന്ന് | ഒന്ന് | ഇല്ല | ഇല്ല | 0.40 | ഇല്ല |
| 15 | ഗവ: എൽ.പി. ചേറ്റുകുണ്ട്. | 0.92 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഒന്ന് | ഒന്ന് | ഇല്ല | ഇല്ല | 0.40 | ഇല്ല. |
| | പട്ടിക. 3. | വി | ദ്യാ | ല | യ | സൗ | കാ | ര്യ | ങ്ങ | ൾ | – | – |

വാതിലുകളും ജനലുകളും ദ്രവിച്ച് ഏതു നിമിഷവും നിലം പൊത്താവുന്ന നിലയിലാണ്. സദാ വാഹത്തിരക്കുള്ളപള്ളിക്കര -പെരിയ റോഡിൻെറ ഓരം ചേർന്നുനില്ക്കുന്ന ഈ വിദ്യാലത്തിന് മുറ്റം തന്നെയില്ല. ക്ലാസുവിട്ടാൽ നേരെ റോഡിലേക്ക് ഇറങ്ങുന്ന കുട്ടികൾ അപകടം സംഭവിക്കാതിരിക്കാൻ അധ്യാപകർ പെടുന്ന പാട് ചില്ലറയല്ല. ചുറ്റുമതിലിൻെറ അഭാവമാണ് ഈ സ്ഥിതി വിശേഷത്തിന് കാരണം. അധ്യാപക രക്ഷാ കർത്തൃസമിതിയുടെ നിരന്തര പരിശ്രമം മൂലം നിർമ്മിച്ച ഹൈസ്കൂൾ കെട്ടിടം വാതിലുകളോജനവാതികലുകളോ ഇല്ലാതെ രാത്രികാലങ്ങളിൽ നായ്ക്കളുടെ താവളമായി മാറുകയാണ് .ഓഡിയോ വിഷ്വൽ ഉപകരണങ്ങളായി സി. സി. ആർ ടി. നൽകിയ സ്ലൈഡ് പ്രൊജക്ടറും ടേപ്പ് റെക്കോർഡറും പ്രവർത്തിപ്പക്കുന്നതിന് സൗകര്യമില്ല.

അധ്യാപക രക്ഷാകർത്തൃ സമിതി സ്കൂളിനുവേണ്ടി വാങ്ങിയ ഒരോക്കറിലധികം വരുന്ന സ്ഥലം നിരപ്പാക്കി ഇരുനിലയുള്ള ഒരു കെട്ടിടം പണിഞ്ഞാൽ ഈ സ്കൂളിനം അതൊനുരഗ്രമാകും, പഠനത്തിലും പഠ്യേതര പ്രവർതനങ്ങളിലും മുന്നിട്ടിനിലക്കുന്ന ഈ സ്ഥാപനം പഞ്ചായത്തിന് അഭിമാനമായി മാറുകയും ചെയ്യും.

## 2 ഗവ.ഹൈസ്കുൾ തച്ചങ്ങാട്

ഏറ്റവും നല്ല രീതയിൽ വളരെ ക്കാലം പ്രവർത്തിച്ചിരുന്ന ഒരു വിദ്യാലയമാണ് ഇത്. 932 ന്വിദ്യാർത്ഥി കളാണ് ഇവിടെ പഠിക്കുന്നത് .ഇവിടെത്തെയും പ്രധാന പ്രശ്നം ക്ലാസ് മുറികളുടെ അഭാവമാണ്. 1980 കളിൽ ബാഹ്യശക്തികളുടെ അനാവശ്യമായി ഇടപെടലുകളാണ്വിദ്യാലയത്തിൻെറ ഇന്നത്തെ പതനത്തിനുള്ള കാരണമെന്നാണ് അധ്യാപകരുടെ അഭിപ്രായം,കാലാ കായിക രംഗങ്ങളിൽ മികച്ചുനിന്നിരുന്ന ഈ സ്കൂൾ എല്ലാ രംഗങ്ങളിലും നേരിടുന്ന തകർച്ചയോർത്ത് വിലപിക്കുന്നവരാണ് നാട്ടുകാർ. പൂർവ്വവിദ്യാർത്ഥി സംഘടനയും അധ്യാപക രക്ഷാകർതൃസമിതിയും ഈ സ്കൂളിൻെറ ഭൗതീക സാഹചര്യം മെച്ചപ്പെടുത്താൻ ആവുംവിധം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ് .സ്കൂൾ പരിസരത്തുള്ള കിണർ ഉപയോഗ ശൂന്യമാണ്. ആവശ്യത്തിനുള്ളകെട്ടിടങ്ങൾ നിർമ്മിക്കുകയും കളിസ്ഥലം നിരപ്പാക്കി ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്താൽ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ കഴിയുമെന്നാണ് അധ്യാപകരക്ഷാ കർതൃ സമിതിയുടെ പ്രതീക്ഷ.

## 3 ഗവൺമെൻറ് ഹൈസ്കൂൾ പള്ളിക്കര

ഇതും തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന ഒരുവിദ്യാലയമാണ്. ഗവൺമെൻറ് നിർമ്മിച്ച രണ്ടു നിലയുള്ള ഒരു കെട്ടിടം ഇതിനുണ്ടെങ്കിലും മുകൾ നിലയിൽ ക്ലാസുകൾ നടക്കുന്നില്ല. നിർമ്മാണ വേളയിൽ കാട്ടിയ അലംഭാവാണ് ഇതിനുകാരണം.കോൺഗ്രീറ്റ് സ്ലാബ് ഏതു നിമിഷവും തകർന്നുവീഴാവുന്ന അവസ്ഥയിലാണ്. അധ്യാപകരക്ഷാകർത്തൃസമിതിക്കുവേണ്ടി നിർമ്മിച്ച ഒരു കെട്ടിത്തിലാണ് ക്ലാസുകൾ നടക്കുന്നത്. ഹൈസ്കുൾ ക്ലാസുകൾ മാത്രമാണ് ഇവിടെ നടക്കുന്നത്. 8, 9, 10 ക്ലാസുകളിലായി 893 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. അനാവശ്യസമരങ്ങളും കുട്ടികളുടെ പഠന താല്പര്യം കുറഞ്ഞതും ഈ സ്കൂളിൻെറ വിജയ ശതമാനം കുറഞ്ഞതിൻെറ കാരണങ്ങളാണ്. വിദ്യാഭ്യാസ വകുപ്പ് നേരിട്ടിടപെട്ട് വിദ്യാലയന്തരീക്ഷം നന്നാത്താനുള്ള ശ്രമം നടക്കുന്നുണ്ട്. ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിജയശതമാനം പട്ടിക നാല്

പട്ടിക 4

## എസ്.എസ് എൽ.സി വിജയശമാനം

| സ്കൂളിൻെറ പേർ | 1993 | | | 1994 | | | 1995 | | | 1996 | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ കുട്ടികൾ | വിജയിച്ചവർ | ശതമാനം | ആകെ കുട്ടികൾ | വിജയിച്ചവർ | ശതമാനം | ആകെ കുട്ടികൾ | വിജയിച്ചവർ | ശതമാനം | ആകെ കുട്ടികൾ | വിജയിച്ചവർ | ശതമാനം |
| 1 ഗവ.ഹൈസ്കുൾ തച്ചങ്ങാട് | 74 | 3 | 37% | 134 | 4 | 38% | 121 | 13 | 12% | 105 | 12 | 13% |
| 2 ഗവ.ഹൈസ്കുൾ പള്ളിക്കര | 218 | 36 | 17.5% | 156 | 19 | 8% | 277 | 12 | 4.8% | 275 | 14 | 52% |
| 3 ഗവ.ഹൈസ്കുൾ പാക്കം | 39 | 37 | 96% | 77 | 35 | 45% | 72 | 31 | 43% | 84 | 58 | 69% |

സാമ്പത്തികമായി ഉയർന്ന നിലവാരത്തിലുള്ള കുടുംബങ്ങളിലെ ആയിരത്തോളം കുട്ടികൾ പഞ്ചായത്തിനകത്തും പുറത്തുമുള്ള ഇഗ്ലീഷ്മീഡിയം സ്കൂളുകളിൽ പോകുന്നുണ്ട്. അതു മൂലം ചില പ്രദേശങ്ങളിലുള്ള പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നുണ്ട്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള അവജ്ഞ ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള ഭ്രമം മെച്ചപ്പെട്ട ഭൗതീക സാഹചര്യങ്ങൾ എന്നിവയാണ് ഇതിനുള്ള കാരണങ്ങൾ. 1994- 95 വർഷത്തിൽ ഗവ എൽ.പി പനയാൽ ഗവ. എൽ.പി ചേറ്റുക്കുണ്ട് എന്നീ സ്ഥാപനങ്ങളിൽ കുട്ടികളുടെ കുറവ് മൂലം അധ്യാപക തസ്തകികൾ നഷ്ടപെട്ടിട്ടുണ്ട്.

പഞ്ചായത്തിലെ അധ്യാപകരിൽ കൂടുതലുംസ്ത്രീകളാണ്. ജില്ലയുടെ തെക്കൻ ഭാഗങ്ങളിൽ നിന്നും തെക്കൻ ജില്ലകളിൽ നിന്നുമുള്ള അധ്യാപകർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. തദ്ദേശീയരായ അധ്യാപകർ ഇപ്പോൾ കൂടുതലായി അധ്യാപനരംഗത്തേക്ക് കടന്നുവരുന്നുണ്ട്. കാലാ കാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുകയും കൃത്യമായി ക്ലാസുകളിൽ ഹാജരാകാതിരിക്കുകയും ചെയ്യുന്ന ചില അധ്യാപകരെങ്കിലും ഉണ്ടെങ്കിലും പരാതി ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടുണ്ട്. സ്വന്തം നാടിനോടുള്ള കൂറും സമൂഹത്തോട് ഫല പ്രദമായി പ്രതികരിക്കാനുള്ള സന്നദ്ധതയും ആത്മ വിശ്വാസവുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കേണ്ട ഭാരിച്ച ഉത്തര വാദിത്വം അധ്യാപർക്കുണ്ട്.

പട്ടിക 5

## അധ്യാപകരുടെ എണ്ണം സംബന്ധിച്ച വിവരം

| നമ്പർ | വിദ്യാലയത്തിൻെറ പേര് | | ഇപ്പോൾ ജോലി ചെയ്യുന്നത് | | |
|---|---|---|---|---|---|
| 1 | ഗവ.എൽ.പി സ്കൂൾ ചേറ്റുക്കുണ്ട് | 5 | 2 | 1 | 3 |
| 2 | ഗവ.എൽ.പി സ്കൂൾ ചെറക്കാപ്പാറ | 4 | 4 | - | 4 |
| 3 | ആർ .എഎൽ.പി സ്കൂൾ മവ്വൽ | 10 | 2 | 8 | 10 |
| 4 | ഇസ്ലാമിക് എൽ.പി സ്കൂൾ ബേക്കൽ | 10 | 7 | 3 | 10 |
| 5 | ഗവ.എൽ.പി സ്കൂൾ ,പനയാൽ | 8 | 2 | 6 | 8 |
| 6 | ഗവ.വെൽഫെയർ എൽ.പി പള്ളിക്കര | 8 | 2 | 6 | 8 |
| 7 | ഗവ.യു.പി സ്കൂൾ കീക്കാൻ | 22 | 8 | 14 | 22 |
| 8 | ഗവ.യു.പി സ്കൂൾ അഗസറഹൊളെ | 17 | 7 | 10 | 17 |
| 9 | ഗവ.യു.പി സ്കൂൾ കൂട്ടക്കനി | 10 | 6 | 4 | 10 |
| 10 | ഗവ.യു.പി സ്കൂൾ പള്ളിക്കര | 32 | 12 | 20 | 32 |
| 11 | എസ്സ്.എം എ.യു.പി പനയാൽ | 17 | 13 | 4 | 17. |
| 12 | ഗവ.യു.പി സ്കൂൾ കരിച്ചേരി | 8 | 3 | 5 | 8 |
| 13 | ഗവ.ഹൈ.സ്കൂൾ ,പാക്കം | 28 | 12 | 16 | 28 |
| 14 | ഗവ.ഹൈ.സ്കൂൾ . പള്ളിക്കര | 35 | 16 | 19 | 35 |
| 15 | ഗവ.ഹൈ. സ്കൂൾതച്ചങ്ങാട് | 37 | 19 | 18 | 37 |
| | ആകെ | 251 | 115 | 134 | 249 |

പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ഞ്ചാ നഴ്സറി സ്കൂളുകൾ ഇല്ല. രണ്ട് നഴ്സറി സ്കുളുകൾ സ്വ കാര്യ മേഖലയിൽ ലാണ് പ്രവർത്തിക്കുന്നത്

### അധ്യാപക രക്ഷാർകത്തൃസമിതികൾ

പഞ്ചായത്തിലെ എല്ലാ സ്കൂളകളിലും അധ്യാപകരക്ഷ കർത്തൃസമിതിയു ംമദർ പി.ടി.ടിഎയും രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പല പി.ടി. എ കുളുടേയും പ്രവർത്തനം തൃപ്തി കരമല്ല.വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന അപൂർവ്വം അധ്യാപക രക്ഷാകർതൃസമിതികളുണ്ട്. കുട്ടികളുടെ അച്ചടക്കത്തിലും ഭൗതീക സൗകര്യങ്ങളും വർധിപ്പിക്കുന്നതി ലും പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിലും വളരെ യേ റെ ഇത്തരം സമിതികൾക്ക് ഹൈസ്കൂളുകളിൽ ചെയ്യാനു ണ്ട്. ഇതിൻെറ പ്രവർത്തനവും കാര്യക്ഷമമാവുകയാ ണെങ്കിൽ നമ്മുടെ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടു കയും മാതൃകാവിദ്യാലയങ്ങളായി ഉയരുകളും ചെയ്യും.

### പാഠ്യേതര പ്രവർത്തനങ്ങൾ

പാഠപുസ്തകങ്ങളിൽ നിന്നുലഭിക്കുന്നഅറിവുകൾ കൊണ്ടുമാത്രം ഒരു വിദ്യാർത്ഥിക്ക് വളരാനും വികസിക്കാ നുംകഴിയില്ല. നൈസർഗ്ഗികമായകഴിവുകൾ വളർത്തിയെടു ക്കാനുള്ള അവസരങ്ങൾ വിദ്യാലയങ്ങളിൽ ഉണ്ടാകണം. നിർമ്മാണ പ്രവർത്തനങ്ങളും ,കലാപരവും കായികവുമായ വികാസവും കൂട്ടായ്മയും ഈ പ്രവർത്തനങ്ങളിലൂടെയാ ണ്സാധ്യമാകേണ്ടത്. നിർഭാഗ്യവശാൽ മാർ ക്കുനേടുക എന്ന ഒറ്റ ലക്ഷ്യത്തിലേക്ക് ചുരുങ്ങിപോകുന്ന അവസ്ഥയാ ണ് ഇപ്പോഴുള്ളത്. ഇത് മാറ്റിയെടുത്തേ മതിയാകൂ. ഇന്ന് നേതൃസ്ഥാനങ്ങളിൽ എത്തി നില്ക്കുന്നപലരും സ്കൂൾ സാഹിത്യ സമാജങ്ങളുടെ സംഭാവനകളാണെന്ന് തീർത്തു പറയാൻ കഴിയും. വാർഷികമായി നടക്കുന്ന സ്കൂൾ മേളകൾ നിലവാരമുള്ളതായിക്കി ത്തീർക്കാനും ഇതാവശ്യ മാണ്. സുകുമാരകലകളും തൊഴിലധിഷ്ഠിതമായ പഠനവും സ്കൂളുകളിൽ നിർബ്ബന്ധമാക്കണം. ചിത്ര രചന, സംഗീതം, ക്രാഫ്റ്റ് , അധ്യാപകരെഎല്ലാസ്കുളിലും നിയമിക്കുകയും വേണം. അതാതു വിഷയങ്ങളിൽ പ്രാവീണ്യം നേടിയ അധ്യാ പകരെ മാത്രമേ നിയമിക്കാൻ പാടുള്ളൂ. കലാഭ്യാസനം നടത്തുന്ന ഒരു സ്ഥാപനം പോലുമില്ലാത്ത നമ്മുടെ പഞ്ചാ യത്തിൽ ആ കുറവു നികത്താനുള്ള കളരികളായി വിദ്യാ ലയങ്ങൾമാറണം.

### നേട്ടങ്ങളും അവാർഡുകളും

- വിവിധ ഏജൻസികൾ നടത്തുന്ന വിജ്ഞാന പരീ ക്ഷകളിലും കലാമത്സരങ്ങളിലും മികവുതെളിയിച്ച വി ദ്യാർത്ഥികൾ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ഉണ്ട്. പലപ്പോഴും ജില്ലാതലത്തിലുള്ള സമ്മാനളിൽ കുട്ടികൾ ഒതു ങ്ങിപ്പോകുന്നു. സ്കൂളിൽ നടക്കുന്ന പാഠ്യേതര

പ്രവർത്തങ്ങളുടെ അപര്യാപ്തതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

സി.വി രാമൻ ഉപന്യാസമത്സരം വന്യജീവാരാഘോഷം പരിസ്ഥിതി ക്വിസ് ,ജനസംഖ്യാ ക്വിസ്, നേത്രദാന വാരാഘോഷം ക്വിസ് എന്നിവയ്ക്ക് ജില്ലാതലത്തിൽ ഒന്നാം സമ്മാനങ്ങളും 1995-96 വർഷത്തിൽ കേരള വനം വകുപ്പ് നടത്തിയ സംസ്ഥാന തല മത്സരത്തിൽ രണ്ടും സ്ഥാനവും കരസ്ഥമാക്കിയത് പാക്കം ഗവ.ഹൈസ്കൂളിലെ കുട്ടികളാണ് . 95-96 വർഷത്തെ ജില്ലാ യുവജന മത്സരങ്ങളിൽ ദഫ്മുട്ടിന് ഒന്നാം സ്ഥാനം നേടിയത് പള്ളിക്കര ഗവ. ഹൈസ്കൂളിലെ കുട്ടികളാണ്. സംസ്ഥാന തലത്തിൽ ഏ ഗ്രേഡും ഇവർക്ക് ലഭിച്ചിരുന്നു.

ജില്ലാ തല മത്സര പരീക്ഷയിൽ ഒന്നാം സമ്മാനം നേടയ വിദ്യാർത്ഥികൾ പനയാൽ എസ്. എം.എ.യു.പി പള്ളിക്കര വെൽഫെയർ എൽ.പി എന്നീ സ്കൂളിലും ഉണ്ട്.

പഞ്ചായത്തിൽ നടന്ന ഒന്നാം ഘട്ട സാക്ഷരതാപ്രവർത്തനങ്ങളിൽ ഹൈസ്കൂൾ കുട്ടികൾ മാതൃകാപരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. നമ്മുടെ പ്രദേശത്തെ നിരമ്മാണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നത് കുട്ടികളുടെ അലസതാ മനോഭാവം ഒഴിവാക്കുന്നതിനും നാടിന്റെ പുരോഗതിയിൽ അവരുടെ സ്ഥാനം തിരിച്ചറിയുന്നതിനും പൊതു മുതൽ സംരക്ഷിക്കുന്നതിനുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനും അവസരമൊരുക്കും. കൃഷി, പരിസര ശുചീകരണം,കളിസ്ഥലങ്ങൾ,റോഡുകൾ തുടങ്ങിയവയുടെ നിർമ്മാണം എന്നിവയിൽ അവരുടെ കഴിവുകൾ വിനിയോഗിക്കുവാൻ കഴിയും.

## പ്രശ്നങ്ങൾ

1 പള്ളിക്കര തച്ചങ്ങാട് ഹൈസ്കൂളുകളുടെ എസ്.എസ്.എൽ.സി വിജയശതമാനം വളരെ കുറവാണ്.

2 മിക്ക സ്കൂളുകളുടെയും ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല.

3 ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയക്കുന്ന പ്രവണത നിലനിൽക്കുന്നു.

4 സ്കൂൾ വിദ്യാർതഥികൾക്കിടയിൽ നിരക്ഷരത വലിയ അളവിൽ നിലനിൽക്കുന്നു.

5 ശിശു വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഇല്ല.

6 അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

7 കലാകായിക വിദ്യാഭ്യാസ ത്തിനുള്ള സൗകര്യങ്ങൾ മിക്ക സ്കൂളിലും ഇല്ല.

8 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.

9 വിദ്യാഭ്യാസത്തിനായി കുട്ടികൾക്ക് കിലോമീറ്റുകളോളം യാത്രചെയേണ്ടിവരുന്നു.

10 പി.ടി.എ, മദർ പി.ടി.എ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

11 കൃത്യസമയത്ത് സ്കൂളിൽ ഹാജരാകുന്നതിലും പാഠങ്ങൾ എടുക്കുന്നതിലും ചില അധ്യാപകർ വിമുഖത കാണിക്കുന്നു.

12 അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകൾ ശ്രദ്ധിക്കാറില്ല.

13. രാഷ്ട്രീയ പ്രസരം വിദ്യാഭ്യാസത്തെ ബാധിക്കുന്നു.

14 ഇൻസർവ്വീസ് കോഴ്സുകൾ നടക്കുന്നില്ല.

15 അതാത് വിഷയങ്ങളിൽ പ്രാവീണ്യവും പരിശീലവനും സിദ്ധിച്ച അധ്യാപകരെ നിയമിക്കുന്നില്ല.

16 ഹൈസ്കുളുകളിൽ പാക്കം സ്കുളിന് ആവശ്യമായി കളിസ്ഥലം ഇല്ല.

17 രക്ഷിതാക്കളെ ബോധവൽകരിക്കണം.

18 ടെലിവിഷൻ പരിപാടികൾ കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു.

## സാധ്യതകൾ

1 വിദ്യാലയങ്ങളിൽ അധ്യാപക രക്ഷാ കർത്തൃസമിതികളും മദർ പി.ടി.എയും ഫലപ്രദമായി ഇടപെടുക.

2 മനുഷ്യവിഭവം സാമ്പത്തിക സഹായം ഇവ സമാഹരിച്ച് ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

3 പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന സമ്പ്രദായം ആകർ ഷകമാക്കുക.

4 നിരക്ഷരരായ കുട്ടികൾക്കുവേണ്ടി അക്ഷര ക്ലാസുകൾ സംഘടിപ്പിക്കുക.

5 എല്ലാ പൊതു വിദ്യാലയങ്ങളോടും അനുബന്ധിച്ച് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

6 സന്നദ്ധ സംഘടനകളെ ഉപയോഗിച്ച് അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാര്യക്ഷമാക്കുക.

7 ജനശിക്ഷണ നിലയങ്ങൾ പ്രവർത്തനക്ഷമാക്കുക.

8 സ്കൂളുകളിൽ ലളിതകലകൾ അഭ്യസിപ്പിക്കുന്നതിന് അധ്യാപകരെ നിയമിക്കുക.

9 സ്കുളുൾ ഇല്ലാത്ത സ്ഥലങ്ങളിൽ തദ്ദേശിയ ജനങ്ങളുടെ സഹകരണത്തോടെ വിദ്യാലയങ്ങൾ അരംഭിക്കുക.

10 അധ്യാപകരുടെ പ്രവർത്തനങ്ങൾ വിലയിരിത്താനുള്ള സംവിധാനം ഉണ്ടാക്കുക.

11 പഞ്ചായത്ത് പരിധിയിലുള്ള വിദഗ്ധമാരുടെ സേവനം ഉപയോഗപ്പെടുത്തി ഇൻസർവ്വീസ് കോഴ്സുകൾ സംഘടിപ്പിക്കുക.

12 സ്കൂൾ കോപ്ലക്സ് പ്രവർത്തനങ്ങൾ കാര്യക്ഷമാക്കുക.

13 ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വെയ്ക്കുന്ന സ്കൂളുകളെയും അധ്യാപകരേയു ംവിദ്യാർത്ഥികളേയും പ്രോത്സാഹിപ്പിക്കുക.

14 രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

15 പഠന സാഹചര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ ബോധനോപകരണങ്ങൾ നാട്ടുകാരുടെ സഹായത്തോടെ നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.

16 സ്കൂളുകളിൽ സാഹിത്യ സമാജങ്ങൾ സംഘടിപ്പിക്കുക. കാര്യക്ഷമമായ കഴിവുള്ള കുട്ടികളെ കണ്ടെത്തുകയും വേണ്ട പരിശീലനം നൽകുകയും ചെയ്യുക.

**''ഗ്രാമീണ വിദ്യാലയങ്ങളിൽ പഠിപ്പിക്കേണ്ടത് ഗ്രാമത്തിൻെറ ഭൂമി ശാസ്ത്ര വു ം ംചരിത്രവും ഗ്രാമത്തിൻെറ കണക്കും ഗ്രാമത്തിനാവശ്യമായ സാക്ഷരതയുമാണ്''**

5-5

# കുടിവെള്ളം

# പൊതുജനാരോഗ്യം



# കുടിവെള്ളവും പൊതുജനാരോഗ്യവും

ശാരീരികവും മാനസികവുമായി ആരോഗ്യം സിദ്ധിച്ച ഒരു ജനവിഭാഗമാണ് ഒരു ദേശത്തിന്റെ ഏറ്റവും വലിയ സമ്പത്ത്.നാടിനെ അറിയുവാനും,മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുവാനും ഇത്തരം ആളുകൾക്കേ കഴിയൂ.അതുകൊണ്ട്തന്നെയാണ് ഓരോവർഷവും ഭീമമായ സംഖ്യ ആരോഗ്യപ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കപ്പെടുന്നത്.

ആരോഗ്യമുള്ള ചുററുപാടുകളിൽ നിന്നേ ആരോഗ്യമുള്ള മനുഷ്യനുണ്ടാകുകയുള്ളൂ. പരിസര ശുചിത്വവും ശുദ്ധജലവും ആരോഗ്യത്തിന് അത്യാന്താപേക്ഷിതവുമായ ഘടകങ്ങളാണ്. .പകർച്ചവ്യാധികൾ പൊതുവെ ആക്രമിക്കുന്നത് വൃത്തിഹീനമായ ചുറ്റുപാടുകളിൽ ജീവിക്കുന്നവരെയാണ്. വയറിളക്കം, വയറുകടി സന്നിപാതജ്വരം,പിള്ളവാതം, മഞ്ഞപ്പിത്തം മുതലായ രോഗങ്ങൾ കുടിക്കുന്ന വെള്ളത്തിലൂടെയും കഴിക്കുന്ന ആഹാരത്തിലൂടെയുമാണ് പകരുന്നത്. ജലവും ആഹാരവും വൃത്തിയായി സൂക്ഷിച്ചാൽ ഈ രോഗം ങ്ങളെ നിയന്തിക്കാൻ കഴിയും. മലിനീകരണം തടയാൻ ശാസ്ത്രീയമായി മലം മറവുചെയ്യുന്ന കക്കൂസുകൾക്കും മററുമാലിന്യനിർമ്മാർജ്ജനസംവിധാനങ്ങൾക്കും ആരോഗ്യബോധനത്തിലൂന്നിയ ജീവിതരീതിക്കും സാധിക്കുമെന്ന് പരക്കെ അറിവുള്ളതാണെങ്കിലും ആളുകൾക്ക് അപടകരമായ ഉദാസീനതായാണ് ഇക്കാര്യത്തിൽ വച്ചുപുലർത്തുന്നത്.

കുടിവെള്ളം അതിന്റെ സ്രോതസ്സിലോ, ലഭിക്കുന്ന സ്ഥലത്തോ എത്ര തന്നെ ശുദ്ധമായിരുന്നാലും പരിസരം ശുചിത്വമില്ലാത്തതാണെങ്കിൽ വെള്ളത്തിന്റെ ഗുണനിലവാരം നിലനിർത്താൻ സാധിക്കാതെ വരും.

പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി മുഖ്യമായും ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിലെ 6795 കുടുംബങ്ങളിൽ 4359 നും സ്വന്തമായി കിണറുണ്ട് പഞ്ചായത്ത് പൊതുകിണറുകൾ 25 എണ്ണമാണ്. മുന്നൂറോളം കുടുംബങ്ങൾ ഈ കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്.

വേനൽക്കാലത്ത് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ജലക്ഷാമം അനുഭവപ്പെടാറുണ്ട്. പൂർണായ വരൾച്ച അനുഭവപ്പെടാറില്ലെന്നുമാത്രം. പഞ്ചായത്തിന്റെ വടക്കുകിഴക്കൻ ഭഗങ്ങൾ കരിച്ചേരിപ്പുഴയിലവസാനിക്കുന്ന സ്ഥലങ്ങളിൽ കരിമ്പാറകൾ ഉള്ളതുകൊണ്ട് കിണർ കുഴിക്കാൻ സാധിക്കാത്തതിനാൽ പുഴയും അരുവികളും കുടിവെള്ളത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ട്.ചേറ്റുകുണ്ട് പ്രദേശങ്ങളിൽ ചില കിണറുകളിലെ ജലത്തിന് ഉപ്പുരസം അനുഭവപ്പെടാറുണ്ട്. അരവത്ത് മട്ടയിൽ പ്രദേശത്ത് ചില കിണറുകളിലെ ജലത്തിന് അമ്ലരസം അനുഭവപ്പെടുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരളവാട്ടർ അഥോറിറ്റിയുടെ കീഴിൽ 20 കുഴൽ കിണറുകളാണ് ഉള്ളത്. ഇവയെല്ലാം കൈപമ്പുകൾ ഘടിപ്പിച്ചവയാണ്. വെളുത്തോളി ഹരിജൻ കോളനിയിലെ ജനങ്ങൾക്ക് വെള്ളമെത്തിക്കുന്നതിന് ടാങ്കും മോട്ടോർ ഘടിപ്പിച്ച പമ്പുസറ്റും ഉണ്ട്. റൂറൽ വാട്ടർ സപ്ലൈ സ്കീമിൽ പ്പെട്ട രണ്ടു പദ്ധതികൾ പഞ്ചായത്തിലുണ്ട്. ഈ പദ്ധതിയിൽ99 പൊതു ടാപ്പുകളുണ്ടെങ്കിലും പരിമിതമായ എണ്ണം മാത്രമേ പ്രവർത്തനക്ഷമമായി അവശേഷിക്കുന്നുള്ളൂ. പഞ്ചായത്തിന്റെ ചുമതലയിലുള്ള രണ്ട് ജല സംഭരണികളുണ്ട്.ഇതിൽ നിന്ന് ഗാർഹികാവശ്യത്തിന് 205 കണക് ഷനുകളും 13 ഗാർഹികേതര കണക്ഷനുകളും നൽകിയിട്ടുണ്ട്. പൊതു ടാപ്പുകൾ 74 എണ്ണമാണുള്ളത് ഭൂരിപക്ഷം വാർഡുകളിലെയും ഗ്രാമസഭകളിൽ നിന്ന ജലം എത്തിക്കുന്നതിനും പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുന്നതിനും ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

പട്ടിക ഒന്ന്

| | | |
|---|---|---|
| 1 | ബോർവെൽ കൈപ്പമ്പുള്ളത് | 20 |
| 2 | ബോർവെൽമോട്ടോർ | 1 |
| 3 | ബോർവെൽ ആർ.ഡബ്ല്യു എസ്.എസ് | 2 |
| 4 | ബോർവെൽ ടി. ഡബ്ല്യു എസ്.എസ് | - |
| 5 | പൊതു ടാപ്പുകൾ | 99 |
| 6 | 1.4.93 വരെയുള്ളകണക്ഷൻ | |
| | എ. ഗാർഹികം | 205 |
| | ബി. ഗാർഹികേതരം | 13 |
| | സി. വ്യവസായികം | - |

പട്ടിക രണ്ട്

## പഞ്ചായത്ത് തല ശുദ്ധജല വിതരണപദ്ധതികൾ

| | | |
|---|---|---|
| 1. | കുഴൽക്കിണർ | 11 |
| 2 | കിണറുകൾ | 25 |
| 3 | ടാങ്കുൾ | 2 |
| 4 | പൊതു ടാപ്പുകൾ | 74 |

പൊതുടാപ്പുകൾ കേടായത് കാലാകാലങ്ങളിൽ റിപ്പെയർ ചെയ്യാത്തത് ജലനഷ്ടത്തിന് കാരണ മാകുന്നു. കുഴൽക്കിണറുകളിൽ നിന്ന് തുരുമ്പുകലർന്ന വെള്ളം വരുന്നതുകൊണ്ട് കുടിക്കാൻ കഴിയുന്നില്ല. എന്ന പരാതിയും വ്യാപകമാണ്. കുഴൽക്കിണറുകളിൽ ഇരുമ്പു പൈപ്പുകൾക്കു പകരം പി.വി സി പൈപ്പുകൾ സ്ഥാപിക്കണമെന്ന ആവശ്യവും ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട് പല പൊതുകിണറുകളും വേനൽക്കാലത്ത് ജലം കിട്ടുന്നതിന് തടസ്സമായി നിലനിൽക്കുന്നു.

പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. നിലവിലുള്ള കിണറുകളും.ബോർവെല്ലുകളും പൈപ്പുലൈനുകളും ശരിയാക്കിയാൽ തന്നെ വെള്ളത്തിന്റെ ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

തൊട്ടികിണർ ജംഗ്ഷൻ മുതൽ പെരിയാറോഡ് വരെ പൈപ്പ് ലൈൻ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. തച്ചങ്ങാട് സെൻററിൽ നിന്ന് ഇതേ ആവശ്യം ഉയർന്നുവന്നിട്ടുണ്ട് നിലവിൽ പൈപ്പ് ലൈൻ ഉണ്ടെങ്കിലും ജലം ലഭിക്കാത്ത സ്ഥലമ ാണ് ദാവൂദ് മൊഹല്ല.ഏത്താം കോട്ടയിൽ ഒരു കിണർ കുഴിച്ച് വാട്ടർ ടാങ്ക് സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാം.കൂട്ടക്കനിയയിലും ചെറുക്കാപ്പാറയിലും വാട്ടർ ടാങ്ക് സ്ഥാപിച്ചാൽ 700 ഓളം കുടുംബങ്ങൾക്ക് അനുഗ്രഹമാകും. പാലത്താട് ആലിങ്കാൽ പ്രദേശത്ത് അച്ചിക്കുളത്തിൽ നിന്നും ജലം വിതരണം,ചെയ്യുന്നതിന് ഇതേരീതിയൽ സംവിധാന ംഉണ്ടാക്കണം. ദേവൻ പൊടിച്ച പാറ എന്ന സ്ഥലത്ത് സർക്കാർ നീക്കിവെച്ച 7 സെൻെറ് സ്ഥലത്ത് പൊതു കുളം നിർമ്മിക്കണം.

ഒന്നാം വർഡിലെ ഏലാത്തുംകുഴിയിലും കുഴൽകിണർ ആവശ്യമാണ് കാട്ടാമ്പള്ളി ,തോട്ടത്തിൽ പള്ളിപുഴ തുടങ്ങിയസ്ഥലങ്ങളിൽ നിലവിലുള്ള കിണറുകൾ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കണം.ആലക്കോട് അടുക്കത്തിലുള്ള പൊതുകിണറും അയന്തിരമായി നന്നാക്കേണ്ടതുണ്ട്. .

8ാം വാർഡിൽ പല സ്ഥലത്തും പൈപ്പ് ലൈൻ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

ചിറക്കാൽ, സൂര്യപ്പാറ, വാഴവളപ്പ്, പൊടിപ്പളം പാലത്താട്, കരിച്ചേരി, പി.എച്ച്.സി കൂട്ടപ്പുന്ന,തുവൾ, കരിച്ചേരി, അംഗൺ വാടി എക്കാലടുക്കം,വേൻപൊടിച്ച പ്പാറ കുന്നുപാറ എത്താം കോട്ട,തൊട്ടി,പൂച്ചക്കാട് എന്നീ സ്ഥലങ്ങളിൽ ബോർവെൽ സ്ഥാപിക്കണം.

വള്ളിയോട് ലക്ഷം വീട് കോളനി, തോക്കാനം മൊട്ട, ചെറക്കാപ്പാറ കോളനി, പാക്കം കോളിക്കാൽ, പള്ളിപ്പുഴ, കുതിര ക്കോട്,പെരുന്തട്ട, നെല്ലിയടുക്കം പനയാൽ, പൊടിപ്പളം ചന്ദ്രപുരം നെല്ലിയടുക്കം. ,ചക്ലിയക്കോളനി, റഹ്മത്ത് നഗർ ,ഇല്യാസ് നഗർ ,പരവങ്ങാനം -കാട്ടർ മല പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കരിച്ചേരിപുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും കുടിവെളം ലഭ്യമാക്കുന്നതിനും വേണ്ടി ചെമ്മനാട് ബേഡഡുക്ക, പള്ളിക്കര പഞ്ചായത്തുകൾ ചേർന്ന് ഒരു സംയുക്ത പദ്ധതി തയ്യാറാക്കണമെന്ന നിർദ്ദേശവും ഉണ്ടായിട്ടുണ്ട്. ബംഗാട് -കയാക്കുന്ന് പ്രദേശത്ത്‌ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലൂടെ ജലമെത്തിക്കാൻ കഴിയണം.

ആവശ്യങ്ങൾ അനവധിയാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജനങ്ങളും പഞ്ചായത്തുംചേർന്ന് സമഗ്രമായി ഒരു ജലനയത്തിന് രൂപം കൊടുക്കണം. എങ്കിൽ മാത്രമേ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സാധിക്കു.

### പൊതു ജനാരോഗ്യം

പഞ്ചായത്തിൽ ഏകദേശം 60 % വീടുകൾക്കാണ് കക്കൂസുകൾ ഉള്ളത്. തീരപ്രദേശത്തോടു ചേർന്നുകിടക്കുന്ന ജനസാന്ദ്രതയേറിയ ഭാഗങ്ങളിലാണ് കക്കൂസുകൾ ഏറെയുള്ളത് 1,2,3,4,5,6, വാർഡുകളിലും 10ാം വാർഡിലെ തീരദേശകോളനികളുമാണ് കക്കൂസുകൾ ഏറെയും ആവശ്യമുള്ളത്. കക്കൂസിന്റെ ഏറ്റവും കുറവ് കോളിനികളിലാണെന്ന് കാണാൻ കഴിയും.പൊതുവേ ചരിവുകളിലുള്ള വാസകേന്ദ്രങ്ങളിൽ തുറസ്സായി സ്ഥലത്ത് മലവിസർജനം നടത്തുന്നത്. കിണറുകൾ മലിനമാകുന്നതിന് കാരണാകുന്നു. കിണറുൾക്ക ഭിത്തി കെട്ടാത്തത് പ്രശ്നം കൂടുൽ രൂക്ഷമാക്കുന്നു. വീടും പരിസരവും വൃത്തിയാക്കി സൂക്ഷക്കുന്നതിൽ വളരെ കുറച്ച് കുടംബങ്ങളേ ശ്രദ്ധ പതിപ്പിക്കുന്നുള്ളൂ.

തച്ചങ്ങാട് പ്രവർത്തനനമാരംഭിച്ച ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ പൊതുജനാരോഗ്യസംവിധാവും ബന്ധപ്പെട്ട ആദ്യത്തെ സ്ഥാപനം. നാട്ടുവൈദ്യൻ മാരും മന്ത്രവാദികളുമായിരുന്നു ആരോഗ്യരംഗത്ത് അതിനുമുമ്പുണ്ടായിരുന്നത്. ഈ ആരോഗ്യകേന്ദ്രം ഇന്ന് രോഗാതുര മാണ്. ഒരു പ്രൈവീക് ലി ആശുപത്രിയായി ഇതിനെ ഉയർത്തണമെന്ന് നാട്ടുകാർ ആവശ്യപ്പെടാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി.

മുഴുവൻ ജനങ്ങളും പൊതുവായി ആരോഗ്യ പ്രവർത്തനത്തിൽ കീഴിൽ വന്നത് 1974 ൽ പളളിക്കരിയൽ ആരംഭിച്ച പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിച്ചു തുടങ്ങിയതോടെയാണ്. കരിച്ചേരി , പ്രാഥമികാരോഗ്യകേന്ദ്രം ബേക്കൽ പനയാൽ,നെല്ലിയടുക്കം, കൂട്ടപ്പുന്ന, പാക്കം എന്നിവിടങ്ങളിലുള്ള കുടംബക്ഷേമ ഉപകേന്ദ്രങ്ങൾ,ബേക്കൽ ഗവ. ഹോമിയോ ഡിസ്പൻസറി, പാക്കം -കണ്ണംവയൽ ഗവ ആയുർവേദ.ഡിസ്പെൻസറി എന്നവയടങ്ങുന്നതാണ്. പഞ്ചായത്തിലെ ഔദ്യോഗികപൊതുജനാരോഗ്യസംവിധാനം.

| ക്രമനമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം | കെട്ടിടം, സ്വന്തം വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പള്ളിക്കര പി.എച്ച്.സി | മെയിൻ സെൻറർ | സ്വന്തം | | 10 4-12-74 | മുഴുവനായിട്ടില്ല |
| 2. | സബ് സെൻറർ പള്ളിക്കര | സ: സെൻറർ | സ്വന്തം | 10 | 29-12-85 | മുഴുവൻ ജനങ്ങൾക്കും ഉപകാര പ്പെടുന്നരീതിയിലല്ല സ്ഥാപിച്ചിരിക്കുന്നത് |
| 3 | ഫാമിലി വെൽഫെയർ സെൻറർ പനയാൽ | സ: സെൻറർ | സ്വന്തം | 2 | 31-10-88 | |
| 4 | ഫാമിലി വെൽഫെയർ സെൻറർ നെല്ലിയടുക്കം | സ: സെൻറർ | സ്വന്തം | 2 | 7-3- 89 | |
| 5 | ഫാമിലി വെൽഫെയർ സെൻറർ കുട്ടപ്പന്ന | സ: സെൻറർ | സ്വന്തം | 2 | 30-12-88 | |
| 6 | ഫാമിലി വെൽഫെയർ സെൻറർ പാക്കം | സ: സെൻറർ | സ്വന്തം | 2 | 7-3- 89 | |
| 7 | ഗവ. ആയു ആശുപത്രി പാക്കം | സ: സെൻറർ | സ്വന്തം | 4 | 7-3- 89 | വൈദ്യുതി ഗ്യാസ് കണക്ഷനുകളില്ല. |
| 8 | ഗവ. ഹോമിയോ ഡിസ്പെൻസറി ബേക്കൽ | സ: സെൻറർ | സ്വന്തം | 3 | 7-3- 89 | ഫർണീച്ചറുകളില്ല |

കും‌ടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും എത്തിച്ചേരാൻ കഴിയാത്ത രീതിയിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഇല്ലാത്ത സ്ഥലങ്ങളിൽ സർക്കാർഭൂമിയില്ലാത്ത സ്ഥാപനങ്ങൾ തുടങ്ങുന്നതിന് തടസ്സം. പ്രവർത്തനപരിധി പുനർനിർണ്ണയിക്കുകയാണെങ്കിൽ ഈ ഉപകേന്ദ്രങ്ങളുടെ സേവനം വളരെയധികം ആളുകൾക്ക് കിട്ടുന്നതിന് സഹായകമാകും.

## രോഗങ്ങൾ

തീരപ്രദേശത്ത് വ്യാപകമായി കണ്ടുവരുന്ന പകർച്ചവ്യാധിയാണ് വയറിളക്കം. പുകയില കൃഷിയുടെ കാലത്താണ് ഈരോഗം പടർന്നുപടിച്ചിരുന്നത്.

ഇപ്പോൾ ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമേ റിപ്പോർട്ട് ചെയ്യപ്പെടുന്നുള്ളൂ. ക്ലോറിനേഷൻ,ആരോഗ്യ ബോധവൽകരണം ഒ.ആർ.എസ്. ലായനിയുടെ ഉപയോഗം എന്നിവ കൊണ്ടാണ് ഈ രോഗത്തെ നിയന്ത്രിക്കാൻ സാധിച്ചത്.

പട്ടിക 5

### രോഗങ്ങൾ സംബന്ധിച്ചവിവരം(പ്രതിവർഷം)

| വർഷം | ഇൻ വേഷ്യൻറ് | ഔട്ട് പേഷ്യൻറ് | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധി | വിഷ ചികിത്സ | മററു രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 92-93 | ഇല്ല | 3862 | 212 | 15 | ഇല്ല | ഇല്ല | 3726 | 3862 |
| 93-94 | ഇല്ല | 5336 | 212 | 12 | ഇല്ല | ഇല്ല | 5203 | 5336 |
| 94-95 | ഇല്ല | 6038 | 162 | 14 | ഇല്ല | ഇല്ല | 5862 | 6038 |
| 95-96 | ഇല്ല | 6890 | 211 | 24 | ഇല്ല | ഇല്ല | 6655 | 6890 |

രോഗികളുടെ എണ്ണം പ്രതിവർഷം വർദ്ധിച്ചുവരുന്നതായിട്ടാണ് കാണപ്പെടുന്നത് പൊതുവെ വ്യക്തി ശിചിത്വംവും പരിസര ശിചിത്വംവും മെച്ചപ്പെടുത്തിക്കൊണ്ടല്ലാതെ ആരോഗ്യരംഗത്ത് ഒരു മുന്നേറ്റം സാധ്യമല്ല.

| | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | |
|---|---|---|---|---|
| 1993-94 | 686 | 217 | 68 | 132 |
| 1994-95 | 920 | 212 | 97 | 121 |
| 1995-96 | 1044 | 478 | 138 | 231 |

കർണാടകത്തിൻെറ അതിർത്തിയിൽ പടർന്നുപിടിച്ച മലമ്പനി പഞ്ചായത്തിലെങ്ങുംകണ്ടുവരുന്നുണ്ടെങ്കിലും നിയന്ത്രണ വിധേയമാണ്. ഡി.ഡി.ടി മാലാത്തിയോൺ എന്നിവയ പ്രയോഗം ,രക്ത പരിശോധന ,അനുബന്ധചികിത്സ മുതലായവ നടത്തുന്നുണ്ട്. അഴുക്കവെള്ളം കെട്ടിക്കിടക്കുന്നതും ,പൊട്ടിപ്പൊളിഞ്ഞ കക്കൂസ് ടാങ്കുകൾ റിപ്പെയർ ചെയ്യാത്തതും കൊതുക് അനിയന്ത്രിതമായി വർദ്ധിക്കുന്നതിന് കാരണ മായിട്ടുണ്ട്. വീടുകൾ ക്കു ചുറ്റുമുള്ള കാടുകൾ വെട്ടിത്തെളിക്കാത്തതും വീടുകൾക്കുള്ളിൽ പൂർണ്ണ മായ തോതിൽ ഡി.ഡി.ടി തളിക്കാൻ കാട്ടുന്ന വൈമുഖ്യവും കൊതുകുനിയ്രന്തണത്തിന്തടസ്സം നിൽക്കുന്നു.പ്രത്യേക കാലങ്ങളിൽ ചെങ്കണ്ണ്, ചിക്കൻ പോക്സ് (ചൂടുപനി) ഫ്ളൂ ചർമ്മരോഗങ്ങൾ എന്നിവകണ്ടുവരാറുണ്ട്.

ചിക്കൻ പോക്സിനുള്ള ഏറ്റവും ഫലപ്രദമായ ചികിത്സ ബേക്കൽ ഹോമിയോ ഹോസ്പിറ്റലിൽ ലഭിക്കുന്നുണ്ട്. മൂന്ന് ഉദ്യോഗസ്രാണ് മെഡിക്കൽ ഓഫീസുൾപ്പെടെ ഇവിടെയുണ്ട്. മരുന്നുകൾ ഇവിടെ സുലഭമാണെങ്കിലും വിതരണം ചെയ്യുന്നതിനുള്ള പാക്കറ്റുകളും ബോട്ടി

ലുകളും ലഭ്യമല്ല. ആശുപത്രി വികസന സമിതിയുടെ രൂപീകരണം നീണ്ടുപോവുകയാണ്.

ആശുപത്രി സന്ദർശിക്കുന്ന രോഗികളിൽ അധികവും സ്ത്രീകളാണ് ഭക്ഷണത്തിൻെറ അപര്യാപ്തത പോഷകക്കുറവ് രോഗം മറച്ചുവെയ്ക്കാനുള്ള പ്രവണതയ ഇവ സ്ത്രീകളെ പൊതുവേ ബാധിക്കുന്ന ആരോഗ്യ പ്രശ്നങ്ങളാണ്.രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ് പട്ടികയിൽ നിന്നും മനസ്സിലാക്കാം.

## നിർദ്ദേശങ്ങൾ

1 പഞ്ചായത്ത് ഒരു കുടിവെള്ളനയം രൂപീകരിക്കുക.

2 നിലവിലുള്ള കുടിവെള്ള വിതരണ സമ്പ്രദായം അവലോകന ംചെയ്യുക.

3 പൊതുകിണറുകളും വാട്ടർ ടാപ്പുകളും കുളങ്ങളും റിപ്പെയർ ചെയ്യുക.

4കുടിവെള്ള സ്രോതസ്സുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.

5.കുഴൽ കിണറുകൾ ആവശ്യമുള്ള പ്രദേശങ്ങളിൽ സ്ഥാപിക്കുക. ഇരുമ്പു പൈപ്പുകൾക്കുപകരം പി.വി.സി പൈപ്പുകൾ ഉപയോഗിക്കുക.

6 വാട്ടർ ടാപ്പുകൾ അനാവശ്യമായി ഉപയോഗിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കുക.

7 കക്കൂസും കിണറും തമ്മിലുള്ള ദൂരപിരിധികൾ കർശനമായും പാലിക്കുക.

8 കിണറുകൾ ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

9 എല്ലാ വീടുകൾക്കും കക്കസ് നിർമ്മിക്കുന്നതിനത് ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കുക.

10 പള്ളിക്കരയിൽ പൊതഡ്രയിനേജ് സംവിധാനം ഏർപ്പെടുത്തുക.

11 ഹോട്ടലുകൾക്ക് ലൈസൻസ് നൽകുമ്പോൾ അവശിഷ്ടങ്ങൾ മറവുചെയ്യുന്നതിനുള്ള സൗകര്യം കണക്കിലെടുക്കുക.

12 അറവുശാലകൾ നിർമ്മിക്കുക.അനധികൃത ഇറച്ചിക്കച്ചവടം നിരോധിക്കുക.

13 ജനസംഖ്യ വിതരണത്തിന് ആനുപാതികമായി കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.

14 ഉപകേന്ദ്രങ്ങളുടെ പ്രവർത്തന പരിധി പുന:നിർവചിക്കുക.

15 വീടിനോടുചേർന്ന് തൊഴുത്തുകൾ നിർമ്മിക്കുന്നതിൻെറ അപടകത്തെ ക്കുറിച്ച് ബോധവൽക്കരണം നടത്തുക.

16 ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുക.

17 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ മരുന്നു തളിക്കാവാവശ്യമായ സ്പ്രെയറുകളും മരുന്നും സൂക്ഷിക്കുക.

18 അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് പ്രാഥമികരോഗ്യകേന്ദ്രത്തിൽ വാഹനം അനുവദിക്കുക.

19 വയറിംഗ് നടത്തിയ ആരോഗ്യകേന്ദ്രങ്ങൾക്ക് ഗ്യാസ് കണക്ഷൻ നൽകുക.

20 പാക്കം ആയുർ വേദാശുപത്രിയിൽ ഗ്യാസ് കണക്ഷൻ നൽകുക.

21 ചപ്പുചവറുകൾ നീക്കം ചെയ്യാനുള്ള സംവിധാനമേർപ്പടുത്തുക.

22 അറവ് അവശിഷ്ടങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

23 പാമ്പുകടിക്കും പേപ്പട്ടി വിഷത്തിനുമുള്ള ചികിത്സാ സംവിധാനം ഏർപ്പെടുത്തുക.

24 ആരോഗ്യകേന്ദ്രങ്ങൾക്ക് ആവശ്യമുള്ള ഫർണീച്ചറുകൾ വിതരണം ചെയ്യുക.

25 ജീവനക്കാർക്ക് താമസ സൗകര്യം ഏർപ്പെടുത്തുക.

26 പി.എച്ച്,സി യോടനുബന്ധിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും കമ്മ്യൂണിറ്റി ഹാളും നിമ്മിക്കുക.

27 കരിച്ചേരി സെൻററിലേക്ക് ഗതാഗത സൗകര്യം ,ജലം വൈദ്യുതി എന്നിവ ലഭ്യക്കുക.

28 ബേക്കൽ ഹോമിയോ ആശുപത്രിക്ക് വാട്ടർ കണക്ഷൻ നൽകുക.

29 ഹോമിയോ ആശുപത്രിക്ക്ചുറ്റുമതിൽ പണിയുക. പഴയ കെട്ടിടം റിപ്പയർ ചെയ്ത് ക്വാർട്ടേഴ്സ് ആക്കിമാറ്റുക.

30 ചെലവു കുറഞ്ഞ ചികിത്സാ സമ്പ്രദായങ്ങൾ വ്യാപിപ്പിക്കുക.

**"ഒരു ഭാരതീയമായ മാതൃകാ ഗ്രാമം നിർമ്മിക്കുന്നത് പൂർണമായ ശുചീകരണ സൗകര്യങ്ങളോടുകൂടി ആയിരിക്കണം"**

# 5-6
# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

# ഗതാഗതം
# ഊർജം
# മാർക്കറ്റ്



## ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഗതാഗതം

ഒരു പ്രദേശത്തിൻെറ വികസനത്തിൽ നല്ലറോഡുകൾ വഹിക്കുന്ന സ്ഥാനം വളരെ വലുതാണ്. ജനങ്ങളെ പരസ്പരംബന്ധിപ്പിക്കുന്നതിലുപരി കാർഷിക വൃത്തിയെ ആശ്രയിക്കുന്ന ഒരു ജന വിഭാഗത്തിന് അവർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളൾ പെട്ടന്നുതന്നെ വിപണനകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും നല്ല റോഡുകൾ അങ്ങേയറ്റം സഹായിക്കുന്നുണ്ട്.

വാഹനങ്ങളുടെ എണ്ണം ക്രാമാധീതമായി വർദ്ധിച്ചു കൊണ്ടിറിക്കുന്ന പ്രദേശമാണ് പള്ളിക്കര. വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് റോഡുകൾ വികസിക്കുന്നില്ലെങ്കിൽ ഗതാഗത സൗകര്യം അതിൻെറ ലക്ഷ്യം കണ്ടില്ലഎന്ന് വരും. ഗതാഗതക്കുരുക്കുകൾ ആളുകളുടെ വില യേറിയ സമയം നഷ്ടപ്പെടുത്തുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യും.

ഒരു പ്രദേശത്തിൻെറ വികസനം എന്നാൽ റോഡികളുടെയും പാലങ്ങുടേയും വികനമാണെന്ന ധാരണ ജനങ്ങളുടെ ഇടയിൽ രൂഢമൂലമാണ്. നല്ലറോഡുകൾ അത്യാവശ്യമാണെങ്കിലുംറോഡിനെ ചുറ്റുപറ്റിയുള്ള നമ്മുടെ വികന സങ്കൽപ്പത്തിന് മാറ്റം വേണ്ടതുണ്ട്. മിക്ക പഞ്ചായത്തുകളും റോഡുകളുടെ വാർഷിക അറ്റകുറ്റ പണികൾക്കാണ് വരുമാനത്തിൻെറ ഏറിയ പങ്കും വിനിയോഗിക്കുന്നത്. ചെലവാക്കുന്നതുകയ്ക്ക് അനുസരിച്ച് പുതിയ റോഡുകൾ ഉണ്ടാകുന്നില്ല. നിർമ്മിക്കപ്പെടുന്ന റോഡുകൾ ആകെട്ടെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുകയോ സരംക്ഷിക്കപ്പെടുകയോചെയ്യുന്നില്ല. പ്രദേശത്തിൻെറ പ്രത്യേകതയോ ഉപയോഗ ക്ഷമതയോ ആവശ്യകതയോ പരിഗണിക്കപ്പെടുന്നില്ല, ഇതിൻെറ ഒക്കെ ഫലമായി കൂടുതൽ തുക ഓരോ വർഷവും നീക്കിവെക്കേണ്ടിവരുന്നു. എത്ര പണം ചിലവിട്ടാലും റോഡുകൾക്കവേണ്ടിയുള്ള മുറവിളി തുടർന്നുകൊണ്ടിരിക്കുന്നു.

റോഡുകൾ നിർമ്മിക്കുന്നതിലും അത് സംരക്ഷിക്കുന്നതിലും ജനങ്ങൾക്ക് താല്പര്യമോ മേൽ നോട്ടമില്ലാത്ത ഒരു അവസ്ഥയാണ് പൊതുവെയുള്ളത്. വികസന സങ്കൽപ്പങ്ങൾ മാറ്റം വരുകയും റോഡുകൾ സംരക്ഷിക്കുന്നതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ.

പഞ്ചായത്തിലെ ഗതാഗത സൗകര്യം പെതുവേ മെച്ചപ്പെട്ടതാണെന്ന് പറയാം. പ്രധാനപ്പെട്ട റോഡുകൾ തീരത്തിന് സമാന്തരമായി കടന്നുപോകുന്ന കാഞ്ഞങ്ങാട്-ചന്ദ്രഗിരി റോഡ്, ബേക്കൽ -പെരിയാട്ടടുക്കം,തച്ചങ്ങാട് പാലക്കുന്ന് റോഡ് കോട്ടപ്പാറ -ബട്ടത്തൂർ റോഡ് ,പള്ളിക്കര -പെരിയ റോഡ്, മവ്വൽ - കല്ലിങ്കാൽ റോഡ് , ചൗക്കി -കരിച്ചേരി റോഡ് , പാക്കം ആലക്കോട് റോഡ്, പാക്കം - കൂട്ടക്കനിറോഡ് , വള്ളിയോട് -വെളുത്തോളി റോഡ് , കോട്ടക്കുന്ന് - മാസ്തി ഗുഡ്ഡ റോഡ് എന്നിവയാണ്.

പഞ്ചായത്തിൻെറ കിഴക്ക് ഭാഗത്ത് കൂടി കുണിയാ - പെരിയാട്ടടുക്കം ചൗക്കിവഴി നേഷണൽ ഹൈവേ കടന്നുപോകുന്നു. മൂന്നു കിലോമീറ്റർ റോഡ് ഈ റോഡ് പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. പഞ്ചായത്തിലെ ഏറ്റവും തിരക്കേറിയറോഡുകളിൽ ഒന്നാണിത്. മേൽപ്പറഞ്ഞ റോഡുകളിൽ ബേക്കൽ - പെരിയാട്ടടുക്കം കോട്ടപ്പാറ, ബട്ടത്തൂർ റോഡ്, പള്ളിക്കര - പെരിയാ, പൂച്ചക്കാട് -പെരിയ , ചൗക്കി - കരിച്ചേരി,ബട്ടത്തൂർ , ബങ്ങാട് എന്നിവ ഹൈവേയുമായി ബന്ധപ്പെടുന്നു. ഈ റോഡുകൾ എല്ലാം തന്നെ താർ ചെയ്തവയാണ്.

കാഞ്ഞങ്ങാട് -ചന്ദ്രഗിരി റോഡ്, നേഷണൽ ഹൈവേ പള്ളിക്കര പെരിയ റോഡ്, കോട്ടപ്പാറ -ബട്ടത്തൂർ റോഡ് ,ബേക്കൽ - പെരിയാട്ടടുക്കം റോഡ്, മൗവ്വൽ - കരില്ലി ങ്കാൽ റോഡ്, തച്ചങ്ങാട് കോട്ടിക്കുളം റോഡ് എന്നിവയാണ് ഏറ്റവും തിരക്കേറിയ റോഡുകൾ .

ബേക്കൽ ജംഗ്ഷൻ,പള്ളിക്കര ജംഗ്ഷൻ പൂച്ചക്കാട് ജംഗ്ഷൻ ,തച്ചങ്ങാട് ജംഗ്ഷൻ കല്ലിങ്കാൽ എന്നിവ തിരക്കേറിയ സ്ഥലങ്ങൾ ആണ്. ഏറ്റവും കൂടുതൽ തിരക്കനുഭവപ്പെടുന്നത് ബേക്കൽ ജംഗ്ഷനിലാണ്.വികസിച്ചു വരുന്ന ഈ പ്രദേശം വാഹന ബാഹുല്യം കൊണ്ട് വീർപ്പു മുട്ടുകയാണ്.ഓടകൾ ഇല്ലാത്തതുമൂലം മഴ വെള്ളം കെട്ടി നിൽക്കുകയും ഹോട്ടലുകളിൽ നിന്നുള്ള മാലിന്യം കലർന്ന് ആരോഗ്യത്തിന് ഭീഷണിയായിത്തീരുകയും ചെയ്യുന്നു.ഓട്ടോ റിക്ഷകൾ പാർക്കുചെയ്യുന്നതിനോ ,ബസ്സുകൾക്ക് ഓരം ചേർന്നു നിൽക്കുന്നതിനോ ഇവിടെ സൗകര്യങ്ങളില്ല,ദീർഘ ദൂര വാഹനങ്ങൾ കൂടുതൽ സർവീസ് നടത്തുന്നത് ഹൈവേയിലൂടെയാണെങ്കിലും വാഹനത്തിരക്ക് ഏറ്റവുംമധികം അനുഭവപ്പെടുന്നത് കാഞ്ഞങ്ങാട്-ചന്ദ്രഗിരി റൂട്ടിലാണ്.സേറ്റ്റ്റ് ട്രാൻസ് പോർട്ടു കോർപ്പറേഷന്റെ ദേശസാൽകൃത റൂട്ടാണ് ഇതെങ്കിലും കാഞ്ഞങ്ങാട്-കളനാട് റൂട്ടിലോടുന്ന എല്ലാ സ്വകാര്യ ബസുകളും പള്ളിക്കരയിലൂടെയാണ് കടന്നുപോവുന്നത്. ബേക്കൽ -തച്ചങ്ങാട് റൂട്ടിൽ 4 സ്വകാര്യ ബസുകളാണ് സർവീസ് നടത്തുന്നത്.കെ.എസ്.ആർ.ടി.സി.ബസ് സർവീസിനു വേണ്ടി ഈപ്രദേശത്തുള്ളവർ ദീർഘകാലമായി മുറവിളികൂട്ടികൊണ്ടിരിക്കുകയാണ്.പള്ളിക്കര-പെരിയ റൂട്ടിൽ ഒരു സ്വകാര്യ ബസും ഒരു കെ.എസ്.ആർ.ടി.സി.ബസ്സുമാണ് സർവ്വീസ് നടത്തുന്നത്.കാഞ്ഞങ്ങാട്-രാവണീശ്വരം,ചാലിങ്കാൽ വഴി പാക്കത്തെത്തുന്ന സ്വകാര്യ ബസ്സ് പള്ളിക്കരവരെ നീട്ടണം .എന്ന ആവശ്യം ഉയർന്ന വന്നിട്ടുള്ളത്.ഒരു സ്വകാര്യബസ്സ് മൗവ്വൽ-കല്ലിങ്കാൽ റോഡിലൂടെ സർവ്വീസ് നടത്തിയിരുന്നെങ്കിലും ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല.കാഞ്ഞങ്ങാട് -കരിച്ചേരി റൂട്ടിൽ ഒരു കെ:എസ്.ആർ.ടി.സി ബസ്സാണ്സർവീസ് നടത്തുന്നത്. കാസർകോഡ്-പാക്കംവഴി-കാഞ്ഞങ്ങാടുവരെ പോകുന്ന സ്ഥിരം പെർമിറ്റുള്ള ഒരു ബ്സ്സ് (അംബേദ്കർ)സർവ്വീസ് നടത്തിയിരുന്നു.ഇപ്പോൾ അതു നിന്നു പോയി.തച്ചങ്ങാട്-പാലകുന്ന് റൂട്ടിലും,കോട്ടപ്പാറ-നെല്ലിയടുക്കം റൂട്ടിലും ഓരോ സ്വകാര്യ ബസ്സുകൾ സർവീസ് നടത്തുന്നുണ്ട്.പള്ളിക്കര,ബേക്കൽ,കല്ലിങ്കാൽ,ചേറ്റുകുണ്ട്,പെരിയാട്ടടുക്കം എന്നീ സ്ഥലങ്ങളിലാണ് ഏറ്റവും കൂടുതൽ ഓട്ടോ റിക്ഷങ്ങൾ പാർക്കുചെയ്യുന്നത്.ഈ സ്ഥലങ്ങളിലൊന്നും തന്നെ ഓട്ടോ റിക്ഷകൾക്ക് പാർക്കു ചെയ്യുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല.പള്ളിക്കര ജംഗ്ഷനിൽ

ഓവുചാലുകളില്ലാത്തത് യാത്രക്കാരെയും,റിക്ഷാക്കാരെയും വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്.

പത്തോളം സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തുന്ന ബേക്കൽ ,കല്ലിങ്കാൽ ജംഗ്ഷനുകളിൽ പാർക്കിങ്ങ് സൗകര്യം ഇല്ല.പഞ്ചായത്തിൽ നിലവിലുള്ള റോഡ് ശൃംഖലയുടെ വിവരങ്ങൾ പട്ടിക 1-ൽ കൊടുക്കുന്നു.

പട്ടിക 1

റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

| ഇനം | ദൂരം |
|---|---|
| ടാറിട്ടത് | 35.8 കിലോ മീറ്റർ |
| ടാറിടാത്തത് | 66.9 കിലോ മീറ്റർ |
| പി.ഡബ്ല്യു.ഡി | 20.5 കിലോ മീറ്റർ |
| നാഷണൽ ഹൈവേ (എൻ.എച്ച്) | 3 കിലോ മീറ്റർ |
| ആകെ | 126.2 കിലോ മീറ്റർ |

പഞ്ചായത്തിലെ ആകെ ടാർ ചെയ്ത റോഡുകളുടെ വിശദവിവരങ്ങൾ പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

പട്ടിക രണ്ട്

റോഡുകളുടെ വിവരങ്ങൾ ടാർ ചെയ്തത

| | | | |
|---|---|---|---|
| 1 | ടാർ | ടാർ മവ്വൽ-പരവങ്ങാനം | 2കിമി |
| 2 | ടാർ | ബേക്കൽ ഫോർട്ട് -മാസ്തിഗുഡ്ഡ മവ്വൽ | 1.600 കിമി |
| 3 | ടാർ | മവ്വൽ -കല്ലിങ്കാൽ | 3.800 |
| 4 | ,, | പെടിപ്പളം -പള്ളാരോം | 1.625 കിമി |
| 5 | ,, | ബട്ടത്തൂർ കോട്ടപ്പാറ | 3.500 |
| 6 | ,, | ബംഗ്ലാവ് കുന്നത്തുകടവ്. | 1.000 |
| 7 | ,, | പാക്കം കാനത്തുകൈ. | 1.000 |
| 8 | ,, | നെല്ലിയടുക്കം -അപ്പിച്ചിയടുക്കം | 2.500 കിമി |
| 9 | ,, | മാർക്കറ്റ് -ദേവിടമ്പിൽ റോഡ് | 0. 600 |
| 10 | ,, | പള്ളത്തിങ്കാൽ - ആലക്കോട് | 2.000 |
| 11 | ,, | ക്രസൻറ് ഹോസ്പിറ്റൽ -പള്ളിപ്പുഴ | 2.500 |
| 12 | ,, | പള്ളത്തിങ്കാൽ - പള്ളിപ്പുഴ കാലിക്കടവ് | ------ |
| 13 | ,, | അരയാൽത്തറ -ചിറക്കാൽ - കാലിക്കടവ് | 0.400കിമി |
| 14 | ,, | തൊട്ടി ജംഗ്ഷൻ - ചിറക്കാൽ | 1.500 |
| 15 | ,, | കോട്ടക്കുന്ന് -ബേക്കൽ സ്റേറഡിയം | 0.250 |
| 16 | ,, | കല്ലിങ്കാൽ താഴാതൊടി | 0.350 |
| 17 | ,, | തച്ചങ്ങാട് -അരവത്ത് | 0.3000 |
| 18 | ,, | വള്ളിയോട് -വെളുത്തോളി | 0.900 |

## മണൽ

| | | | |
|---|---|---|---|
| 1 | മണൽ | നെല്ലിയടുക്കം- പെരുന്തട്ട | 0.800 കി.മീ. |
| 2 | .മണൽ | അമ്പങ്ങാട് - പൊടിപ്പളം. | 0.600 കി.മീ. |
| 3. | മണൽ | ചെറൂട്ട -കീക്കാനം അമ്പലം | 2.400 കി.മീ. |
| 4. | മണൽ | അമ്പങ്ങാട് -കീക്കാനം | 1.000 കി.മീ. |
| 5. | മണൽ | പള്ളത്തിങ്കാൽ-കാലിക്കടവ് മഹാത്മാറോഡ് | 3.500 കി.മീ. |
| 6. | മണൽ | കൂട്ടക്കനി-ചിറക്കാൽ | 1.000 കി.മി |
| 7. | മണൽ | കൂട്ടക്കനി- രാവണീശ്വരം | 1.000 കി.മി |
| 8 | .മണൽ | വലിയകൊച്ചി-കൂട്ടക്കനി | 1.000 കി.മി. |
| 9. | മണൽ | ചെറൂട്ട-അമ്പലക്കത്ത് | 0.700 കി.മി. |
| 10 | മണൽ | ആലക്കോട്-കൂട്ടക്കനി | 0.500 കി.മി |
| 11. | മണൽ | ഉണ്ടപിലാവ്-കാട്ടൂർമൂല | 1.000 കി.മി |
| 12 | .മണൽ | തൊട്ടി ജംഗ്ഷൻ-ബായക്കോടൻ തൊട്ടി | 1.000കി.മി |

| | | | |
|---|---|---|---|
| 13. | മണൽ | തച്ചങ്ങാട്-അരവത്ത് | ---കി.മി |
| 14. | മണൽ | അലാമിപ്പള്ളി-പുതിയ കടപ്പുറം0 | .700 കി.മി |
| 15 | .മണൽ | ബേക്കലം ജുമാമസ്ജിദ് | 1.000 കി.മി |
| 16. | മണൽ | ആലക്കോട് ഹരിജൻ കോളനി | 1.000 കി.മി |
| 17. | മണൽ | ഖിളർ പള്ളിറോഡ് | 1.000 കി.മി |
| 18. | മണൽ | മൗവ്വൽ കരുവാക്കോട് | 2..000 കി.മി |
| 19. | മണൽ | മൗവ്വൽ കുതിരക്കോട് | 2.000 കി.മി |
| 20. | മണൽ | കുതിരക്കോട് കൊളക്കച്ചിറ | 0.600 കി.മി |
| 21. | മണൽ | ജി.യു.പി.എസ് ദാവീദ് മൊഹല്ല | 0.500കി.മി |
| 22. | മണൽ | ബേക്കൽഇല്ല്യാസ്പള്ളി | |
| | | കാട്ടൂർമൂല | 0.300കി.മി |
| 23. | മണൽ | ഇല്ല്യാസ് നഗർ കുറുച്ചിക്കുന്ന് | 0.300 കി.മി |
| 24. | മണൽ | വെളത്തോളി കീക്കാനം വയൽ | 0.800 കി.മി |
| 25. | മണൽ | വളേള്യാട്ട് വെളുത്തോളി | |
| | | ഹരിജൻ കോളനി | 0.900 |
| 26. | മണൽ | വളേള്യാട്ട് ചെറൂട്ട റോഡ് | 0.600കി.മി |
| 27 | .മണൽ | ആഞ്ജനേയാ ടാക്കീസ് | |
| | വെൽ | ഫെയർസ്കൂാം | 0.300 കി.മി |
| 28. | മണൽ | കോട്ടപ്പാറ -ഹരിജൻ കോളനി | |
| | | നെല്ലിയടുക്കം1.000കി.മി | |
| 29. | മണൽ | ചെരുമ്പ-ജുമാമസ്ജിദ് -ആയമ്പാറ | 1.000 കി.മി. |
| 30. | മണൽ | പൊടിപ്പളം-പാലത്താട്ട് | 0.700 കി.മി. |
| 31 | .മണൽ | ചെർക്കാപ്പാറ അമ്പലം | 0.800 കി.മി. |
| 32 | .മണൽ | അമ്പങ്ങാട് -പാലത്താട്ട് | 0.350കി.മി. |
| 33. | മണൽ | തോക്കാട്-ഹരിജൻ ശ്മശമാനം | 0.250 കി.മി |
| 34 | .മണൽ | കായക്കുന്ന് -തോണിക്കടവ് | 0.800കി.മി |
| 35. | മണൽ | തോക്കാനം-ഹരിജൻ കോളനി കുണിയ | 0.350കി.മി |
| 36. | മണൽ | മഠം കൊച്ചി റോഡ്-ശക്തിനഗർ | 1.000കി.മി |
| 37. | മണൽ | അരളിക്കട്ട കൊച്ചി സുബ്രായ റോഡ് | 0.900കി.മി |
| 38. | മണൽ | ചെർക്കാപ്പാറ ഹരിജൻ കോളനി | 0.600കി.മി |
| 39. | മണൽ | കൊളക്കച്ചിറ-കമ്പിക്കാനം | 0.500കി.മി |
| 40. | മണൽ | തച്ചങ്ങാട് -മൗവ്വൽ -കാനത്തുംകൈ | 0.500കി.മി |
| 41. | മണൽ | മുനിക്കൽ-കായക്കുന്ന് റോഡ് | 3.000കി.മി |
| 42. | മണൽ | കായകുന്ന് -കപ്ലക്കടവ് റോഡ് | 0.800കി.മി |
| 43. | മണൽ | പതിക്കാൽ സൂര്യാപ്പാറ റോഡ് | 0.700കി.മി |
| 44. | മണൽ | ഹദ്ദാദ് നഗർ സുലൈമാനടുക്കം. | 0.700കി.മി |

| | | | |
|---|---|---|---|
| 45 | .മണൽ | അമ്പലാക്കത്ത്-വട്ട്യക്കോട് | 1.000 കി.മി. |
| 46 | .മണൽ | മൗവ്വൽ മാനാമ്പി ആൽറോഡ | 0.800കി.മി |
| 47. | മണൽ | ക്രസൻറ് ഹോസ്പിറ്റൽ പള്ളിപ്പുഴ | 0.550 കി.മി |
| 48. | മണൽ | പണിക്കുളം കേറോത്ത് വയൽ | 0.500 കി.മി |
| 49. | മണൽ | പള്ളത്തിങ്കാൽ ആലക്കോട് | 1.000 കി.മി |
| 50. | മണൽ | പാക്കം ഹരിജൻ കോളനി | 1.200 കി.മി |
| 51 | .മണൽ | മഹാലിങ്കേശ്വര അടുക്കാത്ത്വീട് | 0.300 കി.മി |
| 52 | .മണൽ | വട്ടത്തൂർ-ബംഗാട് | 3.600 കി.മി |
| 53. | മണൽ | അടുക്കം കണ്ണംവയൽ ചിറക്കാൽ | 3.000 കി.മി |
| 54. | മണൽ | ചേറ്റുകണ്ട് കീക്കാൻ | 0.500കി.മി |
| 55. | മണൽ | പൂച്ചക്കാട് ചെറിയ പള്ളി | |
| | | ശ്രീ.വിഷ്ണു ക്ഷേത്രം | 0.500കി.മി |
| 56. | മണൽ | പൂച്ചക്കാട് ജമായത്ത്പള്ളി കാലിക്കടവ് | 1.000കി.മി |
| 57. | മണൽ | കല്ലിങ്കാൽ അരയാൽത്തറ | |
| | | ചിക്കാൽ കാലിക്കടവ് | 1.200കി.മി |
| 58 | .മണൽ | പെട്രോറം ബങ്ക്-വെൽഫേർ സ്കൂരം | 0.700കി.മീ. |
| 59. | മണൽ | കല്ലിങ്കാൽ റെയിൽവേ ലൈൻ റോഡ് | 0.200കി.മി. |
| 60 | .മണൽ | പള്ളിക്കര റെയിൽവേ ഫീഡർ റോഡ് | 0.075കി.മി |
| 61. | മണൽ | ഗവ.യു.പി.അഗസറഹോളെ ബീച്ച് റോഡ് | 0.200 കി.മി |
| 62. | മണൽ | ആഞ്ജനേയാടാക്കീസ് മാസ്തിഗുഡ്ഡ | 1.000കി.മി |
| 63 | .മണൽ | കോട്ടകുന്ന്-ബേക്കൽ സ്റ്റേഡിയം | 0.550 കി.മി |
| 64. | മണൽ | ബേക്കൽ- കുറിച്ചികുന്ന് | 1.000 കി.മി |
| 65. | മണൽ | ഹദ്ദാദ് നഗർ-കാട്ടൂർ മൂല | 0.500 കി.മി |
| 66 | .മണൽ | വെളുത്തോളി-കരുവാക്കോട് | |
| | | ഭാഗം 1 | 0.600 കി.മി |
| 67. | മണൽ | കുറിച്ചിക്കുന്ന്-ബേക്കൽ റോഡ് | 0.150 കി.മി |
| 68. | മണൽ | തൊട്ടിപ്പള്ളി-ചിറക്കാൽ | 0.200 കി.മി. |
| 69. | മണൽ | ബേക്കൽ-അഴിമുഖം റോഡ് | 0.400കി.മി |
| 70. | മണൽ | വെളുത്തോളി-കരുവാക്കോട് | |
| | | ഭാഗം 2 | 0.600 കി.മി. |
| 71 | .മണൽ | ചരൽക്കടവ് -മൗവ്വൽ | 0.700കി.മി |
| 72. | മണൽ | തച്ചങ്ങാട്-കോളിപ്പോക്ക് | 0.800 കി.മി |
| 73. | മണൽ | വെളുത്തോളി-ചെറൂട്ട റോഡ് | 1.200 കി.മി. |
| 74 | .മണൽ | പള്ളിപ്പുഴ -ഒലക്കോട്ടു പാറ ക്രസൻറ് | 0.700കി.മി |
| 75. | മണൽ | വെളുത്തോളി-തോക്കാനംമൊട്ട | 1.300 കി.മി |
| 76. | മണൽ | പള്ളിപ്പുഴ പ്പള്ളി-ചരൽക്കട് | 0.800 കി.മി |

| | | | |
|---|---|---|---|
| 77. | മണൽ | തായത്തൊട്ടി-തൊട്ടിചിറക്കാൽ | 0.500 കി.മി |
| 78. | മണൽ | പാക്കംആൽത്തറ-ഹരിജൻ കോളനി | 0.300 കി.മി |

പഞ്ചായത്തിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ പഞ്ചായത്തു ഫണ്ടുപയോഗിച്ച് റിപ്പയർ ചെയ്ത റോഡുകൾ ഇനി പറയുന്നു.

1.കൂട്ടക്കനി-ചിറക്കാൽ

2.പൂച്ചക്കാട് -ചെറിയപള്ളി-പാറമ്മൻകോട്.

3.കായക്കുന്ന്-തോണിക്കടവുപാലം റോഡ്

അൺടൈഡ് ഫണ്ടുപയോഗിച്ച് ടാറിംഗ് ജോലി നടന്നത് കടമ്പഞ്ചാൽ.കുളക്കച്ചിറ റോഡാണ്.ഒരു കൾവർട്ടും നിർമ്മിക്കപ്പെട്ടിട്ടുണ്ട്.റോഡു നിർമ്മിച്ചതിൻെറ ഫലമായി വെള്ളം കെട്ടിനില്ക്കുന്ന സ്ഥലങ്ങൾ ബേക്കൽ ജംഗ്ഷൻ,മൗവ്വൽ,കല്ലിങ്കാൽ റോഡ്,കാനത്തും കുഴി,തച്ചങ്ങാട് റോഡ്,പാക്കം,പള്ളിപ്പുഴ ഹരിജൻ കോളനി റോഡ്,മൗവ്വൽ കുതിരക്കോട് റോഡ്,അരവത്ത് വയൽ,അമ്പങ്ങാട്-പൊടിപ്പളം റോഡ്,ചേറ്റുകുണ്ട് ബാദ്ഷാ മസ്ജിദ്-മുക്കൂട് റോഡ്,ഹദ്ദാദ് നഗർ-ബിലാൽ നഗർ റോഡ്,ബേക്കൽ സ്റ്റേഡിയം മാസ്തിഗുഡ്ഡ റെയിൽ വേക്രോസ്,ഇല്യാസ് നഗർ-ഖിളറിയ നഗർ,ഉണ്ടപ്ലാവിനടിയിൽ എന്നിവയാണ്.ഈസ്ഥലങ്ങളിലൊക്കെ മഴക്കാലത്തു വെള്ളം കെട്ടിനിന്ന് ഗതാഗത തടസ്സം ഉണ്ടാവുന്നുണ്ട് .കലുങ്കോ ഓവുചാലുകളോ നിർമ്മിച്ച് ഈ അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## റെയിൽവേ

ഷൊർണ്ണൂർ-മംഗലാപുരം റെയിൽ പ്പാത പഞ്ചായത്തിലൂടെയാണ് കടന്നു പോവന്നുത്. തീരത്തിനും കാഞ്ഞങ്ങാട്-ചന്ദ്രഗിരി റോഡിനും ഇടയിലായി 5 കിലോമീറ്ററോളം നീളത്തിലാണ് ഈപാതയുടെ കിടപ്പ്.പള്ളിക്കര മഠത്തിൽ വച്ച് റെയിൽ പാത റോഡിന്റെ മുറിച്ച് കന്നുപോകുന്നു. ചിത്താരി ബേക്കൽ പുഴയ്ക്ക് കുറുകെ റോഡുകൾ ബന്ധിപ്പിക്കുന്ന പാലത്തിൽ ഉണ്ടാകുന്നതിന് മുമ്പ് പള്ളിക്കര നിവാസികൾ യാത്രക്കായി ആശ്രയിച്ചിരുന്നത്, ഈ പ്രാതയാണ് ബ്രട്ടീഷ് ഭരണക്കാലത്ത് കഴിഞ്ഞ നൂറ്റാണ്ടിൽ പള്ളിക്കരയൽ സ്ഥാപിക്കപ്പെട്ട ഒരു റെയിൽ വേ സ്റ്റേഷൻ ഉണ്ട്. കാലപ്പഴക്കം കൊണ്ട് ജീർണിച്ച ഏതുനിമിഷവും നിലം പൊത്താവുന്ന അവസ്ഥയിലാണ് സ്റ്റേഷൻ കെട്ടിടം മംഗലാപുരം ഭാഗത്തേക്ക് വിദ്യാഭ്യാസത്തിനും ജോലിക്കുമായി നൂറുകണക്കിനാളുകൾ ഇന്നും ഈ സ്റ്റേഷനെ ആശ്രയിക്കുന്നു. ഈ പ്രദേശത്തെ കാർഷികോൽപ്പന്നങ്ങളും പുകിയിലയും മറ്റ് പ്രദേശങ്ങളിൽ എത്തിക്കുന്നതിന് മുൻ കാലങ്ങളിൽ ഈ സ്ററേഷനാണ് ഉപകരിച്ചിരിക്കുന്നത്. ദീർഘദൂരവണ്ടിൾക്ക് സ്റ്റോപ്പില്ലാത്തതുംപ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തതും പള്ളിക്കര റെയിൽ വെ സ്റ്റേഷൻെറ വിസകനത്തിന് തടസ്സമായി നിൽക്കുന്ന ു.ബേക്കൽ അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായി ഉയരുമ്പോൾ ഏറ്റവും കൂടുതൽ വികസന സാധ്യതയുള്ള ഒരു കേന്ദ്രമാണ് ഇത്. മഴയിൽ ചേർന്നൊലിക്കുന്ന സ്റ്റേഷൻ കെട്ടിടം പുതുക്കി പണിയുകയും യാത്രക്കാർക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ ഈ റെയിൽ വെ സ്റ്റേഷൻെറ നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കാൻ കഴിയും.

പള്ളിക്കര റെയിൽവേ ക്രോസിങ്ങ് ഒരു അപകട മേഖലയാണ്. വീതി കുറഞ്ഞറോഡും,വളവും തീവണ്ടി കടുന്നുപോകുന്ന സമയങ്ങളിൽ ഗതാഗതക്കുരുക്കിൽ പെടുന്നു. ഗേറ്റു ഉണ്ടെങ്കിലം പഴയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പൂട്ടുന്നതാകയാൽ പലപ്പോഴും തുറക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. പാലക്കാടുനിന്ന് വിദഗ്ധർ എത്തിയാൽ മാത്രമേ പലപ്പോഴും ഇത് തുറക്കാനാ സാധിക്കുകയുള്ളൂ. ഇത്തരം സന്ദർഭങ്ങളിൽ ഗേറ്റ് തുറക്കുന്നത് വരെ വാഹനങ്ങൾ വഴിതിരിച്ചു വിടുകയാണ് ചെയ്യുന്നത്. വഴിതിരിച്ചുവുടന്ന റോഡുകളാവട്ടെ ഇടുങ്ങിയതും പൊട്ടിപ്പൊളിഞ്ഞതുമാണ്. ഈ പ്രശ്നങ്ങൾക്കുള്ള ഏക പരിഹാരം ഇവിടെ ഒരു ഓവർ ബ്രിഡ്ജ് നിർമ്മിക്കുക എന്നതാണ്. ദിവസേന വാഹനങ്ങൾ ഏറിവരുന്ന ഈപ്രദേശത്ത് ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് കൂടി ഇത് അത്യാവശ്യമാണ.

## പ്രശ്നങ്ങൾ

1 റോഡുകളുടെ വീതി കുറവ്

2 റോഡരികൽ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥ

3 റോഡുകൾക്ക്ഒന്നിനും ഓവു ചാലുകൾ ഇല്ല.

4 ധാരാളം കലുങ്കുകൾ ആവശ്യമാണ്.

5 പുതിയ റോഡുകൾ ആവശ്യമാണ്.

6 ഉള്ള റോഡുകൾ സംരക്ഷിക്കുന്നില്ല.

7 ഓവർ. ബ്രിഡ്ജിൻെറ അഭാവം

8 റോഡ് നിർമ്മിക്കുന്നതിന് സ്ഥല ഉടമകളുടെ അനുവാദമില്ലായ്മ.

9 പൊട്ടിപ്പൊളിഞ്ഞ ടാർ റോഡുകൾ യഥാസമയം റിപ്പയർ ചെയ്യുന്നില്ല.

## സാധ്യതകൾ

1 എല്ലാ റോഡുകളുടേയും വശങ്ങളിൽ ഓവു ചാലുകൾ നിർമ്മിക്കണം.

2 നിർമ്മിക്കുന്ന ഓവു ചാലുകൾ നികന്നുപോകാതെ സൂക്ഷിക്കുന്നതിന് ഓരോ പ്രദേശത്തും കമ്മിറ്റികളെ ഏൽപ്പിക്കണം

3 വശങ്ങൾ ഇടിഞ്ഞുപോയ റോഡുകളുടെ വീതി കൂട്ടണം

4 ഇലക്ട്രിക് പോസ്റ്റുകൾ , ടെലിഫോൺ പോസ്റ്റുകൾ , ട്രാൻസ്ഫോമറുകൾ ഇലക്ട്രിക് ലൈൻ എന്നിവ മൂലമുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കണം.

5 കാർ, ഓട്ടോറിക്ഷാ എന്നവയ്ക്ക് പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തണം.

6 പുതിയ റോഡുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ ദനങ്ങളുടെ സഹകരണത്തോടെ റോഡുകൾ നിർമ്മിക്കണം

7 റോഡുകൾ നിർമ്മിക്കുന്നതിന് സന്നദ്ധരായ ജനങ്ങൾക്ക് സ്ഥലം ഉടമകളിൽ നിന്ന് സ്ഥലം കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

8 റോഡുകൾ നിർമ്മിക്കുന്ന സന്നദ്ധ പ്രവർത്തകരെ പ്രോത്സാഹിപ്പിക്കണം

9 ചപ്പുചവറുകളും ഹോട്ടലിലെ അവശിഷ്ടങ്ങളും റോഡരികിൽ നിക്ഷേപിക്കുന്നപ്രവണത അവസാനിപ്പിക്കണം.

10 റോഡിലെ അപകടങ്ങൾ ഉണ്ടാകുന്ന വളവുകൾ ഇല്ലാതാക്കാൻ നടപടികൾ ഉണ്ടാകണം.

11 റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് സ്കൂളുകളുടെ സമീപത്ത് മുന്നറിയിപ്പ് നൽകാനുള്ള മാർക്കിംങ്ങ് നടത്തുകയും സൈൻ ബോർഡ് സ്ഥാപിക്കുകയും ചെയ്യണം.

## ഊർജ്ജം

പാചകആവശ്യത്തിന് പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ചെറൂട്ട ശിവരാമൻകുഴി എന്ന സ്ഥലത്ത് നിന്ന് വിറക് പണ്ടുകാലത്ത് ധാരാളമായി ലഭിച്ചിരുന്നു. മിക്ക കാട്ടു പ്രദേശങ്ങളും നാമാവിശിഷടമായതോടെ തെങ്ങിനെ മാത്രം ആശ്രയിച്ചാണ് വിറകിൻെറ ആവശ്യം നിറവേറ്റപ്പെടുന്നത്.ഇന്ന് വിറകാവശ്യത്തിന് ഉപയോഗിക്കുന്ന മറ്റെരു വൃക്ഷം കശുമാവാണ്. മരമില്ലുകളിൽ നിന്നും വിറകു വാങ്ങി ഉപയോഗിക്കുന്നവരും ഉണ്ട്. സ്റ്റൗ, ഗ്യാസ് അടുപ്പുകൾ, എന്നിവ ഉപയോഗിക്കുന്ന വീടുകളുടെ എണ്ണം കുറവാണ്.ഹോട്ടലുകളിലും വിറകുതന്നെയാണ് കൂടുതലായി ആശ്രയിക്കുന്നത്. ശരാശരി 15 കി. ഗ്രാം വിറക് ഒരു കുടുംബം ദിനം പ്രതി ഉപയോഗിക്കുന്നുണ്ട്. വിറകിൽ നിന്ന് തീരപ്രദേശത്തുള്ളവർ ഗ്യാസ് അടുപ്പിലേക്ക് സാവധാനം മാറിക്കൊണ്ടിരിക്കുന്നു. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണവും വളരെ കുറവാണ്.

പരിഷത്ത് അടുപ്പുകൾ വളരെ ചുരുക്കം വീടുകളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ളവ പലതും ഉപയോഗ ശ്യൂന്യമായി കിടക്കുകയാണ്.പുതി അടുപ്പുകൾ സ്ഥപിക്കുന്നതിനും കേടായ വ റിപ്പർചെയ്യുന്നതിനും പരിശീലനം ലഭിച്ച ആളുകൾ ഇല്ലാത്തത് ഇത്തരം അടുപ്പുകളുടെ പ്രചാരത്തെ കര്യമായി ബാധിച്ചിട്ടുണ്ട്. ഗോബർ ഗ്യാസ് പ്ലാൻറുകൾ പരിമിതമായ തോതിൽ പഞ്ചാത്തിൽ സ്ഥീപിച്ചിട്ടുണ്ട്.എങ്കിലും ലാഭകരമല്ലാത്തതിനാൽ ഇതിനോടുള്ള താല്പര്യം ജനങ്ങൾക്ക് ഇല്ലാതായിട്ടുണ്ട്.

### സൗരോർജ്ജം,

അപൂർവ്വം ചിലവീടുകളിൽ സൗരോർജം ഉപയോഗിച്ച് ടി.വി. സെറ്റുകളും ഓഡിയോ ഉപകരണങ്ങളും പ്രവർത്തിക്കുന്നുണ്ട്. സൗരോർജപാനലുകൾ സാഥാപിക്കുന്ന കാര്യത്തിൽ ആളുകൾക്ക് താൽപര്യം ഏറിവരുന്നുണ്ടെങ്കിലും പാനലുകൾ ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. സൗരോർജം ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപാദനത്തിന് വൻ സാധ്യതയാണുള്ളത്. അറബിക്കടലിൽ നിന്നും സദാവീശിക്കൊണ്ടിരിക്കുന്ന കാറ്റിൽ നിന്ന് വൈദ്യുതി ലഭ്യമാക്കുന്നതിനെ ക്കുറിച്ചുള്ള അഭിപ്രായങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉണ്ടായിട്ടുണ്ട്. മരക്കാട്ടു. മൊട്ട, മഞ്ഞങ്ങാട്ടുമൊട്ട എന്നിവിടങ്ങളിൽ ടർബൈനുകൾ സാഥാപിക്കാവുന്നതാണ്.

### വൈദ്യുതി

പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് മാവുങ്കാൽ,സബ്സ്റ്റേഷനിൽ നിന്നാണ്. പഞ്ചായത്തിനകത്ത് ഇലക്ട്രക്കൽ സെക് ഷൻ ഓഫീസ് ഇല്ല. അജാന്നൂർ പഞ്ചായത്തിലെ ചിത്താരി എന്ന സ്ഥലത്താണ് ഈ ഓഫീസ് സ്ഥിതി ചെയ്യുന്നത്.

വൈദ്യുതി എത്താത്ത ധാരാളം പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. പാലത്താട് ഹരിജൻകോളനി, കുന്നുപാറകാനം, മൈലാട്ടി, കരിച്ചേരി, തൂവൽ, ബങ്ങാട്, ബട്ടത്തൂർ, കോറേത്തു കോളനി, അപ്പിച്ചി അടുക്കം, കുതിരക്കോട്ടുകോളനി, കിഴക്കേക്കര, മുനിക്കൽ, തോക്കാനം മൊട്ട, പാക്കം-പള്ളിപ്പുഴ ഹരിജൻകോളനി, കരുവാക്കോട് ഹരിജൻ കോളനി, വെളുത്തോളി-തോക്കാനം, പള്ളിക്കര-മിഷൻ കോളനി, മഠം-ഹരിജൻ കോളനി, അഗസറഹൊളെ ഹരിജൻ കോളനി , കുറിച്ചിക്കുന്നു കോളനി, പട്ടർച്ചാൽ എന്നിവയാണ് ഈ പ്രദേശങ്ങൾ.

ചിത്താരി ഇലക്ട്രിക്കൽ സെക് ഷൻ ഓഫീസിൻെറ പരുധിയിലാണ് പഞ്ചായത്തിൻെറ ഭൂരിപക്ഷം പ്രദേശങ്ങളും. നി

ലനവിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

| | |
|---|---|
| എ). ഗാർഹികം | 3180 |
| ബി) വ്യാപാരം | 435 |
| സി) വ്യവസായികം | 36 |
| ഡി) കാർഷികം | 743 |
| ആകെ | 4394 |

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ വിവരം പട്ടിക 2-ൽ കൊടക്കുന്നു.

| ക്രമനമ്പർ | സ്ഥലം | ഇനം |
|---|---|---|
| 1. | പനയാൽ | 100കെ.വി |
| 2. | തച്ചങ്ങാട് | 100 " |
| 3, | അറബി പള്ളി | 100 " |
| 4. | മവ്വൽ | 160 " |
| 5. | താഴെ മവ്വൽ | 100 " |
| 6. | ഹദാദ്ദനഹർ | 100- " |
| 7. | ഇല്ല്യാസ് നഗർ | 100 " |
| 8. | ബേക്കൽകുന്ന് | 100 " |
| 9. | ബേക്കൽ | 100 |
| 10. | കോട്ടൽകുന്ന് | 250 " |
| 11. | ഐസ്പ്ലാൻറ് | 100 " |
| 12. | മഠം | 100 " |
| 13. | സെൻട്രൽ വുഡ് | 100 " |
| 14. | പാക്കം | 100 " |
| 15. | കണ്ണം വയൽ | 100 " |
| 16. | വെളുത്തോളി | 100 " |
| 17. | പള്ളിക്കര | 100 " |
| 18. | ജോളി നഗർ | 100 " |
| 19. | കല്ലിങ്കാൽ | 100 " |
| 20. | പള്ളിപ്പുഴ | 100 ' |
| 21. | പൂച്ചക്കാട് | 250 " |
| 22. | പൂച്ചക്കാട് ഈസ്റ്റ് | 100 " |
| 23. | പൂച്ചക്കാട് സൗത്ത് | 100 " |
| 24. | കീക്കാൻ | 100 " |
| 25. | പൊയ്യക്കര | 100 " |
| 26. | ചെർക്കംപ്പാറ | 100 " |
| 27. | കോട്ടപ്പാറ | 100 " |
| 28. | നെല്ലിയടുക്കം | 100 " |
| 29. | പെരിയാട്ടടുക്കം | 100 " |

വൈദ്യുതിയുടെ ഉപയോഗം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനനുസരിച്ച് വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്നില്ല. വോൾട്ടേജ് ക്ഷാമം ഈ പ്രദേശത്ത് രൂക്ഷമാണ്. നിലവിലുള്ള വൈദ്യുതി ലൈനുകളും ട്രാൻസ്ഫോമറുകളും വർദ്ധിച്ചുവരുന്ന ഉപഭോഗത്തിന് പര്യാപ്തമല്ല. മഴക്കാലം ആരംഭിച്ചാൽ തുടർച്ചയായി ദിവസങ്ങളോളം വൈദ്യുതി ലഭിക്കാത്ത അവസ്ഥ ഉണ്ടാകാറുണ്ട്.

ട്രാൻസ്ഫോമറുകൾ ആവശ്യമുള്ള സ്ഥലങ്ങൾ

(അവലംബം - ഗ്രാമസഭാറിപ്പാർട്ട്)

| ക്രമനമ്പർ | സ്ഥലം |
|---|---|
| 1. | അരവത്ത് |
| 2. | പൊടിപ്പളം |
| 3. | കരുവാക്കോട് |
| 4. | മവ്വൽ പള്ളി ജംഗ്ഷൻ |
| 5. | കൂട്ടക്കനി |
| 6. | തോക്കാനം മൊട്ടകോളനി |
| 7. | പള്ളത്തുങ്കൽ |
| 8. | തൊട്ടി മദ്രസ |
| 9. | അരയൽത്തറ |
| 10. | മവ്വൽ -പെരിയാറോഡ് ജംഗ്ഷൻ |

വൈദ്യുതീകരിച്ച ഹരിജൻ കോളനി കളുടെ വിവരങ്ങൾ

| വാർഡു നമ്പർ | കോളനിയുടെ പേര് | വൈദ്യുതി ലഭിച്ചകുടുംബങ്ങൾ | സൗജന്യമായി ലഭിച്ചവർ | പണം നൽകുന്നവർ |
|---|---|---|---|---|
| 10. | അസഗറഹൊളെ | 5 | 5 | -- |
| 11. | മവ്വൽ | 10 | 10 | -- |
| 4. | വെളുത്തോളി | 30 | 30 | -- |

(അവലംബം -സെക് ഷൻ ഓഫീസ് ചിത്താരി)

വൈദ്യുതി കണക് ഷൻ ലഭിക്കുന്നതിന് അപേ[illegible]കി കാത്തിരിക്കുന്നവരുടെ എണ്ണം പട്ടികയിൽ കൊടുക്കുന്നു.

| | |
|---|---|
| സാധാരണ കണക് ഷൻ | 200 |
| ഒ.ടി.പി | -4 |
| ഒ.വൈ.ഇ.സി | 75 |

| | | |
|---|---|---|
| ആകെ | 279 | |

പഞ്ചായത്തിൻെറ പലഭാഗത്തും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടങ്കിലും മിക്കവയും ഉപയോഗ ശൂന്യമാണ് . സ്ഥാപിച്ചിട്ടുള്ള വൈദ്യതി വിളക്കുകളുടെ എണ്ണം താഴെ കെ ടുക്കുന്നു

| | | |
|---|---|---|
| ബൾബ് | 60 W | 46 |
| | 40W | |
| മെർക്കുറി വേപ്പർ | | 1 |
| സോഡിയം വേപ്പർ | | 2 |

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല.

2തുടുർച്ചയായി വൈദ്യിതി ലഭിക്കുന്നില്ല.

3 വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

4 പലപ്രദേശങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഉപയോഗശൂന്യമായവ മാറ്റുന്നില്ല.

5 വൈദ്യുതികരിക്കാത്ത ഹരിജൻ കോളനികൾ ഉണ്ട്.

6 സ്റ്റെപ്പ് അപ്പിൻെറ അമിതമായ ഉപയോഗം.

7 ബോർഡു ജിവനക്കാരുടെ സേവനം തൃപിതികരമല്ല.

8 വൈദ്യുതിയുടെ ദുർവിനിയോഗം.

9 മണ്ണെണ്ണ ഗ്യാസ്കണക്ഷൻ എന്നിവ ലഭിക്കുന്നില്ല.

10 പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വ്യാപകമല്ല.

11 ദക്ഷത കൂടിയ അടുപ്പുകൾ റിപ്പയ്ർ ചെയ്യുന്നതിനം പരിശീലനം ലഭിച്ച് ആളുകൾ ഇല്ല.

12 ഇലക്ട്രിക് ലൈനുകൾ കാലപ്പഴക്കം ചെന്നവയാണ്.

13 ആവശ്യമുള്ള തോതിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടില്ല.

14 വ്യാവസായിക കാർഷിക കാവശ്യങ്ങൾക്ക ആവശ്യമുള്ള ത്ര വൈദ്യുതി ലഭിക്കുന്നില്ല.

15 പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെചടുത്തിന്നില്ല.

സാധ്യതകൾ

1 വൈദ്യുതി തകറാരുകൾ യഥാസമയം പരിഹരിക്കുക.

2 ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം തെരുവുവിളക്കുകൾ സ്ഥാപിക്കുക.

3 മൈലാട്ടി സ്ബ് ,സ്റ്റേഷൻെറ പണി എത്രയം പെട്ടന്ന് പൂർത്തിയാക്കുകയും വൈദ്യുതി വിതരണം കാര്യക്ഷമമാക്കുകയും ചെയ്യുക.

4 ദക്ഷത കൂടിയ അടുപ്പുകൾ വ്യാപിപ്പിക്കുക.

5മണ്ണെണ്ണ പാചക വാതകം എന്നിവയുടെ ലഭ്യത വ്യാപകമാക്കുക.

6 ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും പരിശീലനം നൽകുക.

7 കുറഞ്ഞതോതിൽ വൈദ്യുതി ആവശ്യമുള്ളതും കാര്യക്ഷമമായി പ്രവർത്തിക്കുന്നതുമായ വൈദ്യുതോപകരണങ്ങൾ മിതമായ നിരക്കിൽ വിതരണം ചെയ്യുക.

8 സൗരോർജം ഉപയോഗിച്ചുള്ള വൈദ്യുതതോൽപ്പാദനം സാർവ്വത്രികമാക്കുക.

9 വൈദ്യുതിയുടെ അമിതോപയോഗം തടയുക.

10 കാലപ്പഴക്കം ചെന്ന ഇലക്ട്രിക് ഉപകരണങ്ങൾ മാറ്റുക.

11 തരിശുപ്രദേശങ്ങളിൽ വിറകാവശ്യത്തിനുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.

12 പള്ളിക്കരയിൽ ഇലക്ട്രിക്കൽസെക്ഷൻസ് ഓഫീസ് സ്ഥാപിക്കുക.

13 വൈദ്യുതി ജീവനക്കാർ സേവനം കാര്യക്ഷമമാക്കുക.

# 5-7
# ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം



# ഭവന നിർമാണവും സാമൂഹ്യക്ഷേമവും

വീടുകളെസംബന്ധിച്ച വിവരങ്ങൾ പട്ടിക-1ൽ കൊടുത്തിരിക്കുന്നു

| ആകെവീടുകൾ | കോൺക്രീറ്റ് | ഓട് | ഓല | കുടിൽ |
|---|---|---|---|---|
| 67695 | 1739 | 4266 | 498 | 292 |

സർവ്വേ പ്രകാരം-ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പഞ്ചായത്ത് തല വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്.സി.എസ്.ടി. കുടുംബം | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബം | ഇതിൽ എസ്.സി.എസ്.ടി. കുടുംബം | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 228 | 4 | 5 | 2 | 5 | 228 |
| 2 | 184 | 6 | 15 | 5 | 12 | 184 |
| 3 | 144 | 1 | 20 | - | 18 | 144 |
| 4 | 273 | 14 | 25 | 12 | 21 | 273 |
| 5 | 239 | 3 | 18 | 3 | 15 | 239 |
| 6 | 55 | 2 | 3 | - | 12 | 55 |
| 7 | 198 | - | 2 | - | 1 | 198 |
| 8 | 85 | - | 3 | - | 2 | 85 |
| 9 | 134 | - | 2 | - | 1 | 134 |
| 10 | 66 | - | 4 | - | 2 | 66 |
| 11 | 122 | 7 | 1 | 1 | 1 | 122 |
| 12 | 44 | - | 13 | - | 1 | 44 |
| 13 | 35 | 9 | 13 | 6 | 10 | 35 |
| ആകെ | 1807 | 46 | 134 | 29 | 101 | 1807 |

1992-93 വർഷത്തെ വിവരങ്ങൾ (വി.ഇ.ഒ. രേഖകൾ)

പൊതുവെ ഉയർന്ന സമതലങ്ങളും ചെരിവുകളും നിറഞ്ഞ പ്രദേശമാണ് പള്ളിക്കര പഞ്ചായത്ത്. 1964ൽ പള്ളിക്കരപഞ്ചായത്ത് രൂപം കൊണ്ടത് നിലവിലുണ്ടായിരുന്ന പള്ളിക്കര-1 പനയാൽ കീക്കാൻ വില്ലേജുകൾ ചേർന്നാണ്. അന്നും ഇന്നും പള്ളിക്കര കീക്കാൻ വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശമാണ് ജനസാന്ദ്രതയിൽ മുന്നിട്ട് നിൽക്കുന്നത്. കുന്നിൻ പ്രദേശങ്ങൾ നിറഞ്ഞ പനായൽ വില്ലേജിൻെറ ചില ഭാഗങ്ങളിൽ മാത്രമാണ് താരതമ്യേന കൂടിയ ജനസാന്ദ്രത ഉള്ളത്. കാർഷികവൃത്തി ഉപജീവനമാർഗമായി തെരഞ്ഞെടുത്ത ഒരു ജനതയാണ് ഇവിടെ ഉണ്ടായിരുന്നത്. അതുകൊണ്ട്തന്നെ ഭവനനിർമ്മാണരംഗത്ത് കാൽ നൂറ്റാണ്ട് മുമ്പ്വരെ ഒരുകാർഷികസംസ്കാരമണ് നിലവിലുണ്ടായിരുന്നത്. മുളിയിട്ട വീടുകളായിരുന്നു അധികവും.ഗൾഫ് മേഖലയുടെസ്വധീനം ഏറ്റവും കൂടുതൽപ്രകടമയാത് ഭവന നിർമ്മാണ രംഗത്താണ്. പുല്ലുമേഞ്ഞ വീടുകളുടെസ്ഥാനത്ത് പാശ്ചാത്യ മാതൃകയിലുള്ള കൂറ്റൻ മണിമാളികകൾ അതിവേഗം കൈയടക്കിക്കൊണ്ടിരിക്കുകയാണ്. പുല്ലിൽ നിന്ന് ഓടിലേക്കും അവിടെനിന്ന് കോൺക്രീറ്റിലേക്കുമുള്ള മാറ്റം

അമ്പരപ്പിക്കുന്ന വേഗതയിലാണ്. പഞ്ചായത്തിൽ 6795 വീടുകളിൽ പുല്ല് മേഞ്ഞ കുടിലുകൾ 292 ഉം ഓല മേഞ്ഞവ 498ഉം ഓടിട്ടത് 4266ഉം കോൺക്രീറ്റ് 1739ഉംആണ്. ഓടു മേഞ്ഞ മിക്ക വീടുകൾക്കും അനുബന്ധമായി കോൺക്രീറ്റിൽ തീർത്ത ഭാഗങ്ങൾ വ്യാപകമായികൊണ്ടിരിക്കുന്നു. യാത്രാ സൗകര്യം തീരെ കുറഞ്ഞ ഉൾ നാടൻ മൂലകളിലും പിന്നോക്ക വിഭാക്കാരുടെ ചില കോളനികളിലും മാത്രമേ പുല്ലു മേഞ്ഞ വീടുകൾ ഇപ്പോൾ കാണാനുള്ളൂ.

പേജ്-2

| കക്കൂസ്ഉള്ള വീടുകളുടെ എണ്ണം: 3837 | |
|---|---|
| സെപ്റ്റിക് ടാങ്ക് | 805 |
| ഇ.എസ്.പി | 3764 |
| മറ്റുള്ളവ | 268 |

അവലംബം-സെക്കൻററി ഡാറ്റ

വൻകിട വീടുകളുടെ നിർമ്മാണം വ്യാപകമായതോടെ കോൺട്രാക്ട് വ്യവസ്ഥയിലുള്ള പ്രവണത വർദ്ധിക്കുകയും ഇടത്തരക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും തൊഴിൽലാളികളുടെ സേവനം വേണ്ട സമയത്ത് ലഭ്യമല്ലാതാവുകയും ചെയ്യുന്നതസ്ഥിതി ഉണ്ടായിട്ടുണ്ട്. കെട്ടിട നിർമാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം ഇടത്തരം -താഴ്ന്ന വരുമാനക്കാരുടെ വീട് നിർമാണ മോഹങ്ങൾക്ക് തിരിച്ചടിഏൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. വൻ തുക മുടക്കി നിർമിക്കന്ന വീടുകളുടെ ആരോഗ്യപരമായചുറ്റുപാടുകൾക്ക് പൊതുവെ പ്രാധാന്യം കൽപ്പിക്കാത്ത അവസ്ഥയും നിലവിലുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കാലാവസ്ഥാ ഘടകങ്ങളും ആരും തന്നെ കണക്കിലെടുക്കുന്നില്ല.

തീരപ്രദേശങ്ങളിൽ നർമ്മിക്കുന്ന വീടുകൾക്ക് ഇരുമ്പ് ജനാലകൾ ഘടിപ്പിക്കുന്ന പ്രവണതകണ്ട് വരുന്നുണ്ട്. കടലിൽ നിന്ന് ഉപ്പുരസമുള്ള കാറ്റ് വീശിയടിക്കുന്ന ഈ പ്രദേശങ്ങളിൽ വളരെവേഗം തന്നെ ഇത്തരം ജനാലകൾ തുരുമ്പ് പിടിച്ച്നശിച്ചുപോകും.

ഐ.ആർ.ഡി.പി. സർവേ പ്രകാരം പഞ്ചായത്തിൽ ആകെയുള്ള 6795 കുടുംബങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക്താഴെയുള്ളത് 1807 കുടംബങ്ങളാണ്. ഇതിൽ പട്ടികജാതി-പട്ടികവർഗത്തിൽപെട്ട 46 കുടുംബങ്ങളാണ് ഉള്ളത്. 29 പട്ടികജാതി-പട്ടിക വർഗ കുടുംബങ്ങൾ ഉൾപ്പെടെ 134 കുടുംബങ്ങൾക്കാണ് വിവിധ ഏജൻസിയുടെ സാമ്പത്തിക സാഹയം കിട്ടിയിട്ടുള്ളത്. വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 95-96 വർഷത്തിൽ 41 വീടുകളിൽ 38 എണ്ണത്തിൻെറ പണി പൂർത്തിയായിട്ടുണ്ട്. മൂന്ന് എണ്ണത്തിൻെറ പണി നടന്നുകൊണ്ടിരിക്കുന്നു. ഇനിയും 850 വീടുകൾ ആവശ്യമുണ്ട്. സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം 1091 ആണ്.വിവിധ പദ്ധതികളിലായി അനുവദിക്കുകയും പൂർത്തീകരിച്ചവയും ആയി 65 എണ്ണമാണ് ഉള്ളത്.

ഭവന നിർമാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാത്തവ |
|---|---|---|---|---|
| 1 | 156 | 9 | 7 | 3 |
| 2 | 103 | 21 | 1 | |
| 3 | 102 | 17 | 14 | 45 |
| 4 | 154 | 24 | 28 | - |
| 5 | 23 | 30 | 20 | - |
| 6 | 24 | - | - | - |
| 7 | 102 | 1 | - | - |
| 8 | 34 | 1 | - | - |
| 9 | 36 | 1 | - | - |
| 10 | 54 | 8 | 6 | 2 |
| 11 | 57 | 8 | 7 | 2 |
| 12 | 24 | 1 | 1 | - |
| 13 | 24 | 5 | 4 | - |
| ആകെ | 891 | 145 | 104 | 12 |

കുതിരക്കോട്, കോറോത്ത്, ചൊടിപ്പളം, പാലത്താട്, തോക്കാനുമൊട്ട, ചിറക്കാപ്പാറ, പാക്കം,കരുവാക്കോട്, തെക്കേക്കുന്ന്, ആലക്കോട്, പള്ളിക്കര മഠം, കോട്ടപ്പള്ള, മവ്വൽ പ്പള്ള, മവ്വൽ സെൻറർ,കുറിച്ചിക്കുന്ന് എന്നീ കോളനികളിലാണ് അംഗീകാരമില്ലാത്ത കോളനികൾ. കുടിലുകളിൽ ഏറെയും ഉള്ളത് ഈ കോളനികളിലാണ്. വീടില്ലാത്തവരിൽ അധികവും ഈ കോളനികളിൽ ഉള്ളവരാണ്. അനാരോഗ്യകരമായ ചുറ്റുപാടുകളിലാണ് ഇവർ ജീവിക്കുന്നത്. സമയത്തിനു കെട്ടിമേയാത്ത വീടുകളാണ് കോളനികളിൽ അധികവും. യാത്രാസൗകര്യവും കുറവാണ്.

സ്വന്തമായി വീടില്ലാത്തവരിൽ അധികവും നെല്ലിയടുക്കം ചക്ലിയകോളനി, 4, 7, 9, 12, 13 വാർഡുകളിലെ പട്ടികജാതി വിഭാഗങ്ങൾ ബേക്കൽ തീരത്തുള്ള മത്സ്യതൊഴിലാളികൾ, 12-ാം വാർഡിൽ മുസ്ലിം വിഭാഗം എന്നീ ക്രമത്തിലാണ്. മറ്റു വാർഡുകളിൽ എല്ലാ വിഭാഗത്തിലും പെട്ട വീടില്ലാത്തവരുണ്ട്. ഓരോ വർഷവും കെട്ടിട നിർമാണത്തിൽ 10 ശതമാനം വർദ്ധനവ് ഉണ്ടാകുന്നുവെന്ന് പഞ്ചായത്ത് രേഖകൾ കാണിക്കുന്നു.

ഭവന നിർമാണ രംഗം നേരിടുന്ന പ്രധാന പ്രശ്നം സാമ്പത്തിക പ്രയാസമാണ്. വീട് നിർമ്മാണത്തിനായി വിവിധ ഏജൻസികൾ ധനസഹായം നൽകുന്നുണ്ടെങ്കിലും സാധാരണക്കാർക്ക് താങ്ങാനാവാത്ത നിബന്ധനകളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ഉള്ളത്. ഈ പ്രതിസന്ധി തരണം ചെയ്താൽ തന്നെ ആവശ്യക്കാർക്ക് മുഴുവൻ വായ്പകൾ ലഭിക്കുന്നില്ല. കൊള്ളപ്പലിശയ്ക്ക് പണ കടം കൊടുക്കുന്ന മറ്റ് ഏജൻസികളെ സമീപിക്കുന്ന പലർക്കും വീട് നിർമാണം ഇടയ്ക്ക്വെച്ച് നിർത്തേണ്ടുന്ന സ്ഥിതിയാണ്.

**പ്രശ്നങ്ങൾ**

1. സ്വന്തമായി ഭൂമിയില്ലാത്ത അവസ്ഥ.

2. സാമ്പത്തിക പ്രയാസം.

3. ധനകാര്യസ്ഥാപനങ്ങളുടെ അഭാവം.

4. സങ്കീർണമായ ഉപാധികളും ഉയർന്ന പലിശ നിരക്കും.

5. പ്രാദേശികമായി ലഭിക്കുന്ന നിർമാണ സാമഗ്രികൾ ഉപയോഗിച്ച് ചെലവു കുറഞ്ഞവടുകൾ നിർമിക്കുന്നതിനു സ്ഥാപനങ്ങളില്ല.

6. ഭവന നിർമാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനവ്

7. തൊഴിലാളികളുടെ ദൗർലഭ്യം.

8. കെട്ടിടനിർമാണ അനുമതിക്കുള്ള കാലതാമസം.

9. ഏജൻസികൾ നൽകുന്ന വായ്പ തുകയുടെ അപര്യാപ്തത.

**സാധ്യതകൾ**

1.ഭവന നിർമാണ സഹായത്തിനു പഞ്ചായത്തിൽ ഒരു സഹകരണസംഘം ആരംഭിക്കുക.

2. സഹകരണ ബാങ്കുകൾ ഭവന നിർമാണത്തിനു കുറഞ്ഞ പലിശനിരക്കിൽ വായ്പ അനുവദിക്കുക.

3. വീടുകൾക്ക് ചെലവാകുന്ന തുകയ്ക്ക് പരിധി നിർണയിക്കുകയും പരിധിയിൽ കൂടുതൽ പണം ചെലവാക്കുന്നവീടുകൾക്ക് അധിക നികുതി ഈടാക്കുകയും ചെയ്യുക.

4.ഭവന വായ്പക്കുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

5. തൊഴിലാളിക്ഷേമനിധിയിലേക്ക് കെട്ടിടം നിർമിക്കുന്നവരിൽ നിന്ന് തുകഈടാക്കുന്ന രീതി അവസാനിപ്പിക്കു.

6. തൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിക്കുക.

7. ദുർബല വിഭാഗങ്ങൾക്കുള്ള വായ്പ്പത്തുക വർദ്ധിപ്പിക്കുക.

8. കെട്ടിട നിർമിതിക്ക് അനുവാദം നൽകുന്നതിനുള്ള സാങ്കേതിത്വവും കാലതാമസവും ഒഴിവാക്കുക.

9. ചെലവു കുറഞ്ഞ വീടു നിർമാണ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുക.

10. വീടുംസ്ഥലവും ഇല്ലാത്തവർക്ക്വേണ്ടി ഒറ്റപ്പെട്ട വീടുകൾ നിർമിക്കുന്നതിനു പകരംപൊതു സൗകര്യങ്ങളോട് കൂടിയ ഹൗസിംഗ് കോംപ്ലക്സുകൾ ആരംഭിക്കുക.

11. വീട് നിർമാണത്തിന്റെ ചുമതലകൾ ജനകീയ കമ്മിറ്റികളെയോ സന്നദ്ധ സംഘങ്ങളെയോ ഏർപ്പെടുത്തുക.

## സാമൂഹ്യക്ഷേമം

അവശജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി സർക്കാർ പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താക്കളായ അനേകം കുടുംബങ്ങൾക്ക് തങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

ഐ.ആർ.ഡി.പി. സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

അവലംബം-സെക്കൻററി ഡാറ്റ-പട്ടിക-5

| വാർഡുകൾ ആകെ | സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ | ഇതിൽ എസ്സി എസ്.ടി. കുടുംബങ്ങൾ | ഇതു വരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്സി. എസ്.ടി | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 13 | 1807 | 46 | 134 | 29 | 101 | 1807 |

വിവിധ വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിവിധ കോർപ്പറേഷനുകൾ ഉണ്ട്. ഇവ ഏർപ്പെടുത്തിയിട്ടുള്ള ദാരദ്ര്യ നിർമാർജ്ജന പദ്ധതികളുമയി ബന്ധപ്പെട്ട സഹായങ്ങളാണ് നാമമാത്രമായി പഞ്ചായത്തിൽലഭിക്കുന്നത്. സഹായങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും അവ്യക്തതയും ഇത്തരംപദ്ധതികൾ നടപ്പിലാക്കുന്നതിൽ തടസ്സമായി നിൽക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ് ഈ സഹായങ്ങൾ നടപ്പിലാക്കി വരുന്നത്.

# ട്രൈസം

18 മുതൽ 35വയസ്സ്വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന ഈ പദ്ധതിയിൽ ഒമ്പത് പേർക്കാണ് ഇതുവരെ പരിശീലനം നൽകിയിട്ടുള്ളത്. പരിശീലനവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ആരും ഏർപ്പെട്ടിട്ടില്ല. ഇവരെല്ലാം തന്നെ പരിശീലനവുമായി ബന്ധമില്ലാത്ത മറ്റുമേഖലകളിലാണ്ജോലി ചെയ്യുന്നത്. അർഹതയുള്ള വരെ തെരഞ്ഞെടുക്കുകുയം പരിശീലനം ലഭിച്ചർക്ക സ്വയം തൊഴിൽ കണ്ടെത്താനുമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്തു കൊണ്ടല്ലാതെ ഈ പദ്ധതി വിജയപ്രദമാക്കാൻ സാധിക്കുകയുള്ളൂ.

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്നപരിപാടി

IRDP

| വാർഡ് നമ്പർ | ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ഗ്രാമീണ തൊഴിലാളികളുടെഎണ്ണം | സഹായംലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെഎണ്ണം |
|---|---|---|---|
| 1 | 6 | 2 | 4 |
| 2 | 11 | 6 | 5 |
| 3 | 17 | 15 | 2 |
| 4 | 24 | 13 | 11 |
| 5 | 26 | 12 | 14 |
| 6 | 5 | - | 5 |
| 7 | 5 | - | 5 |
| 8 | - | | - |
| 9 | - | - | - |
| 10 | 5 | 5 | - |
| 11 | | | - |
| 12 | - | - | - |
| 13 | - | - | - |
| ആകെ | 99 | 53 | 46 |

പട്ടിക-6 എ

# ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടിനുസരിച്ച് ടൂൾകിറ്റുകൾ ലഭിച്ചവരുടെ എണ്ണം 53 ആണ്. ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം 46 പേർക്ക്കൂടി ഈ സഹായത്തിനു അർഹതയുണ്ട്. സഹായം ലഭിച്ചരുടെ എണ്ണവും വർഷവും താഴെ കൊടുക്കുന്നു.

പട്ടിക-6

| വർഷം | സഹായം ലഭിച്ചവർ |
|---|---|
| 1993-94 | 23 |
| 94-95 | 16 |
| 95-96 | 15 |

അവലംബം-സെക്കന്ററി ഡാറ്റ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമിക്കാൻ ധനസഹായംനൽകുന്ന പദ്ധതിയനുസരിച്ച് ഇതുവരെ അനുവദിച്ചവരുടെ എണ്ണം 65ആണ്. ഇത്രയും എണ്ണത്തിന്റെ പണിപൂർത്തിയായിട്ടുണ്ട്. 1026 കുടുംബങ്ങൾക്കാണ് ഈ പദ്ധതിയനുസരിച്ച് ഇനി കക്കൂസുകൾ ലഭിക്കേണ്ടത്. (പട്ടിക-7)

അവശതയനുഭവിക്കുന്ന വിവിധ വിഭാഗം ജനങ്ങൾക്ക് നൽകി വരുന്ന പെൻഷനുകൾ അർഹരായ മുഴുവൻ ആളുകൾക്കും ലഭിക്കുന്നില്ലെന്ന പരാതി ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ലഭിക്കുന്നവർക്ക്തന്നെ കൃത്യമായി കിട്ടാത്ത അവസ്ഥയും ഉണ്ട്. പെൻഷനു അർഹതയുള്ളവരെ തെരഞ്ഞെടുക്കുന്നതിനും കൃത്യസമയത്ത് പെൻഷൻ നൽകുന്നതിനുള്ള ചുമതല പൂർണ്ണമായും ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കണമെന്ന നിർദ്ദേശവും ഉയർന്നുവന്നിട്ടുണ്ട്.

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെഎണ്ണം (ഐ.ആർ. ഡി.പി.സർവ്വേപ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം(92നുശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 208 | 2 | 2 | 205 |
| 2 | 141 | 3 | 3 | 130 |
| 3 | 123 | 17 | 17 | 115 |
| 4 | 190 | 16 | 16 | 174 |
| 5 | 154 | 11 | 11 | 143 |
| 6 | 45 | 4 | 4 | 41 |
| 7 | 112 | 2 | 2 | 110 |
| 8 | 26 | 1 | 1 | 25 |
| 9 | 24 | 1 | 1 | 23 |
| 10 | 12 | 4 | 4 | 8 |
| 11 | 25 | 1 | 1 | 24 |
| 12 | 15 | 1 | 1 | 14 |
| 13 | 16 | 2 | 2 | 14 |
| ആകെ | 1091 | 65 | 65 | 1026 |

വി.ഇ.ഒ. രേഖകൾ

178 പേർക്കാണ് പഞ്ചായത്തിൽ വിധവാ പെൻഷൻ ലഭിക്കുന്നത്. 68 വികലാംഗ പെൻഷനും 78 വാർദ്ധക്യകാല പെൻഷനകുൾ വിതരണം ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ അവശകലാകാരന്മാർക്കുള്ള പെൻഷൻ ഒരാൾക്ക് ലഭിക്കുന്നുണ്ട്.

പഞ്ചായത്തിൽ ആകെ 12 റേഷൻഷോപ്പുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ പത്തെണ്ണവും പള്ളിക്കരസഹകരണസ്റ്റോറിന്റെ മേൽനോട്ടത്തിൽ നടക്കുന്നവയാണ്.

# അങ്കൺവാടികൾ

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 21 അംഗൺ വാടികളാണ് പഞ്ചായത്തിലുള്ളത്.

ഏറ്റവും അവസാനമായി പ്രവർത്തനമാരംഭിച്ചത് തൊട്ടി അങ്കൺവാടിയാണ്. അപൂർവ്വം ചില അംഗൺ വാടികളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന അഭിപ്രായം ഗ്രാമസഭകളിൽ ഉണ്ടായി. മറ്റ് അംഗൺവാടികളുടെ പ്രവർത്തനം തൃപ്തികരമാണെന്നാണ് അഭിപ്രായം.

കുട്ടികൾക്ക് കളിക്കാനുള്ള സ്ഥലം, കളിപ്പാട്ടങ്ങൾ എന്നിവ എവിടെയും ഇല്ല എന്നു തന്നെ പറായം. കുടിവെള്ളംലഭ്യമല്ലാത്ത അംഗൺവാടികളുംഉണ്ട്. ജനസംഖ്യാനുപാതികമായി അംഗൺവാടികൾ സ്ഥാപിക്കപ്പെട്ടിട്ടില്ല. ആയിരം ആളുകൾക്ക് ഒരു അംഗൺവാടി എന്ന ലക്ഷ്യം നേടണമെങ്കിൽ 13 അംഗൺവാടികൾ കൂടി സ്ഥാപിക്കേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ**

1. ജനസംഖ്യാനുപാതികമായി അംഗൺവാടികൾ അനുവദിക്കുക.

2. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൺവാടികൾക്ക് കെട്ടിടം നിർമിക്കുക.

3. അംഗൺവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും വേതനം ഉയർത്തുകയും ചെയ്യുക.

4. എല്ലാ അംഗൺവാടികളിലുംകളിപ്പാട്ടങ്ങൾ വിതരണം ചെയ്യുക.

5. മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് സ്ത്രീകളിൽ ബോധവൽകരണം നടത്തുകയും ചെയ്യുക.

6. അർഹതപ്പെട്ടമുഴുവൻ ആളുകൾക്കും പെൻഷൻ നൽകുക.

7. പ്രായപൂർത്തിയായ ആൺമക്കളുണ്ടായിട്ടും വാർദ്ധ്യകൃകാലത്ത് സംരക്ഷണംകിട്ടാത്തവർക്ക്വേണ്ടി വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കാം.

8. എല്ലാ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിലും പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കുക.

9. തൊഴിലാളി ക്ഷേമ പദ്ധതികളിൽ മുഴുവൻ തൊഴിലാളികളെയും ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

> *"നഗരത്തിലുള്ളവർക്ക് വലിയ ലാഭവും നല്ല ശമ്പളവും കിട്ടുന്നുണ്ടായിരിക്കാം. എന്നാൽ അതൊക്കെ ഗ്രാമീണരുടെ രക്തം ഊറ്റിക്കുടിക്കുന്നതിൽ നിന്നുണ്ടാകുന്ന സ്വകര്യങ്ങളാണ്."*

വ്യത്യസ്ത ഭാഷ സംസാരിക്കുന്നവരും വ്യത്യസ്ത ദേശക്കാരുമായ രാജാക്കന്മാരുടെയും പടയോട്ടങ്ങൾക്ക് വളരെക്കാലം സാക്ഷിയാകേണ്ടി വന്ന ഒരുപ്രദേശമാണ് പള്ളിക്കര. ബദനൂർ വംശക്കാരായ നായക്കന്മാരുടെയും ഹൈദരാലിയുടെയും ടിപ്പുവിന്റെയും പടനീക്കങ്ങളും പിടിച്ചെടുക്കലുകളും ഇവിടെ നടന്നിട്ടുണ്ട്. തെക്കു നിന്ന് കോലത്തിരിയുടെയും സാമൂതിരിയുടെയു സംയുക്ത സൈന്യം ഇക്കേരി നായ്ക്കന്മാർക്കെതിരെ നയിച്ചപടയിൽപങ്കെടുത്ത നായകന്മാർ പിൽക്കാലത്ത് ഇവിടെ സ്വാധീനമുറപ്പിച്ചിട്ടുണ്ട്. രാജവാഴ്ചയുടെ പരിസമാപ്തിയിൽ ഫ്യൂഡൽപ്രഭുക്കന്മാരുടെയും പ്രമാണിമാരുടെയും ചവിട്ടടിയിലാണ് ഈ മണ്ണ് അമർന്നുപോയത്. ജന്മിത്വത്തിന്റെ കൂടെപ്പിറപ്പായിരുന്ന അനാചാരങ്ങൾ ഈ പ്രദേശത്തെ ജനങ്ങൾ വളരെക്കാലം സഹിച്ചു. ദേശീയ പ്രക്ഷോഭങ്ങൾ അരങ്ങ് തകർക്കുമ്പോൾ ഭൂരിപക്ഷം ആളുകളും കാഴ്ചക്കാരായിപ്പോയത് ഈ അവസ്ഥയിലായിരുന്നതുകൊണ്ടാണെന്ന് നമുക്ക് കണ്ടെത്താൻ കഴിയും.

കേരളത്തിന്റെ ചരിത്രഗതിയിൽ നിർണായക് സ്വാധീനം ചെലുത്തിയ നേതാക്കന്മാർ ഒളിവിലും തെളിവിലും പ്രവർത്തിച്ച ഒരു പ്രദേശമായിട്ടും കൂടി, ജില്ലയുടെ തെക്കൻ പ്രദേശങ്ങളിൽ സടകുടഞ്ഞെണീറ്റ പോർവീര്യവും സാംസ്കാരിക സമന്വയവും ആവാഹിക്കുന്നിൽ പൂർണവിജയം കൈവരിക്കാൻ ഈ പ്രദേശത്തിനു കഴിഞ്ഞില്ല. കുടിയാന്മാരായും അടിയാന്മാരായും കഴിഞ്ഞുപോന്ന ഭൂരിപക്ഷം ജനങ്ങൾക്കും ഭൂപരിഷ്കരണ നടപടികൾ വലി സ്വന്തംകാലിൽ നിൽക്കാനുള്ള അവസരം കൈവന്നുവെങ്കിലും പാരമ്പര്യവിശ്വാസങ്ങളിലും ഐതിഹ്യങ്ങളിലും ആണ്ട്പോയ ജീവിതക്രമങ്ങളിൽ നിന്ന് പുറത്ത്കടക്കാനുള്ള പ്രർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്.

# സംസ്കാരം

മലയാളം,കന്നട,തുളു, കൊങ്ങിണി, ഹിന്ദുസ്ഥാനി, ഭാഷകൾ സംസാരിക്കുന്ന അനേകം ജനവിഭാഗങ്ങളുടെ സംഗമഭൂമിയാണ് പള്ളിക്കരപഞ്ചായത്ത്. വിവിധ ജാതിമതങ്ങളുടെ ആചാരവിശേഷങ്ങളും, ആഘോഷങ്ങളും ഉത്സവങ്ങളും തനിമ നഷ്ടപ്പെടാതെ ഇന്നും ഇവിടെ നില നിൽക്കുന്നു. ഹന്ദുക്കൾ, മുസ്ലിംകൾ,കൃസ്ത്യാനികൾ, ഹനഫികൾ, രജപുത്രൻ തുടങ്ങിയ വിഭാഗങ്ങൾ ഇവിടെ അധിവസിക്കുന്നു. വ്യത്യസ്ത വിശ്വാസപ്രമാണങ്ങളുടെ അതിർവരമ്പുകൾ ക്രമേണ മാഞ്ഞുകൊണ്ടിരിക്കുകയാണ്. വിവിധ സംസ്കാരങ്ങളുടെ ഇഴുകിചേരൽ ഇനിയും സാധിക്കേണ്ടിയിരിക്കുന്നു.

സാംസ്കാരിക രംഗത്ത് സജീവസാന്നിധ്യമായി നിൽക്കുന്ന ഒരു സ്ഥാപനം ഈ നാട്ടുകാരുടെ സ്വപ്നമാണ് ദേശീയപ്രസ്ഥാനങ്ങൾ വേരുറപ്പിക്കാൻ തുടങ്ങിയ കാലത്ത് പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും സംഗീത നാടകസംഘങ്ങൾ ഓലച്ചൂട്ടിന്റെയും ഗ്യാസ്‌വിളക്കുകളുടെയും വെളിച്ചത്തിൽ നാട്ടരങ്ങുകൾ സജീവമാക്കിയിരുന്നു. കണ്ണംവയൽ വിഷ്ണുകലാസമിതി, ആലക്കോട് വിഷ്ണു കലാസമിതി, അരവത്ത് ഷണ്മുഖാനന്ദ കലാസമിതി, വെളുത്തോളി ഉദയ കലാസമിതി തുടങ്ങിയവയായിരുന്നു പ്രസിദ്ധ നാടകസംഘങ്ങൾ. പുരാണകഥകളെ ആസ്പദമാക്കിയ ഈ നടാകങ്ങൾ നേരം പുലരുവോളം നിൽക്കുമായിരുന്നു. കാഞ്ഞങ്ങാട് കൃഷ്ണ ഗുരുവായിരുന്നു പ്രധാനമായും ഇത്തരം നടാകങ്ങൾസംവിധാനം ചെയ്തിരുന്നത്. ഈ നാടകങ്ങളുമായി ബന്ധപ്പെട്ടപലരും പൊതുരംഗത്തേക്ക് വന്നു. ഹാർമോണിയമായിരുന്നു ഏക സംഗീതോപകരണം. സംഗീത നാടകങ്ങൾ ക്രമേണ സാമൂഹ്യ നാടകങ്ങൾക്ക് വഴി മാറിയെങ്കിലും പുരാണകഥകളെ ആധാരമാക്കിയുള്ള നാടകങ്ങൾക്ക് ഇന്നും കാണികൾ ഏറെയുണ്ട്.

സാമൂഹ്യ നാടക പ്രസ്ഥാനത്തിനു പുതിയ ദിശാബോധം നൽകിയത് ശ്രീ. പി.വി.കെ. പനയാലാണ്. ഒരുസംഘം മുഴുവൻ സമയ പ്രവർത്തകരെ വാർത്തെടുക്കുന്നതിലും അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്.പുരോഗമന കലാ സാഹിത്യത്തിന്റെ ജില്ലാ സെക്രട്ടറിയായി പ്രവർത്തിക്കുന്ന അദ്ദേഹം അറിയപ്പെടുന്ന സാഹിത്യകാരനുമാണ്. സാഹിത്യ നിരൂപണരംഗത്ത് അറിയപ്പെടുന്ന പ്രൊഫസർ മേലത്ത് ചന്ദ്രശേഖരൻ പഞ്ചായത്തിലെ പാക്കം എന്ന സ്ഥലത്താണ് ജനിച്ചത്.

സബീനപ്പാട്ട് സംഘങ്ങൾ മുമ്പ് പള്ളിക്കര തീരങ്ങളിൽ സജീവമായിരുന്നു. ഇന്ന് പൂർണമായും ഈ പ്രദേശങ്ങളിൽ നിന്ന് സംഘങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു.

മാപ്പിളപ്പാട്ടുകളുടെ ലോകത്ത് തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച ഒരാളാണ് ശ്രീ. എം.കെ. അഹമ്മദ്.

കഥകളി രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച കണ്ണൻ പട്ടാളി, സംസ്ഥാന തലത്തിൽ ആദരിക്കപ്പെട്ട പൂരക്കളി ഗുരുക്കളായ ആലക്കോട്ടെ കൃഷ്ണപ്പണിക്കർ, കാടൻ കണ്ണൻ മണിയാണി എന്നിവരും പള്ളിക്കരയുടെസന്താനങ്ങളാണ്.

അമേച്വർ നാടകരംഗത്ത് സജീവസാന്നിധ്യമായിരുന്നു ജ്വാല തിയേറ്റേഴ്സ് കരുവാക്കോട് പ്രൊഫഷണൽ നാടക രംഗത്ത് പ്രവേശിച്ചു കഴിഞ്ഞു. നാൽപതിലധികം കലാകായിക സംഘടനകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മിക്ക സംഘടനകളും വാർഷികാഘോഷങ്ങളിൽ മാത്രം പ്രവർത്തനം ഒതുക്കി നിർത്തുന്നു. സാമൂഹ്യ പ്രശ്നങ്ങളോട് ശരിയായി പ്രതികരിക്കുകയും സേവനരംഗങ്ങളിൽ ഏർപ്പെടുകയും രജിസ്റ്റർ ചെയ്യുന്ന അപൂർവ്വ സംഘടനകളും ഉണ്ട്.

ഗ്രന്ഥശാലാ പ്രസ്ഥാനത്തിനു ഈ പഞ്ചായത്തിൽ വേരുറപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. അടുത്ത കാലം വരെ അഞ്ചോളം ഗ്രന്ഥശാലകൾ പ്രവർത്തിച്ചു വന്നിരുന്നു. ഇന്ന് അത് രണ്ടായി ചുരുങ്ങിയിരിക്കുന്നു. പഞ്ചായത്ത് ലൈബ്രറിയും അമ്പങ്ങാട്ടെ പ്രമോദ് ദാസ് ഗുപ്ത ലൈബ്രറിയും പഞ്ചായത്ത് ലൈബ്രറിയിലും നാലാം വാർഡിലുള്ള ഐ.എച്ച്.ഡി.പി. കോളനിയിലുമാണ് പൊതു ടി.വി.സെറ്റുകൾ ഉള്ളത്. വിജ്ഞാന പോഷണത്തിനു ഏറെ സാധ്യതകളുള്ള ടെലവി ഷനുകൾ ഇന്ന് സാംസ്കാരിക മലിനീകരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ടി.വി.പ്രോഗ്രാമുകൾ വിദ്യാർത്ഥികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്ന എന്ന അഭിപ്രായമാണ് പൊതുവെയുള്ളത്.

പള്ളിക്കരയിലെ ഹോളി സ്പിരിറ്റ് ചർച്ച്, ബേക്കൽ ഹൈദ്രോസ് ജുമാ മസ്ജിദ്, പനയാൽ മഹാലിംഗേശ്വരക്ഷേത്രം, പള്ളിക്കര മൊഹയദ്ദീൻ പള്ളി, അരവത്ത് സുബ്രഹ്മണ്യക്ഷേത്രം, മവ്വൽ അറബിപ്പള്ളി, പൂച്ചക്കാട് വലിയ ജുമാഅത്ത് പള്ളി, മവ്വൽ രിഫാഇയ്യ ജുമാ മസ്ജിദ്, പാക്കം മഹാവിഷ്ണുക്ഷേത്രം, ആലക്കോട് ശ്രീ മഹാവിഷ്ണുക്ഷേത്രം, പെരുന്തട്ട ചാമുണ്ഡേശ്വരിക്ഷേത്രം, ബേക്കൽ ആഞ്ജനേയ ക്ഷേത്രം എന്നിവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട ദേവാലയങ്ങൾ. കൂടാതെ അനേകം പ്രത്യേക ആരാധനാലയങ്ങളും പഞ്ചായത്തിലുണ്ട്. ഇവയിൽ മാക്കം വീട്,പൂബാണം കുഴി എന്നിവ പ്രത്യേക പരാമർശം അർഹിക്കുന്നു.

സന്നദ്ധസംഘടനകളുടെ വിവരം

1. ജ്യോതി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്.

2. റെഡ്സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്

3. പ്രമോദാസ്ഗുപ്ത മെമ്മോറിയൽ ഫൈൻ ആർട്സ് സൊസൈറ്റി പനയാൽ.

4. ഉദയ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കീക്കാൻ.

5. പ്രതിഭ മഹിളാ സമാജം കൂട്ടപ്പുന്ന.

6. സംഘചേതന കലാകായിക കേന്ദ്രം, കുതിരക്കോട്.

7. ജനശക്തി സ്മാരകവേദി, പൊടിപ്പളം,

8. യുവധാര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ആലക്കോട്.

9. രജ്ഞിനി കലാകായികവേദി പെരുന്തട്ട.

10. പ്രിയദർശിനി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് തച്ചങ്ങാട്.

11. തരംഗം ആർട്സ്ആൻറ് സ്പോർട്സ് ക്ലബ്ബ് ചെർക്കപ്പാറ.

12. ഗോൾഡ് ഹിൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്കുന്നിൽ ഹദ്ദാദ് നഗർ.

13. പൈനിയേഴ്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ജോളി നഗർ.

14. ഹാപ്പി സ്പോർട്സ് ക്ലബ്, കുന്നിൽ ഖിളരിയ നഗർ.

15. നിരുപമ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്,കരുവാക്കോട്.

16. മാരുതി ആർട്സ്ആൻറ് സ്പോർട്സ് ക്ലബ്, കോട്ടക്കുന്ന്.

17. ചിയേഴ്സ് ക്ലബ്, കൂട്ടക്കനി.

18. സംഘചേതന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് കണ്ണംവയൽ.

19. യംഗ് ഹീറോസ് ക്ലബ്ബ്, പൂച്ചക്കാട്.

20. പ്രിയദർശിനി കലാകേന്ദ്രം കരിച്ചേരി.

21. ശ്രീ കലാകായികവേദി, പനയാൽ.

22. ഗീതാജ്ഞലി മാതൃഭൂമി സ്റ്റഡിസർക്കിൾ പൂച്ചക്കാട്.

23. യുവകലാകായികകേന്ദ്രം പള്ളിക്കര.

24. നേതാജി ആർട്സ്ആൻറ് സ്പോർട്സ് ക്ലബ്, മഠം.

25. വോയ്സ്ഓഫ് തൊട്ടി, പള്ളിക്കര.

26. ദുൽഫിക്കർ സംഘം,തൊട്ടി.

27. ഹെസ്പർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ജോളി നഗർ.

28. ഇസ്ലാമിക് സാഹിത്യവേദി.

29. ജ്വാല കരുവാക്കോട്.

30. രാധാകൃഷ്ണ മെമ്മോറിയിൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, പാക്കം.

31. കൾച്ചർ ഫോറം, പാക്കം.

32. റൈസിംഗ് ആആർട്സ് ആൻറ് സ്പോർട്സ് ക്ലബ് പാക്കം, ചരൽക്കടവ്.

33. ഫ്രണ്ട്സ് ആർട്സ്ആൻറ് സ്പോർട്സ് ക്ലബ്, അമ്പങ്ങാട്.

34. സഫ്ദർഹാഷ്മി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് കുന്നൂച്ചി.

35. ബേക്കൽ ഫോർട്ട് ക്രിക്കറ്റ് ക്ലബ്ബ്.

36. നവോദയാ കലാകായികകേന്ദ്രം,കാലിക്കടവ്.

37. മുഹമ്മദൻസ് സ്പോർട്ടിംഗ് ക്ലബ്ബ്,മവ്വൽ.

38. പുലരിസാംസ്കാരിക കേന്ദ്രം, അരവത്ത്.

39ത. ബോധി കലാകായിക കേന്ദ്ര, പനയാൽ.

തെയ്യം,കോൽക്കളി, പൂരക്കളി, ദഫ്മുട്ടി, തിടമ്പു നൃത്തം, തുടിപ്പാട്ട് തുടങ്ങിയവയാണ് പഞ്ചായത്തിൽ പ്രചാരത്തിലുള്ള പ്രധാന കലാരൂപങ്ങൾ. സോഡി, കബഡി, ഗോരി, കോട്ടക്കുത്ത്, കുട്ടിയും കോലും,അപ്പച്ചെണ്ട്തുടങ്ങിയവയാണ് ഈ പ്രദേശത്ത് നിലവിലുള്ള നാടൻ കളികൾ.

വിസ്മതൃതിയിലേക്ക്ആഴ്ന്നുകൊണ്ടിരിക്കുന്ന ഒരു സാഹിത്യരൂപമാണ് നാടൻ പാട്ടുകൾ. പാടങ്ങളിൽ നിന്ന് നെല്ലും പെണ്ണാളും അപ്രത്യക്ഷമാകുന്നതിൻെറ ആക്കം കൂടുന്നതിനനുസരിച്ച് നാടൻ പാട്ടുകളും മറഞ്ഞു പൊയ് കൊണ്ടിരിക്കുന്നു. ഒരുതലമുറ പൂർണമായും അസ്തമിക്കുന്നതിനു മുമ്പ് അടിയാളൻെ കണ്ണീരും പുഞ്ചിരിയും വീറും വാശിയും പ്രതിഷേധവും പ്രതികാരവും ഓളം വെട്ടുന്ന ഈ വാമൊഴിമുത്തുകൾ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതുണ്ട്.

സാംസ്കാരിക കളികളായി പ്രവർത്തിക്കേണ്ട വിദ്യാലയങ്ങിൽ നിന്ന് സഹിത്യസമാജങ്ങളും വാർഷികആഘോഷങ്ങളും മടക്കയാത്ര നടത്തികൊണ്ടിരിക്കുന്നു. എങ്ങനെയും മറുകര നേടുക എന്ന പുതിയ പ്രവണത വ്യാപകമാവുകയാണ്. ഇത് നാടിനോടും തനിമയോടുമുള്ള കൂറും സ്നേഹവും വിദ്യാർത്ഥികളിൽ നിന്ന് ചോർന്നുപോകുന്നതിനു ഇടയാകുന്നു.

നമുക്ക് നഷ്ടപ്പെട്ടുപോയ ഗ്രാമീണ വിശുദ്ധിയും നിഷ്ക്കളങ്കതയും കൂട്ടായ്മയും തിരിച്ചു പിടിക്കേണ്ടതുണ്ട്. വിഭാഗീയ ചിന്താഗതികൾക്കപ്പുറത്ത് ഒരുപുതിയ സാംസ്കാരിക സമന്വയംസാധിച്ചെടുക്കേണ്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കേണ്ട് സമയമാണിത്.

**നിർദ്ദേശങ്ങൾ**

1.കലാസമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഒരു കേന്ദ്രം ആരംഭിക്കുക. തച്ചങ്ങാട്ട് പഞ്ചായത്ത് വകയായുള്ള സ്ഥലം ഇതിനായി ഉപയോഗപ്പെടുത്താം.

2. പഴയ തലമുറയിൽപെട്ട കലാകാരന്മാരെ ആദരിക്കുകയും അവരുടെ അനുഭവങ്ങൾ പങ്ക്വെക്കാനുള്ള അവസരമൊരുക്കുകയും ചെയ്യുക.

3. വിദ്യാലയങ്ങളിൽ സാഹിത്യസമാജങ്ങൾ നിർബ്ബന്ധമാക്കുക.

4. നാടൻ പാട്ടുകൾ ശേഖരിച്ച് സൂക്ഷിക്കുക.

5. ഓരോ വാർഡിലും പൊതുവായനാകേന്ദ്രങ്ങൾ ആരംഭിക്കുക.

6. നാടൻ കലയുടെ ചരിത്രവും വളർച്ചാ ഘട്ടങ്ങളും ശേഖരിക്കുക.

7. ഐതിഹ്യങ്ങളുടെ പിന്നിലുള്ള സാമൂഹ്യയാഥാർത്ഥ്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുക.

8. വികസന പ്രവർത്തനങ്ങളിൽക്ലബുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുക.

9. ചെറക്കാപ്പാറമിനി സ്റ്റേഡിയത്തിൻെറ പണി സന്നദ്ധസംഘടനകളുടെ സഹായത്തോടെ പൂർത്തിയാക്കുക.

10. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും സാംസ്കാരിക കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുക.

11. വിദ്യാർത്ഥികൾക്കായി പൊതുമത്സരങ്ങൾ നടത്തുക.

12.കുട്ടികളുടെ നാടകസംഘങ്ങൾ രൂപീകരിക്കുക.

13. പഞ്ചായത്ത് സാംസ്കാരിക നിലയപരിസരം സന്നദ്ധസംഘടനകളുടെ സഹായത്തോടെ ഉദ്യാനമാക്കി മാറ്റുക.

14. യുവസാഹിത്യകാരന്മാർക്ക് ഒത്ത് കൂടുന്നതിനും സൃഷ്ടികൾ നടത്തുന്നതിനും സാംസ്കാരിക നിലയത്തിനു അവസമുണ്ടാക്കുക.

15. പാക്കത്ത് പ്രവർത്തിക്കുന്ന ഐ.സി.ഡി.പി. സെൻററിനു മറ്റു സൗകര്യങ്ങളുണ്ടാക്കുകയും പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വായനശാല പുനരാരംഭിക്കുകയും ചെയ്യുക.

16. പള്ളിക്കര, പാക്കം, തച്ചങ്ങാട് ഹൈസ്കൂളുകളുടെകളിസ്ഥലം നന്നാക്കുക.

17. തച്ചങ്ങാട് വായനശാലയിൽഗ്രന്ഥലായം ആരംഭിക്കുക.

18. പഞ്ചായത്തിലെ വളർന്നുവരുന്ന കലാ-കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുക.

19. പഞ്ചായത്തിൽ ഒരു ഓപ്പൺ എയർ തിയേറ്റർ നിർമിക്കുക.

20 ബേക്കൽ മിനി സ്റ്റേഡിയത്തോടനുബന്ധിച്ച് നിർമ്മിക്കുക.

*"മാനവ വംശ മഹാകഥ വേദം,*
*മർത്ത്യസ്നേഹം ധർമ്മം*
*മനുജകുലം താൻ, തൻെറ കുടുംബം*
*മതമോ ശാസ്ത്രജ്ഞാനം."*

5-9

# വനിത

# വനിത

ഈ പ്രദേശത്ത് സ്ത്രീകളുടെ സാമൂഹ്യമാറ്റത്തിനു വേണ്ടി കാര്യമായ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടന്നിട്ടില്ലെന്നു പറയാം. സാമൂഹ്യരംഗങ്ങളിലും ഉൽപാദന ബന്ധങ്ങളിലും ഫ്യൂഡൽവ്യവസ്ഥിത അടിച്ചേൽപ്പിച്ച പുരുഷമേധാവിത്വമാണ് ഇതിനു കാരണമെന്നു കാണാവുന്നതാണ്. ദേശീയപ്രസ്ഥാനത്തിന്റെ സജീവമായ ഇടപെടൽ ഉണ്ടാകാതിരുന്നതും പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഇത് വളക്കൂറുള്ള മണ്ണായിരുന്നില്ല എന്നതും പ്രത്യേകം ശ്രദ്ധയർഹിക്കുന്നകാരണങ്ങളാണ്. അടുത്തകാലത്ത് ചില മഹിളാസംഘടനകൾ രൂപം കൊണ്ടുവെങ്കിലും വനിതകളുടെ ഇടയിൽ കാര്യമായ സ്വാധീന ചെലുത്തുവാൻ കഴിയാതെ പ്രവർത്തനം മന്ദീഭവിച്ച നിലയിലാണുള്ളത്. രാഷ്ട്രീയപാർട്ടികളുടെ മഹിളാസംഘടനകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇത്തിരിവട്ടത്തിൽ ഒതുങ്ങിപ്പോവുകയാണ് ചെയ്യുന്നത്.

1991ലെ സെൻസസ് അനുസരിച്ച് 18065 ആണ് പഞ്ചായത്തിലെ സ്ത്രീകളുടെ ജനസംഖ്യ. ഇത് പുരുഷന്മാരുടെ എണ്ണത്തേക്കാൾ 1434 കൂടുതലാണ്. ജനസംഖ്യയിലെ ഈ വർദ്ധനവ് ഈ പ്രദേശത്തിന്റെ സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക മേഖലകളിൽ പ്രതിഫലിക്കുന്നില്ല. വനിതകളുടെ പങ്കാളിത്തക്കുറവ് എല്ലാ രംഗങ്ങളിലമുള്ള പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു എന്ന് മനസിലാക്കാൻ കഴിയും. പഞ്ചായത്തിലെ സ്ത്രീ പുരുഷ ആനുപാതം 1000 പുരുഷന്മാർക്ക് 1086 സ്ത്രീകൾ എന്ന തോതിലാണ്. ഈ ആനുപാതം സംസ്ഥാന ശരാശരിയായ 1036 നേക്കാൾ വളരെ ഉയർന്നതാണ്. (പട്ടിക-1)

ഔപചാരിക വിദ്യാഭ്യാസ രംഗത്ത് ഹൈസ്കൂൾ തലംവരെ ഈ അന്തരം പ്രകടമല്ല. ഉപരിപഠന രംഗത്തേക്ക് ഇപ്പോൾ ഈ പ്രദേശത്ത് നിന്ന് പെൺകുട്ടികൾ കടന്നിട്ടുണ്ടെങ്കിലും ആൺകുട്ടികളുടെ എണ്ണത്തിനൊപ്പം എത്താൻ കഴിഞ്ഞിട്ടില്ല. സാക്ഷരതാ നിരക്ക് പുരുഷന്മാരുടേതിൽ നിന്ന് വളരെ കുറവാണെന്ന് സെൻസസ് റിപ്പോർട്ടുകൾകാണിക്കുന്നു.

സാക്ഷരതാ നിരക്ക്

സ്ത്രീ-71-12

പുരുഷൻ-84.87

ശരാശരി-77.61

പഞ്ചായത്തിലെഏതാണ്ട്ആയിരത്തോളം കുടുംബങ്ങളുടെ സംരക്ഷണചുമതല സ്ത്രീകളുടെ ചുമലിലാണെന്ന് ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ വ്യക്തമാക്കപ്പെടുകയുണ്ടായി.ഈ അവസ്ഥ കൂടുതലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലാണെന്നത് ശ്രദ്ധേയമാണ്. പകൽ മുഴുവൻ കൂലിപ്പണിയും അതിനുശേഷം വീട്ട്കാര്യങ്ങളുടെ ഭാരവും പേറുന്ന ഈ സ്ത്രീകളുടെ നില ദുരിതപൂർണമാണ്. രോഗംമൂലം ജോലി ചെയ്യാൻ കഴിയാത്ത കുടുംബനാഥന്മാരുടെ ചുമതലയേറ്റവർ ഒരു ചെറിയ ശതമാനംവരുമെങ്കിലും ആരോഗ്യമുണ്ടെങ്കിലും ജോലി ചെയ്യാത്തവരും ജോലി ചെയ്താൽ തന്നെ വരുമാനം മുഴുവൻ മദ്യപാനത്തിനുവേണ്ടി ചെലവാക്കുകയും ചെയ്യന്ന പുരുഷന്മാരുടെകുടുംബങ്ങളാണ് അധികവും.

തൊഴിൽ രംഗത്തും സ്ത്രീകൾ വിവേചനത്തിനു ഇരയാകുന്നു.തുല്യജോലിക്ക് തുല്യവേതനമെന്നസ്ഥിതി സർക്കാർ ജോലികളിലല്ലാതെ മറ്റൊരു രംഗമുള്ളത് ദിനേശ്ബീഡിപോലെയുള്ളസ്ഥാപനങ്ങളൽ മതമാണ്. സ്വകാര്യ ബീഡി രംഗത്ത്ജോലി ചെയ്യുന്നതഅനേകംസ്ത്രീകൾ പഞ്ചായത്തിലുണ്ട്.കകുറഞ്ഞ കൂലികൊടുക്കുകുയം

കാര്യമായ ആനുകല്യങ്ങളൊന്നും നൽകാതെയുമാണ് സ്വകാര്യ ബീഡിക്കമ്പനിമുതലാളിമാർ ഇവരെകൊണ്ട് പണിയെടുപ്പിക്കുന്നത്.

ബീഡി തെറുപ്പ്, തുന്നൽപ്പണി, ചുമടെടുക്കൽ, എന്നീ ജോലികളിലാണ് സ്ത്രീകൾ ഭൂരിഭാഗവും ഏർപ്പെട്ടിരിക്കുന്നത്. നെൽക്കൃഷി കുറയുന്നത് ആരംഗത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന കർഷതൊഴിലാളി സ്ത്രീകളെ ചെങ്കൽ, കരിങ്കൽ ക്വാറികളിലേക്കും കെട്ടിട നിർമ്മണരംഗത്തേക്കും മാറിപ്പോകുന്നതിനു പ്രേരണയായിട്ടുണ്ട്. കൂലിപ്പണിയുടെയും കൃഷിപ്പണിയുടെയും രംഗത്താണ് സ്ത്രീകൾ ഏറെ വിവേചനത്തിനു ഇരയാകുന്നത്. ചെങ്കൽ മേഖലയിൽ 25 രൂപ മുതൽ 40 രൂപവരെയാണ് സ്ത്രീതൊഴിലാളികൾക്ക് ലഭിക്കുന്ന കൂലി. ഈ രംഗത്ത് പണിയെടുക്കുന്ന പുരുഷന്മാർക്കാകട്ടെ നൂറും അതിലധികവും കൂലിയായി ലഭിക്കുന്നുണ്ട്. തൊഴിൽ പങ്കാളിത്ത നിരക്കിലും അന്തരമുണ്ട്. (പുരുഷന്മാർ 85.5, സ്ത്രീകൾ 13)

ബഹുജനസംഘടനകളിൽ ധാരാളം സ്ത്രീകൾ അംഗങ്ങളായിട്ടുണ്ടെങ്കിലും പ്രവർത്തനരംഗത്തും നേതൃത്വരംഗത്തും എത്തുന്നവർ വിരളമാണ്. സമയക്കുറവ്, വീട്ടുജോലികളുടെ ആധിക്യം, മതപരമായ വിലക്കുകൾ, സാമൂഹ്യമായ അവഗണന, പുരുഷന്മാരുടെ താൽപര്യക്കുറവ് തുടങ്ങി ഒട്ടേറെ കാരണങ്ങൾ സ്ത്രീകളുടെ അദൃശ്യതയ്ക്ക് പിന്നിലുണ്ട്.

| ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽസംരംഭങ്ങളുടെ വിവരം | | | | |
|---|---|---|---|---|
| തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ ഇനം | ധനസഹായം | ധനകാര്യ സ്ഥാപനം |
| മൺപാത്ര-നിർമ്മാണം | 1994-95 | 14 | 45500 | എസ്.സി.ബി. പനയാൽ |
| കരിങ്കൽ വ്യവസായം | 1994-95 | 10 | 40000 | എസ്.സി.ബി. പനയാൽ |
| കോഴി നിർമ്മാണം | 1995-96 | 14 | 60000 | എസ്.സി.ബി. പനയാൽ |

വി.ഇ.ഒ. രേഖകൾ 95-95

മദ്യപാനം മൂലം ഏറ്റവും കൂടുതൽ ദുരിതനമനുഭവിക്കുന്നതും സ്ത്രീകളാണ്. സാമ്പത്തികവുംശാരീരികവുമായ പീഡനങ്ങൾ ഇതുമൂലം ഏൾക്കേണ്ടി വരുന്നു.

ചില തുന്നൽ പരിശീനല കേന്ദ്രങ്ങൾ സ്ത്രീകളുടെ മേൽനോട്ടത്തിൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നടക്കുന്നുണ്ട്. സഹകരണാടിസ്ഥാനത്തിൽ ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനോ വൈവിധ്യവൽക്കരിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വേണ്ട സഹായങ്ങൾ ഇവർക്ക് ലഭിക്കുന്നില്ല.

ഡി.ഡബ്ല്യൂ.സി.ആർ.എ. പദ്ധതിപ്രകാരം ആരംഭിച്ച മൂന്നു യൂണിറ്റുകളാണ് സ്ത്രീകളുടെ നേതൃത്വത്തിൽ പഞ്ചായത്തിലുള്ളത്. രണ്ടെണ്ണവും തൃപ്തികരമായി പ്രവർത്തിക്കുന്നു. മൂന്നാമത്തെ യൂണിറ്റിൻെറ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാഥമിക തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം സംരംഭങ്ങൾ വിപുലപ്പെടുത്തുകയാണെങ്കിൽ സ്ത്രീകൾക്ക് കൂടുതൽ ആത്മവിശ്വസത്തോടെ മുന്നേറാൻ കഴിയും.

പട്ടിക-2

സ്ത്രീധന സമ്പ്രാദായം മുമ്പ്വ്യാപകമായിരുന്നില്ല.ചില പ്രത്യേകവിഭാഗങ്ങൾക്കിടയിൽ ഇത്സാർവ്വത്രികമായി കൊണ്ടിരിക്കുകയാണ്. വിവാഹചടങ്ങുകൾക്ക്വേണ്ടി ലക്ഷണക്കിനു രൂപ ധൂർത്തടിക്കുന്ന ഒരു വിഭാഗം,സ്ത്രീധനംകൊടുക്കാൻ കഴിവില്ലാതെ അവിവാഹിതകളായി കഴിയേണ്ടി വരുന്ന പെൺകുട്ടികളെ സഹായിക്കാൻ മുന്നോട്ട് വരുന്നില്ല എന്നത് ഖേദകരമാണ്. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു വിവാഹധനസാഹയ ഫണ്ട് ഉദാരമതികളുടെ നേതൃത്വത്തിൽ ആരംഭിക്കുകയും അത്യാവശ്യം വേണ്ടസഹായങ്ങൾ ചെയ്തുകൊടുത്താൽ അത് ഒട്ടേറെ കുടുംബങ്ങൾക്ക് അനുഗ്രഹമായിത്തീരും.

മദ്യവിപത്തിനെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ഭാഗികമായി മദ്യനിരോധനം ഗുണകരമല്ലെന്നാണ്അനുഭവങ്ങൾ തെളിയിക്കുന്നത്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണമെന്നാണ് ഗ്രാമസഭകളിൽ നിന്നുയർന്ന പ്രധാനപ്പെട്ട നിർദ്ദേശം.

ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന യുവതികളെ ഒഴിവാക്കി നിർത്തിക്കൊണ്ടുള്ള ഒരു വികസനം ലക്ഷ്യത്തിലെത്തുകയില്ല. അർഹമായ അംഗീകരവും അവസരങ്ങളും ലഭിക്കുകു തന്നെ വേണം. വനിതകളുടെക്ഷേമത്തിലൂടെമാത്രമേ ആരോഗ്യവും ആത്മാഭിമാനവുമുള്ള ഒരു പുതിയ തമലമുറസൃഷ്ടിക്കപ്പെടുകയുള്ളൂ എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടസമയം അതിക്രമിച്ചിരിക്കുകയാണ്.

പഞ്ചായത്തിൽവിധാവ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം 178 ആണ്. സ്ത്രീധനത്തിൻെറപേരിൽ പീഢിക്കപ്പെടുന്ന പെൺകുട്ടികൾ പഞ്ചായത്തിലുണ്ട്.

## പ്രശ്നങ്ങൾ

1. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.

2. സാമൂഹ്യപപ്രവർത്തനരംഗത്തേക്ക് സ്ത്രീകൾ കടന്നുവരുന്നില്ല.

3. സ്ത്രീകളുടെ ഗാർഹിക-ആരോഗ്യപ്രശ്നങ്ങൾ കാര്യമായി പരിഗണിക്കപ്പെടുന്നില്ല.

4. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് അർഹമായ പ്രോത്സാഹനംലഭിക്കുന്നില്ല.

5. തൊഴിൽ മേഖലയിൽ സ്ത്രീകൾ നൽകുന്ന സംഭാവന പരിഗണിക്കപ്പെടുന്നില്ല.

6. സ്വയതൊഴിൽ സംരംഭങ്ങളെകുറിച്ച്സത്രീകൾ ബോധവതികളല്ല.

7. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വേഗം അടിപ്പെടുന്നത് സ്ത്രീകളാണ്.

8. പെൺകുട്ടികൾക്ക് മാത്രമായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ല.

9. വനിതാ സഹകരണസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

10. സാങ്കേതിക സ്ഥാപനങ്ങൾ ഇല്ല.

11. ചെറുകിട വ്യവസായ യൂണിറ്റുകൾആരംഭിക്കുന്നതിനു സാങ്കേതികവും സാമ്പത്തികവുമായ സഹായം ലഭിക്കുന്നില്ല.

12. വിധവകൾക്കുള്ള പെൻഷൻ,വിധവകളുടെ പെൺമക്കൾക്ക് നൽകുന്ന ധനസഹായം എന്നിവ തീരെ കുറവാണ്.

13. സ്ത്രീകളെ ഉപഭോഗ വസ്തുവായി കാണാനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നു.

14. സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിൽ സ്ത്രീകൾ പിന്നിലാണ്.

## നിർദ്ദേശങ്ങൾ

1. ജോലിയുടെ തോതനുസരിച്ച് കൂലി നിർണയിക്കുക.

2. പൊതുപ്രവർത്തനങ്ങളിൽ സ്ത്രീകളെ പങ്കാളികളാക്കുക.

3. അടുക്കളയിൽ തളച്ചിടേണ്ടിവരുന്ന സ്ത്രീകളുടെ ആരോഗ്യരക്ഷയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക.

4. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ അംഗീകരിക്കുക.

5. തൊഴൽ സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യമുള്ള വനിതകളെ കണ്ടെത്തുകയും പരിശീലനം നൽകുകയും ചെയ്യുക..

6. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ പ്രചാരണം ശക്തിപ്പെടുത്തുക.

7. വിവിധ മേഖലകളിൽ സഹകരണസംഘങ്ങൾ ആരംഭിക്കുകയും ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും ചെയ്യുക.

8. ചെറുകിട വ്യവസായ യൂനിറ്റുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തികസഹായം നൽകുക.

9. സോപ്പ്, മെഴുക്തിരി, റെഡിമെയ്ഡ് വസ്ത്രങ്ങൾ, അച്ചാർ, പപ്പടം എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

10. വിധവാ പെൻഷൻ, വിവാഹ സഹായധനം എന്നിവ വർദ്ധിപ്പിക്കുക.

11.സ്ത്രീകൾക്ക്വേണ്ടി വായനശാലകൾ തുറക്കുക.

12. സ്ത്രീകളെ അപമാനിക്കുന്ന പ്രസിദ്ധീകരണങ്ങൾ നിരോധിക്കുക..

13. വനിതകൾക്കായി ഒരു കൗൺസിലിംഗ് സെൻറർ ആരംഭിക്കുക.

14. ഉദ്യോഗങ്ങളിൽ മുപ്പത് ശതമാനം സംവരണം സ്ത്രീകൾക്കായി ഏർപ്പെടുത്തുക.

15. ആരോഗ്യമുണ്ടെന്ന കാരണത്താൽ വിധവാ പെൻഷൻ നിഷേധിക്കുന്ന പ്രവണത അവസാനിപ്പിക്കുക.

# 5-10

# സഹകരണം

# സഹകരണ സംഘങ്ങൾ

ഉപഭോക്തൃമേഖലയിൽ പ്രവർത്തനമാരംഭിച്ച സഹകരണപ്രസ്ഥാനം, 1904ലെ സഹകരണ നിയമത്തിൻറ അടിസ്ഥാനത്തിലാണ് തീരാക്കടങ്ങളുടെ ഊരാക്കടുക്കിൽ നിന്ന് കർഷകസമൂഹത്തെ രക്ഷിക്കാൻ വായ്പാ സഹകരണസംഘങ്ങൾ ഭാരതത്തിൽ രൂപീകരിച്ചത്. പൊതുവായ്പാ സംവിധാനം നിലവിലില്ലാതിരുന്ന പഴയ കാലത്ത് വരുമാനത്തിൻെറ ഏറിയ പങ്കും പാട്ടത്തിനും പിരിവിനും നീക്കിക്കഴിഞ്ഞാൽ നിത്യവൃത്തിക്ക് വകയില്ലാതാകുന്ന കർഷകൻ കടക്കെണിയിൽ നിന്നും കടക്കെണിയിലേക്ക് തള്ളപ്പെട്ടുകൊണ്ടിരുന്നു. അതുകൊണ്ട് തന്നെ ദേശീയ തലത്തിൽ ഉയർന്നുവന്നനിർദ്ദേശങ്ങളും ആശയങ്ങളും കേരളീയകർഷകസമൂഹത്തിൽ അതിവേഗം വേരോട്ടമുണ്ടാക്കി.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് തന്നെ ഈ പ്രദേശത്ത് സഹകരണ പ്രസ്ഥാനത്തിനു തുടക്കമിട്ടു. 1943ൽ പള്ളിക്കര ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന പള്ളിക്കരസഹകരണ സ്റ്റോർആണ് ആദ്യത്തെ സംരംഭം. ശ്രീ. ബി. മമ്മൂട്ടി ഹാജി പ്രസിഡൻറായി രൂപീകരിക്കപ്പെട്ട സംഘത്തിൻറ പ്രവർത്തിനപരിധി ദക്ഷിണ കാനറ ജില്ലയിലെ ബേക്കൽ താലൂക്കിലുൾപ്പെട്ടിരുന്ന പള്ളിക്കര ഒന്നും രണ്ടും പനയാൽ,പെരിയ കിഴക്കൻഎന്നീഗ്രാമങ്ങളാണ്. പൊതി അരി കർഷകരിൽ നിന്നും വാങ്ങി അഞ്ചു ന്യായവില ഷോപ്പുകളിലായി വിതരണം ചെയ്തുകൊണ്ടാണ്ഈ സ്റ്റോർ പ്രവർത്തനമാരംഭിച്ചത്. പൊതുവിതരണ രംഗത്ത് കാര്യമായ സംഭാവന നൽകാൻ ഈസംഘത്തിനു 1952നു ശേഷംകഴിഞ്ഞിട്ടുണ്ട് എന്നു കാണാൻസാധിക്കും. ഇപ്പോൾ 1969ലെ കേരളസഹകണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന ഈ സംഘത്തിൻെറ 2126 അംഗങ്ങളാണുള്ളത്.

1962 ൽ പനയാൽ ഗ്രാമം പ്രവർത്തനപരിധിയായി പാക്കത്ത് രൂപീകരിച്ച വിവിധോദ്ദേശ്യ സഹകരണസംഘമാണ് രണ്ടാമത്തെസംരംഭം. സ്ഥാപക പ്രസിഡൻറ് പൊളിയപ്രം രാമൻ നായരായിരുന്നു. കർഷകരുടെ പരിമിതമായ ആവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശ്യത്തോട് കൂടി രൂപീകരിച്ച ഈ സംഘം 18-3-66ൽ പനയാൽ സർവീസ സൊസൈറ്റിയായി മാറി.ഈ സംഘം ഇന്നത്തെ പനായൽ സർവീസ്സഹകരണ ബാങ്കായി ഉയർത്തുന്നതിൽ ശ്രീ. എം. കുഞ്ഞിരാമേട്ടൻ വഹിച്ച പങ്ക് നിസ്തുലമാണ്.

1981ൽ പള്ളിക്കര, കീക്കാൻ എന്നീ ഗ്രാമങ്ങൾ പ്രവർത്തന പരിധിയായി രൂപീകരിച്ച പള്ളിക്കര സഹകരണ സൊസൈറ്റിയാണ് മറ്റൊരു പ്രധാനപ്പെട്ട സ്ഥാപനം. ഇന്ന്പള്ളിക്കരസർവീസ് സഹകരണബാങ്കായി പ്രവർത്തിക്കുന്ന ഈ സ്ഥാപനംപഞ്ചായത്തിലെ കർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു വരുന്നു.

സഹകരണ മേഖലയിൽ വായ്പാ സഹകരണസംഘങ്ങളുടെ ദ്രുതഗതിയിലുള്ള വളർച്ച 1652 മുതൽ പഞ്ചായത്തിൽ കാണുവാൻസാധിക്കും. കാർഷികമേഖലയുടെ ഗുണപരമായ മാറ്റത്തിനു ഇത്സഹായമായെങ്കിലുംകാർഷികേതര രംഗത്ത് സഹകരണപ്രസ്ഥാനത്തിൻെറസാധ്യതകൾ ഉപയുക്തമാക്കുവാൻസാധിച്ചിട്ടില്ല എന്നു കാണാം.

പള്ളിക്കര ഒന്നും രണ്ടും പനയാൽ കീക്കാൻ, പെരിയ എന്നീ റവന്യൂ വില്ലേജുകൾ പ്രവർത്തനപരിധിയായി പ്രവർത്തിക്കുന്ന പള്ളിക്കര സഹകരണസ്റ്റോർ പനയാൽ ഗ്രാമം പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്ന പനയാൽ സർവീസ് സഹരകരണ ബാങ്ക് , പള്ളിക്കര, കീക്കാൻ ഗ്രാമങ്ങൾ പ്രവർത്തന പരിധിയായിട്ടുള്ള പള്ളിക്കരസർവീസ് സഹകരണ ബാങ്ക് എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഇതിൽ പനയാൽസർവീസ് സഹകരണ ബാങ്കിനുപാക്കത്ത് ഉള്ള ബ്രാഞ്ചും നന്നായി പ്രവർത്തിക്കുന്നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | എടുക്കാവുന്ന കടം(000) | നിക്ഷേപം (000) | വായ്പകൾ | | ഓഹരി മൂലധനം | ലാഭമോനഷ്ടമോ | | പ്രവർത്തന മൂലധനം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികം | കാർഷികേതരം | | ലാഭം | നഷ്ടം | | |
| 1 | പള്ളിക്കര സർവീസ് സഹകരണ സ്റ്റോർ | 1943 | ഉദുമ, പനയാൽ, പള്ളിക്കര, പെരിയ റവന്യൂ വില്ലേജുകൾ | 2126 | ബാധകമല്ല | 1006 | - | - | 1210 | പരിമിതമായ ലാഭം | — | 1231 | 21 |
| 2 | പനയാൽ സർവീസ് സഹകരണ ബാങ്ക് | 1952 | പനയാൽ വില്ലേജ് | 3170 | 59500 | 29652 | 7687 | 26719 | 1750 | 5160 | — | 40000 | 16 |
| 3 | പള്ളിക്കര സർവീസ് സഹകരണ ബാങ്ക് | 1981 | പള്ളിക്കര കിഴക്കൻ വില്ലേജുകൾ | 3261 | 28331 | 12751 | 1529 | 9587 | | പരിമിതമായ ലാഭം | — | 17192 | 7 |

പഞ്ചായത്തിൽ പത്തോളംസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിരുന്നുവെങ്കിലും മേൽപ്പറഞ്ഞ സഹകരണസംഘങ്ങളൊഴികെയുള്ളവയുടെ പ്രവർത്തനം കടലാസിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായി കാണാം. പാക്കത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച പട്ടികജാതി, സഹകരണസംഘം കാർഷിക വിപണനസംസ്കരണസംഘം, ചേറ്റുകുണ്ട് കേന്ദ്രമായി രജിസ്ർ ചെയ്ത മാർക്കറ്റിംഗ് സൊസൈറ്റി എന്നിവ ഇക്കൂട്ടത്തിൽ പെടുന്നവയാണ്. ജില്ലാ ബാങ്കിൽ അഫിലിയേഷനു വേണ്ടി മാത്രമായി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന പ്രവണത പഞ്ചായത്തിൽകാണാം.

### കാർഷികമേഖല

പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും ഈ മേഖലയെ ആശ്രയിച്ചു കഴിയുന്നവരാണ്. കർഷകരുടെ കാർഷിക-സാമ്പത്തികാവശ്യങ്ങൾ മിക്കവാറും നിറവേറ്റുന്നത് ഇവിടുത്തെ സർവീസ് സഹകരണ ബേങ്കുകളാണ്. മൊത്തം 6531 അംഗങ്ങളാണ് രണ്ട് ബാങ്കുകളിലും കൂടിയുള്ളത്.

## പനയാൽ സർവീസ് സഹകരണ ബാങ്ക്

പനയാൽ വില്ലേജ് പ്രവർത്തന പരിധിയായി 1952ൽ പ്രവർത്തനമാരംഭിച്ച ഈ ബേങ്കിൽ 3170 അംഗങ്ങളാണുള്ളത്. പ്രവർത്തന പരിധിയിലെ മുഴുവൻ കർഷകരും അംഗങ്ങളല്ല. അംഗങ്ങളുടെ മുഴുവൻ സാമ്പത്തികാവശ്യങ്ങളും പരിഹരിക്കുവാൻ ബേങ്കിനു കഴിയുന്നില്ല. 1995-96 വർഷത്തിൽ കാർഷികമേഖലയിൽ ഹ്രസ്വകാല വായ്പയായി 38, 33, 537 രൂപയും മധ്യകാല വായ്പയായി 210040 രൂപയും സ്വർണ പണയം വായ്പയായി 21955243 രൂപയും നൽകിയിട്ടുണ്ട്. ഇതിൽ കാർഷികവാശ്യത്തിനുള്ള വായ്പ താരതമ്യേന കുറവായി കാണാം. ഇതിനുള്ള പ്രധാന കാരണം നബാർഡ് നിലവിലുള്ള വായ്പാവിതരണ സംവിധാനത്തിൽ മാറ്റം വരുത്താത്തതാണ്. ഇതിൽ മാറ്റം വരുത്തിയാൽ മാത്രമേ ഉദ്ദേശിച്ച രീതിയിൽ വായ്പ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. കൃത്യസമയത്ത് വായ്പ തിരിച്ചടച്ച് വരാത്തതും ബാങ്ക് പ്രവർത്തനത്തെ ചെറിയ തോതിൽ ബാധിക്കുന്നു. എങ്കിലും പഞ്ചായത്തിൽ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ബാങ്കാണിത്. ബാങ്കിന്റെ കീഴിലുള്ള വളം ഡിപ്പോകൾ, കൊപ്ര സംഭരണ കേന്ദ്രം,മാവേലി സ്റ്റോർ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

## പള്ളിക്കര സർവീസ് സഹകരണ ബാങ്ക്

പള്ളിക്കര, കീക്കാൻ വില്ലേജുകൾ പ്രവർത്തന പരിധിയായി 1981ൽ പ്രവർത്തനമാരംഭിച്ച ബാങ്കിൽ 3261 അംഗങ്ങളാണുള്ളത്. നിക്ഷേപത്തിനു വൻ സാധ്യതയുള്ള പ്രദേശമായാലും പ്രവർത്തന പരിധിക്കുള്ളിലെ നിക്ഷേപം വേണ്ടത്ര സമാഹരിക്കാൻ കഴിഞ്ഞിട്ടില്ല. പരിതമിതമായലാഭത്തിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിനു മുഴുവൻ അംഗങ്ങളുടെയും സാമ്പത്തികാവശ്യങ്ങൾ പരിഹരിക്കുവാൻ സാധിക്കുന്നില്ല. 1995-96 വർഷത്തിൽ കാർഷിക വായ്പയായി 1529913 രൂപയും കാർഷികേതര വായ്പയായി 9588877

രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രത്യേക വായ്പയായി (ഐ.ആർ.ഡി.പി) 111320 രൂപയും വതിരണം ചെയ്തതായി കാണുന്നു. പൊതുവിതരണ കേന്ദ്രം, വളം ഡിപ്പോകൾ എന്നിവ ബേങ്കിൻെറ കീഴിൽ പ്രവർത്തിക്കുന്നു.

ദീർഘകാല കാർഷിക വായ്പാ രംഗത്ത് പ്രവർത്തിക്കുന്ന ഹൊസ്ദുർഗ് കാർഷിക വികസന ബാങ്കിൻെറ വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുന്ന അപൂർവ്വം കർഷകകുടുംബങ്ങളെയും പഞ്ചായത്തിൽ കാണാം. പ്രസ്തുത ബാങ്കിൻെറ ഒരു ശാഖ പഞ്ചായത്തിൽ തുടങ്ങുകയാണെങ്കിൽ ഈ ബേങ്കിൻെറ പ്രയോജനം കുറേയാളുകളിലേക്ക് കൂടി വ്യാപിപ്പിക്കാൻ സാധിക്കും.

### കാർഷികേതര വായ്പകൾ

ഗ്രാമപഞ്ചായത്തിലെ രണ്ട് സർവീസ്സഹകരണ ബേങ്കുകളും ജില്ലാ സഹകരണ ബാങ്കിൻെറ പള്ളിക്കര ശാഖയും ഹ്രസ്വകാല, മധ്യകാല, ദീർഘകാല, ഇനങ്ങളിൽ കാർഷികേതര വായ്പവിതരണം ചെയ്യുന്നുണ്ട്. എന്നാൽ മുഴുവൻ അംഗങ്ങൾക്കും ആവശ്യാനുസരണം വായ്പ നൽകുവാൻ സാമ്പത്തിക പരിമിതിമൂലം കഴിയുന്നില്ല. കൂടാതെ വിവിധ ഫണ്ടുകൾ ലഭിക്കുന്നതിനുള്ള കാലതാമസവും പ്രവർത്തനത്തെ ബാധിക്കുന്നു.

## കാർഷികേതരസംരംഭങ്ങൾ പള്ളിക്കര സഹകരണ സ്റ്റോർ

കാർഷികേതര മേഖലയിൽ പ്രവർത്തിക്കുന്ന ഏക സഹകരണ സംഘമാണിത്. പ്രവർത്തന പരിധി പള്ളിക്കര, ഉദുമ, കീക്കാൻ, പനയാൽ, പെരിയ എന്നീ റവന്യൂ വില്ലേജുകളാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെങ്കിലും സഹകരണ സ്റ്റോറുകളെ മൊത്തത്തിൽ ബാധിക്കുന്ന പ്രശ്നങ്ങളിൽ നിന്നും വിമുക്തമല്ല. 11 റേഷൻ ഷാപ്പുകളാണ് സ്റ്റോറിൻെറ പരിധിയിൽ ഉള്ളത്.

## ബീഡി സഹകരണസംഘം

കേരള ദിനേശ് ബീഡി സഹകരണസംഘത്തിൻെറ രണ്ട് ബ്രാഞ്ചുകൾ പള്ളിക്കരയിലും പനയാലിലും പ്രവർത്തിക്കുന്നു. 160ഓളം തൊഴിലാളികൾ രണ്ട് ബ്രാഞ്ചുകളിലായി തൊഴിൽ ചെയ്യുന്നു.

# വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

## കാർഷികമേഖല

1. എല്ലാകർഷകരെയും അംഗങ്ങളാക്കി ബാങ്കുകളുടെപ്രയോജനം പ്രവർത്തന പരിധിയിലെ മൊത്തംകുടുംബങ്ങൾക്ക് എത്തിക്കുക.

2. നിക്ഷേപങ്ങൾ വർധിപ്പിക്കുന്നതിനു ആകർഷകമായസ്കീമമുകൾ ആവിഷ്കരിക്കുക.

3. പ്രവർത്തന മൂലധനം വർധിപ്പിക്കുന്നതിനു ചിട്ടികൾ നടത്തുക.

4. ഗ്രൂപ്പ്ഡെപ്പോസിറ്റ് സ്കീം എന്ന നിക്ഷേപ പദ്ധതി സഹകരണബാങ്കുകളിൽ നടപ്പിലാക്കുക. ഇപ്പോൾകണ്ണൂർ ജില്ലയിൽ സർവീസ് സഹകരണ ബാങ്കുകളും ഈ സ്കീം വിജയപ്രദമായി നടപ്പിലാക്കുന്നുണ്ട്.

5. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷികവായ്പ വർഷാരംഭത്തിനുമുമ്പ്തന്നെപാസാക്കികർഷകർക്ക് ക്രെഡിറ്റ് കാർഡ്സനമ്പ്രദായം നടപ്പാക്കുക.

6. കർഷകരെ സംബന്ധിച്ചപൂർണവിവരങ്ങളോട്കൂടിയ ലാൻറ് രിജസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഒരുവർഷത്തേക്ക് ആവശ്യമായതുക തിട്ടപ്പെടുത്തുകയും ചെയ്യുക.

7. വ്യക്തികൾക്ക് അനുവദിക്കുന്നകാർഷികവായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്.

8. കാർഷികാവശ്യത്തിനായി നബാർഡിൽ നിന്നും കൺസഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ച്കിട്ടുന്നതിനു നടപടിയെടുക്കുക.

9. സർക്കാരിൽ നിന്നും അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപിടകൾ സർക്കാർ തലത്തിലും ബാങ്ക് തലത്തിലും ചെയ്യേണ്ടതാണ്.

10. കാർഷികോൽപ്പന്നങ്ങൾ യഥാസമയം സംഭരിക്കുന്നതിനുള്ളസംവിധാനം വിപുലപ്പെടുത്തുക.

11. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക്വലിയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് ലോൺ അനുവദിച്ചു കൊടുക്കുവാൻ സംവിധാനം വേണം.

12. പനയാൽ സർവീസ് ബാങ്കിനു കരിച്ചേരിയിൽ ഒരുശാഖ തുറക്കുന്നതിനു ആവശ്യമായ നടപടികൾ ആരംഭിക്കേണ്ടതാണ്.

13. അർഹരായ വ്യക്തികൾക്ക് അംഗത്വം ലഭിക്കുന്നില്ല എന്ന ആരോപണം ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നതിൻെറ അടിസ്ഥാനത്തിൽ അർഹരായ എല്ലാവർക്കും അംഗത്വം ഉറപ്പ് വരുത്തണം.

14. നെൽകൃഷി ലാഭകരമല്ലാത്തതിനാൽപഞ്ചായത്തിലെപാടശേഖരങ്ങൾതോട്ടങ്ങളായി മാറ്റുന്ന ഒരവസ്ഥയാണുള്ളത്. ഇത് നിയന്ത്രിക്കുന്നതിനുനെൽകൃഷിക്ക് സർക്കാർ നൽകി വരുന്ന സബ്സിഡി ഹെക്ടറിനു രണ്ടായിരം രൂപയെങ്കിലും ഉയർത്തണം. കൂടാതെകർഷകർക്ക്, മേൽത്തരം വിത്ത്, വളം കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയും ലഭ്യമാക്കണം.ഇതിനുവേണ്ടി രൂപീകരിച്ച ഗ്രൂപ്പ് ഫാമിംഗ്സമ്പ്രദായം കാര്യക്ഷമമാക്കേണ്ടതാണ്.

## പൊതുപ്രശ്നങ്ങൾ

ക്ഷീര വിപണനരംഗത്ത് സഹകരണമേഖലയുടെ യാതൊരുവിധ ഇടപെടലും ഉണ്ടായിട്ടില്ല. നിരവധി ക്ഷീര കർഷകരുള്ള ഈ പഞ്ചായത്തിൽ സഹകരണസംഘങ്ങൾക്ക് ഈ മേഖലകളിൽ കാര്യമായസംഭാവന നൽകാൻ കഴിയണം. ചെങ്കൽ കരിങ്കൽ മേഖലകിൽ സഹകരണ സംഘങ്ങളുടെ അഭാവമുണ്ട്. അതുപോലെ തന്നെ ചകരി സംസ്കരണം, പച്ചക്കറി ഉൽപ്പാദനം, കോഴി വളർത്ത് തുടങ്ങിയമേഖലകളിൽ ഞ്ചായത്തിൻെറ അനുകൂല സാഹചര്യങ്ങൾ സഹകരണ മേഖലകളിൽ പ്രയോജനപ്പെടുത്തിയിട്ടില്ല. റെഡിമെയ്ഡ് ഗാർമെൻറ്സ്, പപ്പട നിർമാണം, നേന്ത്രക്കായ, കപ്പ, ചക്ക, ഉപയോഗിച്ചുള്ള ചിപ്സ് നിർമാണം,സോപ്പ് നിർമാണം തുടങ്ങിയ മേഖലകളൽ സഹകരണപ്രസ്ഥാനങ്ങൾ പരീക്ഷിക്കപ്പെട്ടിട്ടില്ല.

അർഹരായകർഷകർക്ക്വിവിധകാർഷികവായ്പകൾ യഥാസമയം ലഭ്യമാക്കുന്നതിനു ബാങ്കുകൾക്ക്കഴിയുന്നില്ല. ഭവന നിർമാണത്തിനു വേണ്ടിയുള്ള വായ്പാ സൗകര്യം വളരെപരിമിതമാണ്.അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊലിലാളികളുടെ ക്ഷേമത്തനുവേണ്ടി യാതൊരു ശ്രമവും സഹകരണമേഖലയിൽ ഉണ്ടായിട്ടില്ല.

പട്ടിക ജാതിക്കാരുടെ ക്ഷേമത്തിനുവേണ്ടി പഞ്ചായത്തിൽ ഒരുസംഘം രജിസ്റ്റർചെയ്തു പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തന രഹിതമാണ്. അതുപോലെതന്നെനിത്യോപയോഗസാധനങ്ങളുടെ വിലനിയന്ത്രിക്കുന്നതിനു വേണ്ടി കാര്യമായശ്രമവുംപഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

## സാധ്യതകൾ

1.എല്ലാവാർഡുകളിലും ക്ഷീരവ്യവസായസഹകരണസംഘങ്ങളുംപഞ്ചായത്തിൽ ഒരുപാൽ സംസ്കരണ യൂണിറ്റും രൂപീകരിക്കന്നതിനുള്ള സാധ്യതപ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്.ഇങ്ങനെരൂപീകരിക്കുന്ന സംഘങ്ങൾ വഴിയായി കാലിത്തീറ്റവിതരണത്തിനുള്ളസംവിധാനവും നല്ലയിനംകറവവമാടുകളെ അംഗങ്ങൾക്ക് ലഭിക്കന്നതിനുള്ള പരിപാടിയും ആവിഷ്കരിച്ചാൽ പ്രസ്തുത മേഖല ശക്തിപ്പെടത്തുവാൻസാധിക്കും.

2. പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സഹകരണ ബാങ്കുകൾ വഴി ഭവന നിർമാണ വായ്പ കുറഞ്ഞപലിശക്ക് വിതരണം ചെയ്യുന്നതിനുള്ള പരിപാടികൾ സർക്കാർതലത്തിൽ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. മൈത്രീഭവന നർമാണ പരിപാടിപഞ്ചായത്തിൻെറ നിർദ്ദേശ പ്രകാരം,സഹകരണബേങ്കുകൾ മുഖേനനടപ്പിലാക്കിയാൽ പ്രസ്തുതപരിപാടിയുടെപ്രയോജനം അർഹരായ എല്ലാവർക്കും ലഭിക്കും.

3. മത്സ്യതൊഴിലാളി സഹകരണസംഘംരൂപീകരിച്ച് ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ സംരക്ഷിക്കുവാൻ ഇത്തരം സംഘങ്ങൾ വഴി ഉൽപ്പാദിപ്പിക്കുന്ന മത്സ്യ സംഭരിച്ച് കേട് കൂടാതെസൂക്ഷിക്കുവാനും വിപണനം നടത്തുവാനും കഴിയണം.

4. പഞ്ചായത്തിൽ ആഴ്ചതോറും രണ്ട് ഏജൻസികൾ വഴി 40,000 കോഴിമുട്ടകളാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ട് വന്ന് വിതരണം ചെയ്യുന്നത്അതുപോലെ ഇറച്ചിക്കോഴി വളർത്തൽകേന്ദ്രങ്ങളും വിരളമാണ്. പഞ്ചായത്തിൽ പ്രവർത്തന പരിധിയിൽ ഒരു ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രത്തിനു നല്ലസാധ്യതയുണ്ട്.വീടുകളിൽ ചെറിയ ചെറിയ യൂനിറ്റുകളായികോഴി വളർത്തുകയും ചെയ്യാവുന്നതാണ്.

5. ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിച്ച് അസംഘടിതമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ നൽകുക.. പഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന നിർമാണപ്രവർത്തനങ്ങൾ ഈസംഘം മുഖേന നടത്താവുന്നതാണ്.

6.പഞ്ചായത്തിൽ പട്ടികജാതിക്കാരുടെക്ഷേമത്തിനും ഇവർക്ക്തൊഴിൽ നൽകുന്നതിനുംവേണ്ടി രൂപീകരിച്ച പട്ടികജാതിസഹകരണസംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമക്കണം.

7.ഖാദിവ്യവസായസഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവരത്തിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തുക.

8. സഹകരണ കൺസ്യൂമർസ്റ്റോറുകൾ രൂപീകരിച്ച്നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുക വഴി ആവശ്യസാധനങ്ങളുടെവില നിലവാരംനിയന്ത്രിക്കുവാൻ കഴിയും.

9.പഞ്ചായത്തിൽ രൂപീകരിച്ച വിപണന സംസ്കരണ സഹകരണസംഘത്തിൻെറ പ്രവർത്തനംകാര്യക്ഷമമാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

10.പഞ്ചായത്ത് പ്രവർത്തന പരിധിയിൽ ഒരുവനിതാ സഹകരണസംഘം രൂപീകരിച്ച് പപ്പട നിർമാണം,സോപ്പ് നിർമാണം, റെഡിമെയ്ഡ്ഗാർമെൻറ്സ്, ചിപ്സ് നിർമാണംതുടങ്ങിയ മേഖലകളിൽപ്രവർത്തിക്കുവാനുള്ള സാധ്യതപ്രയോജനപ്പെടുത്തുക.

ജനകീയ ആസൂത്രണത്തിൻെറ അടിസ്ഥാന ഘടകമായഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ

1. ഭവന നിർമാണം. ചെറുകിടകച്ചവടം കല്യാണം എന്നീ ആവശ്യങ്ങൾക്കുള്ള വായ്പ സർവീസ് സഹകരണ സംഘങ്ങൾവഴി ലഭ്യമാക്കുക.

2. വ്യവസായം, കച്ചവടംതുടങ്ങിയ മേഖലകളിൽ വായ്പ നൽകുന്നതിനു സഹകരണാങ്കുകളിൽ നിലവിലുള്ള ഫണ്ട് അപര്യാപ്തമാണ്. അതിനാൽ ഇത്തരംകാര്യങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

3. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നിനാവശ്യമായ മാർക്കറ്റിംഗ്സഹകരണസംഘങ്ങളുടെപ്രവർത്തന ം ശക്തിപ്പെടുത്തുക.

4. പഞ്ചായത്തിലെ രണ്ടാംവാർഡിൽപെട്ട ഹരിജൻകോളനികളിൽ ഒരു കക്ക സംസ്കരണ സംഘം രൂപീകരിക്കുക.

5. അരവത്ത് കീക്കാൻ പ്രദേശങ്ങളിൽകയർ വ്യവസായസഹകരണസംഘങ്ങൾ രൂപീകരിക്കുവാനുള്ളസാധ്യത പ്രയോജനപ്പെടുത്തുക.

6. ഒന്നാംവാർഡിലെ തൂവൾ, കരിച്ചേരി, ബങ്ങാട്, എന്നിവിടങ്ങളിലെ കരിങ്കൽ തൊഴിലാളികളുടെ ജോലി സ്ഥിരതയുണ്ടാക്കുന്നതിനു പഞ്ചായത്ത് പ്രവർത്തനപരിധിയായി ഒരു കരിങ്കൽ വ്യവസായതൊഴിലാളി സഹകരണസംഘം രൂപീകരിക്കുക.

5-11

# പട്ടികജാതി-പട്ടികവർഗക്ഷേമം

# പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടാകൾ മുമ്പുതന്നെ ജിവിതത്തിൻെറ സമസ്ത മേളയകളിൽ നിന്ന് അകറ്റി നിർത്തിയിരുന്ന ജനവിഭാഗമാണ് പട്ടിക ജാതി പട്ടിക വർഗ്ഗം. '' ഗ്രാമത്തിൽ പുറത്ത് വസിക്കേണ്ടിവന്ന ഈ വിഭാഗം മാനുഷികമായി പരിഗണനൾക്ക് ദൂരെയായിരുന്നു എന്നും. പൊതു വഴികളിൽ ആരാധനാലയങ്ങളുടെ പരിസരത്തുനിന്ന് ,അക്ഷരത്തിൻെറ ലോകത്ത് നിന്ന് ആട്ടിയോടിക്കപ്പെട്ടിരുന്ന ഈ മണ്ണിൻെറ മക്കൽ ജിവിതത്തിൻെറ പൊതു ധാരയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്.

ഈ വിഭാഗങ്ങളെ പുരധിവസിപ്പിക്കുന്നതിന് സർക്കാർ അനേകം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും പൂർണമായ ഫല പ്രാപ്തിയിലെത്താൻ ഇനിയും വളരെ മുന്നോട്ടുപോകേണ്ടതുണ്ട്. കോളനികളായി ഇവരെ പുനരധിവസിപ്പിച്ചതുകൊണ്ട് സൗകര്യങ്ങൾ ഇവർ ക്കായി നൽകാൻ കഴിഞ്ഞു. എന്നാൽ അത് കോളനികളിൽ ത്തന്നെ ഒതുങ്ങാനും മറ്റുള്ളവരോട് ബന്ധപ്പെടാതിരിക്കുന്നതിനും കാരണമായിത്തീർന്നിട്ടുണ്ട്.

ആയിത്തത്തിനെതിരെ സ്വാമി ആനന്ദതീർത്ഥൻെറ നേതൃത്വത്തിൽ നടന്ന അമ്പല പ്രവേനത്തിൽ വളരെ കുറച്ച് പേർ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. മറ്റുള്ളവരുയെ അടിച്ചമർത്തലുകൾക്ക് വിധേയരായ ഇവർ മാനസിക അടിമത്തത്തിൽ നിന്ന് അപകർഷതാബോധത്തിൽ നിന്നും പൂർണമായും മോചിതരായിട്ടുല്ല.

പഞ്ചാത്തിലെ ആകെ ജനസംഖ്യയുടെ 4.8% പട്ടിക ജാതി വിഭാഗമാണ്. 404 പട്ടിക ജാതി കുടുംബങ്ങളും 2 പട്ടിക വർഗ്ഗ കുടുംബങ്ങളുമാണ് .ഇതിൽ വെളുത്തോളി ,നെല്ലിടുക്കം എന്നിവ അംഗീകൃത കോളനികവാണ്. കുതിരക്കോട്, കോറോത്ത് ,പൊടിപ്പളം,പാലത്താട്,തോക്കാനംമൊട്ട,ചെറുക്കപ്പാറ ,പാക്കം കരുവക്കോട്,തെക്കേക്കുന്ന്,ആലക്കോട്,പള്ളിക്കര,മഠം,കോട്ടപ്പള്ളം,മവ്വൽ മവ്വൽ സെൻറർ കുറിച്ചിക്കുന്ന്,കാട്ടൂർ മൂല,എച്ചിത്തറ, എന്നിവയാണ് മറ്റ് കോളനികൾ. ഈ കോളനികളിൽപ്പെടാതെയും ജീവിക്കുന്ന പട്ടിക ജാതി കുടുംബങ്ങളും ഉണ്ട്.

വിദ്യാഭ്യാസ സാമൂഹ്യരംഗങ്ങളിൽ എടുത്തുപറയത്തക്ക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ രംഗത്തേക്ക് കുട്ടികൾ ധാരാളമായി കടന്നുവരുന്നുണ്ട്. എങ്കിലും മുഴുവൻ ആളുകൾക്കും വേണ്ടതോതിൽ വിദ്യാഭ്യസം കൊണ്ട് നേട്ടങ്ങളുണ്ടാകുന്നില്ല. നൂറ്റാണ്ടുകളായി അയിത്തത്തിനും ചൂഷണത്തിനും വിധേയരായിരുന്ന ഈ വിാഭഗത്തിന് സ്വന്തമായി പാർപ്പിടവും ഭൂമിയും ഒരു പരിധിവരെ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഉച്ചനീചത്വങ്ങളിൽ നിന്ന് പൂർണമായും മോചനം നേടാൻ പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ മോശമില്ലാത്ത പരിഗണന ലഭിക്കുന്നുണ്ടെങ്കിലും ഇവരുടെ വിവാഹചടങ്ങുകളിൽ സംബന്ധിക്കകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നതിൽ ചിലരെങ്കിലും വിമുഖത കാണിക്കാറുണ്ട്. പട്ടിക ജാതിക്കാരുടെ വീടുകൾക്ക്

'അടിയാൻ പട്ടം' എന്ന പേര് പഴയ തലമുറയിൽ പ്പെട്ട ചില രെങ്കിലും ഇന്നും വിളിക്കാറുണ്ട്. ഹരിജൻ വെൽഫെയർ സ്കൂളുകളെ 'അടിയാർസ്കൂൾ' എന്നും പറഞ്ഞുവരാറുണ്ട്. ഇത് മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഈ വിഭാഗത്തിൻെറ ഉയർച്ചക്ക് വേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുളള പല പദ്ധതികളും വേണ്ടത്ര രീതിയൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിനുളള പ്രധാന കാരണം പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതും പ്രയാസമേറിയ നിബന്ധനകളുമാണ്.അംഗീകൃത കോളനികളിൽ താമസിക്കുന്ന ഹരിജൻ കുടുംബങ്ങളുടെ ജീവിത രീതിയിൽ വളരെയധികം പുരോഗമനം ഉണ്ടായിട്ടുണ്ട്.

1991 ലെ സെൻസസ് അനുസരിച്ച് പട്ടിക ജാതി വിഭാഗത്തിൽ 818 പുരുഷൻ മാരും 838 സ്ത്രീകളുമാണ്. 7 പുരുഷൻമാരും 7 സ്ത്രീകളുമാണ് പട്ടിക വർഗ്ഗക്കാരായി ഉള്ളത്. ആകെ ജനസംഖ്യ 1670 സ്കൂൾ സൗകര്യങ്ങൾ ഉള്ളതുകൊണ്ടും ഭൂരിപക്ഷം ആളുകളേയും സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികൾ മിക്കവാറും പത്താം ക്ലാസോടെ പഠനം അവസാനിപ്പിക്കുന്നതാണ് കാണുന്നത്. അപൂർവ്വം വിദ്യാർത്ഥികൾ ഉപരി പഠനത്തിന് പോകുന്നുണ്ട്.കുട്ടികളുടെ താല്പര്യക്കുറവും രക്ഷിതാക്കളുംട അശ്രദ്ധയും ഇതിന് കാരണമാണ്. കുടുംബബാധ്യതമൂലം പഠനം ഇടയ്ക്ക്വെച്ച് നിർത്തേണ്ടിവന്നവർ സാക്ഷരതാ പ്രസ്ഥാനത്തിലൂടെ ഒരളവുവരെ വിദ്യാഭ്യാസം നേടിയിട്ടുണ്ടെങ്കിലും തുടർ സാക്ഷരതയുടെ അഭാവം ഈ രംഗത്തെ ഗുണ നിലവാരത്തെ ബാധിച്ചിട്ടുണ്ട്. സന്നദ്ധ പ്രവർത്തകരുടേയും അധ്യാപകരുടേയും ഇടപെടലുകൾകൊണ്ട് കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി കോളിനികൾ, കോളനികളായി നിലനിർത്തുന്നതിന് പകരം മറ്റുള്ള വിഭാഗങ്ങളുമായ ഇടപഴകി ജീവിക്കാൻ അവസരം ഉണ്ടാക്കണമെന്ന അഭിപ്രായക്കാരും പഞ്ചായത്തിലുണ്ട്.

കാർഷി മേഖലയിലും പാരമ്പര്യതൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നവരാണ് ഭൂരിപക്ഷം കുടുംബങ്ങളും. കാർഷികമേഖലയുടെ തകർച്ച കാർഷിക വൃത്തിയിൽ നിന്നും മറ്റു മേഖലകളിലേക്ക് തൊഴിൽ തേടിപ്പോകൻ നിർബന്ധിതരായിട്ടുണ്ട്. പഞ്ചായത്തിൽ -ചെങ്കൽ കരിങ്കൽ ക്വാറികളിലാണ് പ്രധാനമായും ഈ മാറ്റം .കെട്ടിനിർമ്മാണരംഗത്തേക്കും ആളുകൾ മാറിയിട്ടുണ്ട്. നടീൽ, കൊയ്ത് കാലങ്ങളിൽ മറ്റ് മേഖലയിലേക്ക് പോയവരിൽ തന്നെ ഒരു വിഭാഗം കൃഷിപ്പണിയുമായി ബന്ധപ്പെടുന്നുണ്ട്.

പായനെയ്ത്ത് കൂട്ടനിർമ്മാണം, തുടങ്ങിയ തൊഴിലുകൾ ഏതാണ്ട് അപ്രത്യക്ഷമായിക്കൊണ്ടിരുക്കുന്നു. അസംസ്കൃത വസ്തുക്കളുടെ,ദൗർലഭ്യമാണ്. ഈ പ്രതിസന്ധിക്ക് പ്രധാന കാരണം.

സർക്കാറിൻെറയും വിവിധ ഏജൻസികൾ കളുടേയും സഹായത്തോടെ പാർപ്പിട പ്രശ്നം ഒരു അളവുവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.ഐ എർ.ഡി.പി സർവ്വേ പ്രകാരം 45 കുടുംബങ്ങൾക്കാണ് ഈ വിഭാഗത്തിൽ വീടുകൾ ആവശ്യമുള്ളത്. അംഗീകൃത കോളനികളിലെല്ലാം പരിമിതമായ സൗകര്യങ്ങളോടുകൂടിയ വീടുകൾ നിർമ്മിച്ചിട്ടുണ്ട്.എന്നാൽ ഒറ്റപ്പെട്ടു ജീവിക്കുന്ന ചില പട്ടിക ജാതി കുടുംബങ്ങൾക്ക് കോളനികളിൽ ലഭിക്കുന്ന പല ആനുകൂല്യങ്ങളും ലഭിക്കാത്ത സ്ഥിതിയുണ്ട്.

ശുചീകരണ കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കാത്തതുകൊണ്ട് ചില ആരോഗ്യപ്രശ്നങ്ങൾ പല കോളനികളിലും നിലനിൽക്കുന്നു. സാമൂഹ്യ ക്ഷേമ പദ്ധതികൾ പ്രകാരം കക്കൂസും കുടിവെള്ളവും ചില കോളനികളിൽ നിൽകിയിട്ടുണ്ടെങ്കിലും കക്കൂസ് നിലവിലില്ലാത്ത കോളനികളും കാണാം. അതുകൊണ്ട്ഓരോ വീടിനും ഒരോ കക്കൂസ് അനുവദിച്ച് കൊണ്ട് ഈ പ്രശ്നം പരിഹരിക്കേപ്പെടേണ്ടതാണ്. കക്കൂസ് ലഭിച്ചകുടുംബങ്ങൾ തന്നെ അതു കൃത്യമായി ഉപയോഗിക്കാൻ ശ്രദ്ധിക്കാറില്ല.

## പ്രശ്നങ്ങൾ

1. അംഗീകൃത കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല.

2. കാർഷികമേഖലയിൽ തൊഴിലവസരം കുറഞ്ഞു വരുന്നതുമൂലംജീവിതം കൂടുതൽ പ്രതിസന്ധികളിലേക്ക് നീങ്ങുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല.

4. സാക്ഷരത തുടർപ്രവർത്തനം നടക്കുന്നില്ല.

5 .ആരോഗ്യ പാലനരംഗങ്ങൾ വേണ്ടത്ര ഏർപ്പെടുത്തിയിട്ടില്ല.

6. വിനോദ കേന്ദ്രങ്ങളും സാംസ്ക്കാരിക നിലയങ്ങളും സ്ഥാപിച്ചിട്ടില്ല.

7 .ഒറ്റപ്പെട്ട ഹരിജന കുടുംബങ്ങളുടെ ക്ഷേമത്തിനു വേണ്ടി കാര്യമായി പ്രവർത്തനം നടക്കുന്നില്ല.

8. ഐ.ആർ.ഡി.പി പദ്ധതി ഫലപ്രദമായി ഉപയോഗിപ്പെടുത്തുന്നില്ല.

9. നിലവിലുള്ള ക്ഷേമ പ്രവർത്തനങ്ങളെ പറ്റി വേണ്ടത്ര ബോധവാന്മാരല്ല.

10.വീട് വെയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും വേണ്ടത്ര ഭൂമി ലഭിക്കുന്നില്ല. ലഭിച്ച ഭൂമി തന്നെ അന്യാധീനമായി പോകുന്നു.

11 .പട്ടിക ജാതി യുവാക്കൾക്ക് വേണ്ടത്ര തൊഴിൽ പരിശീലനം ലഭിക്കുന്നില്ല.

12. ചില കോളനികളിൽ കുടിവെള്ള ക്ഷാമമുണ്ട്.

13 .പൊതു ശ്മശാനം ഇല്ല.

## നിർദ്ദേശങ്ങൾ

1.എല്ലാ പട്ടിക ജാതി -പട്ടികവർഗ്ഗ കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

2 .എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിക്കുക.

3 .കോളനികളിൽ ജനവീദ്യാകേന്ദ്രങ്ങൾ ആരംഭിക്കുക.

4. സാംസ്ക്കാരിക കേന്ദ്രങ്ങളും വായനശാലകളും സ്ഥാപിക്കുക.

5. ആരോഗ്യശുചീകരണ പ്രവർത്തനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുക.

6. പായ നെയ്ത്ത് കൊട്ട മടയൽ തുകൽ വസ്തുക്കളുടെ നിർമ്മാണം ,കുമ്മായം എന്നിവയുടെ വവ്യവസായം സഹകരണാടിസ്ഥാത്തിൽ ആരംഭിക്കണം.

7. കോളനി കളിലെ വീടുകൾ പൂർണമായും വൈദ്യുതിവൽക്കരിക്കുന്നതിനാവശ്യമായി നടപടിസ്വീകരിക്കണം.

8. അർഹതപ്പെട്ടവർക്ക് മുഴവനും സാമ്പത്തിക സഹായങ്ങൾനല്കുക.

9 .കോളനി യുമായി ബന്ധപ്പെടുത്തിക്കൊണ്ട് ശ്മശാനം ഉണ്ടാക്കുക.

10. കോളനികളിലേക്കുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുകയും ഇല്ലാത്ത ഭാഗങ്ങളിൽ റോഡുകൾ നിർമ്മിക്കുകയും ചെയ്യുക.

11. സ്വയം തൊഴിലുകൾ ചെയ്യാൻ മുന്നോട്ട് വരുന്ന യുവതി യുവാക്കൾക്ക് ബാങ്ക് വായ്പ സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുക.

12. ആനുകൂല്യങ്ങൾ ദുരുപയോഗപെട്ടുത്തുന്നത് ജനകീയി കമ്മിറ്റികൾ പരിശോധിക്കേണ്ടതാണ്.

13 .ഉപജീവന മാർഗ്ഗം ഉണ്ടാക്കുന്നതിന് ഓരോ കുടുംബത്തിനും ആവശ്യമായ ഭൂമി നൽകണം.

14. വാസയോഗ്യമല്ലാത്തതുമായ കോളനിയിലെ വീടുകൾ പുനർ നിർമ്മിക്കണം.

15. പദ്ധതികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചുമതല ഗ്രാമ പഞ്ചായത്ത് സമിതിയെ ഏൽപ്പിക്കണം.

## ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ

1. കോളനികളിലെ ഉപയോഗ ശൂന്യമായ കിണറുകൾ നന്നാക്കുക. കിണറുകൾ ഇല്ലാത്തടിത്ത് കുഴൽ കിണർ നിർമ്മിക്കുക .

2 .സർക്കാർ സഹായം ഉപയോഗിച്ച് നിർമ്മിച്ച വീടുകൾ വിൽക്കുന്ന വരിൽ നിന്നും മുഴുവൻ തുകയും പലിശസഹിതം തിരിച്ചു പിടിക്കണം.

3 .40 ഓളം കുടുംബങ്ങളെ ഷോറക്കപ്പാറ കോളനി ഐ,എച്ച്.ഒ.പി കോളനിയായി അംഗീകരിക്കണം.

4 .വീടുനിർമ്മാണത്തിന് അനുവദിക്കുന്നതുക 15,000 രൂപയിൽ നിന്ന് 30,000 രൂപയായി വർദ്ധിപ്പിക്കുക.

5 .കോളനികളിൽ ടി.വി കേന്ദ്രങ്ങൾ അനുവദിക്കണം.

6 .പട്ടിക ജാതി വകുപ്പ് നടത്തുന്ന എല്ലാ സ്കീമുകളും പഞ്ചായത്ത് മുഖേന നടപ്പിലാക്കണം.

7 .ഹരിജൻ പെൺകുട്ടികൾക്കുള്ള വിഹാഹ ധനസഹായം നൽകണം.

## 5-12

# വിഭവസമാഹരണം

# വിഭവ സമാഹരണം

പള്ളിക്കര ഒരു സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്താണ്. 1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 34696 ആണ്. മൊത്തമുള്ള 6795 കുടുംബങ്ങളിൽ 1807 എണ്ണം ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ തൊഴിലില്ലായ്മയും വ്യാവസായിക പിന്നോക്കാവസ്ഥയുമാണ്. സാമ്പത്തിക വിതരണ രംഗത്ത് ഏറെ അസമത്വങ്ങൾ നില നിൽക്കുന്നു.

പഞ്ചായത്തിലെ ജനജീവിതത്തെ ഇന്ന് നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് ഗൾഫ് പണമാണെന്നുപറയാം. ഗ്രാമീണ ജീവിത ശൈലിയിൽ നിന്ന് ഒരു നാഗരിക ജീവിതത്തിലേക്കുള്ള പെട്ടെന്നുള്ള മാറ്റത്തിനു ഈ പണം പ്രേരകമായിട്ടുണ്ട്. എന്നാൽ പൂർണ്ണമായും ഗൾഫ്മേഖലയെ ആശ്രയിച്ച് അധിക കാലം മുന്നോട്ട് പോകാൻ കഴിയില്ലെന്ന തിരിച്ചറിവ് ആശങ്കയുണ്ടാക്കിയിട്ടുണ്ട്. രണ്ടായിരത്തിലധികം ആളുകൾ വിസ നഷ്ടപ്പെട്ട് പെട്ടെന്ന് മടങ്ങിവന്ന അവസ്ഥ സാമ്പത്തിക രംഗത്ത് മന്ദത ഉണ്ടാക്കിയിട്ടുണ്ട്. പള്ളിക്കരയിലെ ഗൾഫ് ജോലിക്കാർ സ്വരൂപിച്ച പണം ഉൽപാദനരംഗത്ത് തിരിച്ച് വിടാൻ കഴിഞ്ഞിട്ടില്ല എന്നത് പരിശോധനാ വിഷയമാകേണ്ടതാണ്.

കാർഷിക രംഗത്ത് നാണ്യവിളകൾ, പ്രധാനസ്ഥാനം കൈയടക്കികൊണ്ടിരിക്കുകയാണ്. നെൽപ്പാടങ്ങൾ തരിശിടുകയു, തെങ്ങ്, കമുക് തുടങ്ങിയ വിളകൾ ആസ്ഥാനം കൈയേറുകയും ചെയ്തു. ഇത് ഭക്ഷ്യോൽപാദന രംഗത്തും കാർഷികതൊഴിലാളികളുടെ രംഗത്തും പ്രതിസന്ധിയുണ്ടാക്കിയിരിക്കുന്നു. ഭക്ഷ്യധാന്യങ്ങൾക്ക്വേണ്ടി മറു നാട്ടുകാരെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയണം. തൊഴിലിൽ നിന്ന് എടുത്തെറിയപ്പെടുന്നവർക്ക് പുതിയതൊഴിലുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ബാധ്യതയും പഞ്ചായത്തിനു ഏറ്റെടുക്കേണ്ടി വരും.

വ്യവസായ രംഗം പഞ്ചായത്തിനെ സംബന്ധിച്ച് ഇനിയും ആരംഭിക്കേണ്ടതായിട്ടാണിരിക്കുന്നത്. അഞ്ച് ചെറുകിട മരമില്ലുകൾ മാത്രമാണ് ഈരംഗത്ത് ഉള്ളത്.

അഞ്ചു യൂണിറ്റുകളിലായി നൂറിൽ താഴെ ആളുകളാണ് പണിയെടുക്കുന്നത്. വിദൂര സാധ്യതയില്ലെങ്കിലും ഇപ്പോൾ ഏറ്റവും കൂടുതൽ ആളുകൾക്ക്തൊഴിൽ നൽകികൊണ്ടിരിക്കുന്നത്. ചെങ്കൽ ഖനനമേഖലയാണ്. പരമ്പരാഗത തൊഴിലുകൾ നഷ്ടപ്പെട്ട ധാരാളം സ്ത്രീ പുരുഷ തൊഴിലാളികൾ ഈ വ്യവസായത്തെ ആശ്രയിക്കുന്നു. ഇവിടെയും ആസൂത്രിതമായ പരിപാടികളോ സഹകരണസംഘങ്ങളോ പ്രവർത്തിക്കുന്നില്ല.

കെട്ടിട നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്നവരും പഞ്ചായത്തിൽ ധാരാളമുണ്ട്. ഗൾഫിൽ നിന്ന് നാട്ടിലെത്തിയ പണം വീട് നിർമാണത്തിനു വേണ്ടിയാണ് ഉപയോഗിച്ചതെന്നുകാണുവാൻ കഴിയും. നിർമ്മാണത്തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകാൻ ഈ കെട്ടിട സംസ്കാരം വഴി തെളിച്ചിട്ടുണ്ടെങ്കിലും കൂലി രംഗത്ത് നിലവിൽ വന്ന കോൺട്രാക്ട് വ്യവസ്ഥ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ഇടത്തരക്കാർക്കും വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്.

ഈ പ്രശ്നങ്ങളെല്ലാം തരണം ചെയ്യുന്നതിനു പഞ്ചായത്തിനു കഴിയണമെങ്കിൽ ദീർഘദൃഷ്ടിയോട്കൂടിയ ഒരു സമീപനം ആവശ്യമാണ്. മത്സ്യബന്ധനം,കൃഷി, വ്യവസായ യൂണിറ്റുകൾ, എന്നിവ ആസൂത്രിതമായി ഉപയോഗപ്പെടുത്തിയാൽ പ്രശ്നങ്ങൾ ഒരളവു വരെ പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗം കെട്ടിട നികുതിയാണ്. തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ്,ലേലം തുടങ്ങിയവയാണ്മറ്റ് മാർഗ്ഗങ്ങൾ. കൂടാതെസർക്കാർ ഗ്രാൻറിനത്തിൽ വസ്തു കൈമാറ്റം, അടിസ്ഥാന നികുതി, എസ്റ്റാബ്ലിഷ്മെൻറ്, വി.ആർ.എം. ഗ്രാൻറ്, വി.ടി.സി. ഗ്രാൻറ്, എം.ഐ. എന്നീ ഇനങ്ങളിലും വരുമാനം ലഭിക്കുന്നുണ്ട്.

കെട്ടിട നികുതിയിനത്തിൽ തുടർച്ചയായി ലഭിച്ചവരുമാനം പട്ടിക 1-ൽ കാണിച്ചിരിക്കുന്നു.

പട്ടിക-1

കെട്ടിട നികുതി

| | | |
|---|---|---|
| 1 | 1992-93 | 206933,64 |
| 2 | 93-94 | 224344.52 |
| 3 | 94-95 | 220792.24 |
| 4 | 95-96 | 429171.41 |
| 5 | 96-97 | 477851.66 |

കെട്ടിട നികുതിയിൽ വന്ന വർദ്ധന ശ്രദ്ധേയമാണ്.

പട്ടിക-2

പഞ്ചായത്തിൻെറ വരവ് സംബന്ദിച്ച വിവരങ്ങൾ-95-96

| | | | | |
|---|---|---|---|---|
| 1 | കെട്ടിടനികുതി | 478448,71 | 477851.66 | 597.05 |
| 2 | ലൈബ്രറി കെട്ടിടം | 23400.29 | 23371.34 | 28.95 |
| 3 | തൊഴിൽ നികുതി | 94710.00 | 72899.00 | 2182.00 |
| 4 | വാഹന നികുതി | - | - | — |
| 5 | വിനോദ നികുതി | 42044.30 | 42044.30 | — |
| 6 | അഡീ.വിനോദ നികുതി | 25525.60 | 25525.60 | — |
| 7 | പ്രദർശന നികുതി | 2208.00 | 2208.00 | — |
| 8 | പ്രദർശന നികുതിയിന്മേലുള്ള സർചാർജ് | 544.50 | 544.50 | — |
| 9 | ചന്തവരവ് | 14420.00 | 14420.00 | — |
| 10 | ലാൻറ് സെസ്സ് | - | - | — |
| 11 | ലൈസനസ് ഫീസ് | 78395.00 | 78395.00 | — |
| 12 | കെട്ടി നികുതി ചാർജ് | - | - | — |
| 13 | വസ്തുകൈമാറ്റനികുതി75% | 256296.00 | 256296.00 | — |
| 14 | വസ്തുകൈമാറ്റനികുതി25% | 75, 000.00 | 75, 000.00 | — |
| 15 | സർക്കാർ ഗ്രാൻറുംമറ്റും ഒഴികെമറ്റുള്ളവവരുകൾ | 126308.15 | 2696.00 | 1.00 |
| 16 | സംഭാവന | - | - | — |
| 17 | ഡെപ്പോസിറ്റ് | 15005.40 | 15005.40 | — |
| 18 | മറ്റുള്ളവ | 824967.00 | 824967.00 | — |
| | ആകെ | 2057272.95 | 2034823.95 | 22449.00 |

പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൽ 75 ശതമാനം 1995 വർഷത്തിൽ ഭരണച്ചെലവിന് വിനിയോഗിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. ആകെ വരുമാനത്തിൽ തനതു വരുമാനം വർഷംതോറും കൂടി വരുന്നുണ്ട്. ജെ.ആർ.വൈ. പദ്ധതിപ്രകാരം 1996-97 വർഷത്തിൽ മൊത്തം 295970 രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിനായി 132100 രൂപയും പഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്. 1996-97 വർഷത്തിൽ മൊത്തം എസ്റ്റാബ്ലിഷ്മെൻറ് ചെലവ് 576466 രൂപയാണ്.

പ്രധാന വരുമാനമാർഗമായ കെട്ടിട നികുതി കണക്കാക്കുന്നതിനു അനുയോജ്യമായ സംവിധാനങ്ങളില്ല. നികുതി പുതുക്കി നിശ്ചയിക്കുന്നതിനള്ള സംവിധാനങ്ങളില്ല. നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കാലതമാസം ഒഴിവാക്കിയേ മതിയാവൂ. നികുതി കൃത്യമായി പിരിച്ചെടുക്കാനുള്ള സംവിധാനം ശക്തമാക്കണം. ഓരോ വാർഡിലും നികുതി പിരിക്കുന്ന രീതി, സ്ഥലം,സമയം എന്നിവ മുൻകൂട്ടി നികുതി ദായകരെ അറിയിക്കണം.

തൊഴിൽ ചെയ്യുന്ന എല്ലാ വിഭാഗം ആളുകളിൽ നിന്നും തൊഴിൽ നിതുകി ഈടാക്കണം. സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബ്ബന്ധമാക്കുകയും നിശ്ചിത നിരക്കിൽ നികുതി ചുമത്തിധനം സമാഹരിക്കാവുന്നതാണ്. അനധികൃതമയി ചിട്ടികൾ നടത്തുന്നവർക്കും സ്ഥാപനങ്ങൾക്കും നികുതി ചുമത്താവുന്നതാണ്. വില്ലേജാഫീസിൽ നിന്നും ലഭിക്കുന്ന ഭൂനികുതിയുടെ വിഹിതം പഞ്ചായത്തിൽ നേരിട്ട് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

വിനോദ നികുതിയിനത്തിൽ പഞ്ചായത്തിനു തുച്ഛമായ വരുമാനമാണ് ലഭിക്കുന്നത്. വിനോദ നികുതി പൂർണമായും ലഭിക്കത്തക്ക രീതിയിൽ നിലവിലുള്ള നിയന്ത്രണത്തിൽ മാറ്റം വരണം.

മണൽ വാരുന്നവരിൽ നിന്ന് എടുക്കുന്ന മണലിൻെറ അളവനുസരിച്ച് നികുതി ഈടാക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാവണം. മണലെടുക്കുന്നതിനു നിശ്ചിത സമയം ഇല്ലാത്തതുകൊണ്ടും പല വഴിക്ക് മണൽ കടത്തുന്നതുകൊണ്ടും ഇതിൻെറ അളവ് നിയന്ത്രിക്കുക സാധ്യമല്ല.

പുഴയിൽ നിന്നോ കടൽ തീരത്ത് നിന്നോ പൂഴി വാരുന്നതിനുള്ള അവകാശം ലേലം ചെയ്തുകൊടുക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാം. പരിസ്ഥിതിയെ ബാധിക്കുന്ന തരത്തിൽ മണലെടുക്കുന്നത് തടയുകയും വേണം.

പട്ടിക-3

സ്ഥാവര സ്വത്തുക്കാം സംബന്ധിച്ച വിവരം

| വക വിവരം | സർവ്വേ.ന: | വില്ലേജ് | വിസ്തീർണ്ണം | മതിപ്പുവില |
|---|---|---|---|---|
| പുരയിടം | RS 459/1 450/3 | പള്ളിക്കര | 64 C | – |
| പുരയിടം | 450/3A | ,, | 50 C | - |
| മിനിസ്റ്റേഡിയം | 264/1B | ,, | 130 C | – |
| കീക്കാനം [illegible] | 457/B | പനയാൽ | 78 C | – |
| കളിസ്ഥലം | 427/3A 5 | പനയാൽ | 95 C | – |
| ,, | 477/3 | ,, | 50 C | 14500.00 |

പട്ടിക-4

ഗ്രാൻറ് സംബന്ധിച്ച വിവരങ്ങാം

| വർഷം വകവിവരം | V.R.T | M.I | V.T.C | [illegible] 25% | [illegible] 75% | SPI ഗ്രാൻറ് | [illegible] | ആകെ |
|---|---|---|---|---|---|---|---|---|
| 1994-95 | 25044 | 1563 | 15185 | – | 68987 | 2ലക്ഷം | 24 × 40 | 696098 |
| 1995-96 | 24087 | - | 4049 | - | - | - | - | 297560 |

തെരുവ് വിളക്ക് കത്തിക്കുന്നതിനു തൻ വർഷത്തിൽ വൈദ്യുതിചാർജ് ഇനത്തിൽ പഞ്ചായത്ത് ചെലവഴിച്ചത് 38, 6700 രൂപയാണ്. വരുമാനത്തിൻെറ 2.58 ശതമാനമാണ് ഈ തുക.

ലൈബ്രറി, വായനശാല, എന്നിവയുടെ ആവശ്യത്തിലേക്ക് 95-96 വർഷത്തിൽ 11, 710രൂപയാണ് ചെലവായത്.ഇത് മൊത്ത ചെലവിൻെറ 1.02 ശതമാനമാണ്.

ചെലവ് സംബന്ധിച്ച് വിവരങ്ങാം പട്ടിക അഞ്ചിൽ കൊടുത്തിരിക്കുന്നു.

ചെലവ് സംബന്ധിച്ച വിവരങ്ങാം95-96 പട്ടിക-5

| ഇനം | തുക |
|---|---|
| ഭരണം | 576466.00 |
| പൊതുമരാമത്ത് | 373499.00 |
| വിദ്യാഭ്യാസം | 16702.00 |
| ജലവിതരണം,ഓടകാം,ആരോഗ്യം | 83174.00 |
| തെരുവ് വിളക്കുകാം | 36792.00 |
| മറ്റുള്ളവ | 150358.00 |
| ആകെ | 1236991.00 |

ജവഹർ റോസ്ഗാർ യോജന പ്രകാരം 96-97 വർഷത്തിൽ പഞ്ചായത്തു ഏറ്റെടുത്ത് നടത്തിയ ജോലികളും ചെലവായ തുകയും പട്ടിക ആറിൽ കൊടുത്തിരിക്കുന്നു.

പട്ടിക-6

| പണിയുടെ പേര് | ജനറൽ | എസ്.സി.എസ്.ടി. | ആകെ |
|---|---|---|---|
| ടാറിംഗ് | 1,75,000രൂ. | 22500 | 197500 |
| റോഡ് | 120970 | 1106000 | 231570 |
| ആകെ | 295970 | 133100 | 429070 |

നികുതി പിരിവ് ഊർജ്ജതിപ്പെടുത്തിയും തനത് വരുമാനങ്ങാം വർദ്ധിപ്പിച്ചും വികസന പ്രവർത്തനങ്ങാംക്ക് ആക്കം കൂട്ടുവാൻ പഞ്ചായത്തിനു കഴിയും. വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ ചെലവഴിക്കപ്പെടുന്ന തുക തീരെ അപര്യാപ്തമാണെന്ന് കണക്കുകാം സൂചിപ്പിക്കുന്നു. ഒരുപുതിയ ജനകീയ സന്നദ്ധപ്രവർത്തനത്തിലൂടെ വികസന പ്രവർത്തനങ്ങാംക്ക് പുതിയ ഒരു മുഖം നൽകാനും ഈ പ്രദേശത്തെ സമൃദ്ധിയിലേക്ക് നയിക്കാനും കഴിയും.

നിർദ്ദേശങ്ങാം

1. നികുതി പിരിവ് കാര്യക്ഷമമാക്കുക.

2. പ്ഞ്ചായത്തിൻെറ പൊതുപ്രവൃത്തികാംജനകീയ കമ്മിറ്റികളെ ഏൽപ്പിക്കുക.

3. ചെങ്കൽ, കരിങ്കൽ ക്വാറികാംക്ക് ലൈസൻസ്ഫീ ഏർപ്പെടുത്തുക.

4. ബഹുജന-സന്നദ്ധസംഘടനകളുടെ സാമ്പത്തികസഹായം, മനുഷ്യാധ്വാനം എന്നിവ ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികാം ചെയ്യുക.

5. വിദ്യാഭ്യാസ ആരോഗ്യ പ്രവർത്തനങ്ങാംക്ക് വേണ്ടി നിധികാം സ്വരൂപിക്കുക.

6. കൃഷിയോഗ്യമായു ഭൂമി തരിശിടുന്നവരിൽ നിന്ന് പിഴ ഈടാക്കുക.

7. ഗാംഫിൽ നിന്ന് എത്തുന്ന പണം കാർഷികവ്യവസായിക മേഖലകളിലോ മറ്റ് ഉൽപാദന മേഖലകളിലോ കേന്ദ്രീകരിപ്പിക്കുക.

8. ദേശസാൽകൃത ബാങ്കുകളുടെ വായ്പാ-നിക്ഷേപ ആനുപാതം കൂട്ടി കൂടുതൽ വായ്പാ സൗകര്യം ലഭ്യമാക്കുക.

9. ബേക്കൽ മിനി സ്റ്റേഡിയം ഗ്യാലറി നിർമ്മിച്ച് അതിൽ ടിക്കറ്റ് വെച്ച് നടത്തുന്ന പരിപാടികാംക്ക് നികുതി ഈടാക്കുക.

10. ഭൂനികുതി വിഹിതം വില്ലേജാഫീസിൽ നിന്ന് പഞ്ചായത്തിലേക്ക് നേരിട്ട് ലഭിക്കാനുള്ള ഏർപ്പാടുകാം ചെയ്യുക.

11. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികാം കൈക്കൊള്ളുക. (ഉദാ. ഷോപ്പിംഗ് കോംപ്ലക്സ്, ടാക്സി-ഓട്ടോ സ്റ്റാൻറുകാം, അറവ് ശാലകാം)

# 5-13
# ടൂറിസം

# ടൂറിസം

ഇക്കേരി രാജവംശത്തി ൽപെട്ട ശിവപ്പനായിക്ക് 1657ൽ ബേക്കൽ കുന്നിൽ സ്ഥാപിച്ച കേരളത്തിലെ ഏറ്റവും വലിയ കോട്ട പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്.അറബിക്കടലിൻെറ മനോഹരമായ തീരം കേരളത്തിൻെറ മറ്റേതൊരു പ്രദേശത്തെക്കാളും മനോഹരമാണ്. തിരമാലകൾ ചിതറിത്തെറിക്കുന്ന പാറക്കൂട്ടങ്ങൾക്ക്മുകളിൽ സ്ഥിതി ചെയ്യുന്ന നാൽപതേക്കറോളം വരുന്ന കുന്നിൻ മുകളിൽ കുന്നിനെ ചുറ്റിയാണ് കോട്ട സ്ഥാപിച്ചിട്ടുള്ളത്. യുദ്ധാവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ കോട്ട പ്രധാനമായും ഉപയോഗപ്പെടുത്തിയിരുന്നത്. കോട്ടയ്ക്കുള്ളിൽ പണിതിട്ടുള്ള ചെറുതും വലുതമായ മൂന്ന് കൊത്തളങ്ങളുണ്ട്. കോട്ടയുടെപ്രവേശനകവാടടുത്ത് സ്ഥാപിച്ചിട്ടുള്ള ഏറ്റവും ഉയരം കൂടിയ കൊത്തത്തിനു മുകളിൽ നിന്നാൽ കിലോമീറ്ററുകളോളം നീളത്തിൽ തെക്കും വടക്കുമായി തീരപ്രദേശം കാണാൻ കഴിയും. തെങ്ങുകൾ ഇട തൂർന്ന് വളരുന്ന തീരത്തെ തൊട്ട്കിടക്കുന്ന മണൽ തട്ടും, അറബിക്കടലും ചേർന്ന് ഒരുക്കുന്ന. മാസ്മരിക സൗന്ദര്യം വർണനങ്ങൾക്കതീതമാണ്. ഈ തീരത്തെ രണ്ട് പ്രധാന മത്സ്യബന്ധന കേന്ദ്രത്തിൽ വന്ന്പോകുന്ന തോണികളും ബോട്ടുകളും ചേർന്ന് സദാ ഉത്സവപ്രതീതി ജനിപ്പിക്കുന്നു.

ദിവസേന നൂറ് കണക്കിനാളുകൾ ഈ കോട്ട സന്ദർശിക്കാൻ എത്തുന്നു. ഈ അടുത്ത കാലത്ത് പുരാവസ്തു ഗവേഷകർ നൂറ്റാണ്ടുകൾക്ക് മുമ്പുള്ള പാത്രങ്ങളും ആഭരണങ്ങളും കോട്ടയുടെ മധ്യഭാഗത്ത് നിന്ന് ഖനനം ചെയ്തിട്ടുണ്ട്. തകർന്നുപോയ ചില കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും കണ്ട് കിട്ടിയിട്ടുണ്ട്. ചെങ്കല്ലിൽ പടുത്തുയർത്തിയ കോട്ട മതിലിലുള്ള ചെരിഞ്ഞസുഷിരങ്ങൾ യുദ്ധസന്നാഹത്തിനുവേണ്ടിയാണ് ഈ കോട്ട പണിതുയർത്തിയതെന്ന്സൂചിപ്പിക്കുന്നു പഞ്ചായത്തിൻെറ ഉയർന്ന കിഴക്കൻ കുന്നുകളിൽ നിന്നാൽ ഈ കോട്ടയുടെ മനോഹരമായ ദൃശ്യം ആസ്വദിക്കാൻ കഴിയും.

പഞ്ചായത്തിൻെറ തെക്കെഅതിരിലുള്ള ചിത്താരിപ്പുഴയും വടക്കേ അതിരിലുള്ള ബേക്കൽ പുഴയും കടലിനോട് ചേരുന്നു. കേരളത്തിലെ ഏറ്റവും മികച്ച ടൂറിസ്റ്റ് കേന്ദ്രമാകാനുള്ള എല്ലാ യോഗ്യതയും ഒത്തിണങ്ങിയ പ്രദേശമാണ് പള്ളിക്കരയുടെ തീരം.

ബേക്കൽ കോട്ടയും പരിസരവും ചേർന്ന ഒരു ടൂറിസ്റ്റ് കേന്ദ്രത്തെക്കുറിച്ച് വളരെയധികം ആശയങ്ങളുണ്ടായിരുന്നു ഒരാളാണ് പള്ളിക്കരപഞ്ചായത്തിൻെറ ആദ്യപ്രിഡൻറായിരുന്ന പരേതനായ അബൂബക്കർ ഹാജി.

ബേക്കൽ കോട്ടയും തീരവും ആയിരം കോടി രൂപ മുടക്കി അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമാക്കാൻ എടുത്ത തീരുമാനം ആശങ്കയോടെയാണ് പള്ളിക്കര നിവാസികൾ സ്വീകരിച്ചത്. മെഗാടൂറിസംവരുത്തിത്തീർക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും സാംസ്കാരിക പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. പുരാവസ്തു വകുപ്പ്കോട്ട സന്ദർശിക്കുന്നവരിൽ നിന്ന് ചാർജ് ഈടാക്കുന്നതിനെതിരെ സമരപരമ്പരകൾ തന്നെ നടന്നുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിൻെറ ആഭിമഖ്യത്തിൽ നടന്ന മുഖാമുഖം പരിപാടിയിലും പദ്ധതി സംബന്ധിച്ച് വിവരങ്ങൾ വെളിപ്പെടുത്താൻ ഉദ്യോഗസ്ഥന്മാർ തയ്യാറായില്ല.

ജനപ്രതിനിധികൾ സമരപരിപാടികൾക്ക് നേതൃത്വം നൽകുകയുണ്ടായി. ടൂറിസവുമായി ബന്ധപ്പെട്ട

സംശയങ്ങൾ പൂർണമായിദൂരീകരിക്കുന്നതിനു , ബന്ധപ്പെട്ടവർക്ക് കഴിയുന്നില്ല.

നിഗൂഢതകൾ നീക്കുകയും പ്രോജക്ട് വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയും ചെയ്യേണ്ട ബാധ്യത വേണ്ടപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും വകുപ്പിനുംഉണ്ട്.

നമ്മുടെ പ്രദേശത്തിനു അനുയോജ്യമായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട്, തദ്ദേശികളുടെ ജീവിതത്തിനുമേൽ കരിനിഴൽ വീഴ്ത്താത്ത ഒരു സംരംഭത്തിനു തുടക്കംകുറിക്കുകയാണെങ്കിൽ ജനങ്ങളുടെ ആശങ്കകൾ അകന്നുകൊള്ളും.

തൊഴിലവസരങ്ങൾ വർദ്ധിക്കുകയും നാടിൻെറ പുരോഗതിക്ക് സഹായകമായി തീരുകയും ചെയ്യുന്ന ഒരു നയം നടപ്പിലാക്കുകയും ജനങ്ങളുടെ പൂർണ സഹകരണം തേടികൊണ്ട മാത്രമേ ഏതു പദ്ധതിയും വിജയത്തിലെത്തുകയുള്ളൂ എന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഒരു ജനകീയ ടൂറിസംപദ്ധതിക്കുവേണ്ടി ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നർദ്ദേശങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു.

## നിർദ്ദേശങ്ങൾ

1. പള്ളിക്കര തീരം വൃത്തിയായിസൂക്ഷിക്കുന്നതിനു ഒരുമാസ്റ്റർപ്ലാൻ തയ്യാറാക്കുക.

2. നിലവിലുള്ള റോഡുകൾ വീതി കൂട്ടി ഡെക്കറേറ്റീവ് വിളക്കുകൾ സ്ഥാപിക്കുക.

3. വൻ കിടഹോട്ടലുകൾ നിർമ്മിക്കാനുള്ള നീക്കം ഉപേക്ഷിക്കുകയും,അടിസഥാന സൗകര്യങ്ങളുള്ള കോട്ടേജുകൾ നിർമിക്കുകയും ചെയ്യുക.

4. തീരദേശറോഡ് നിർമിക്കുക-ചിത്താരിപുഴയും ബേക്കൽപുഴയും ബന്ധിപ്പിക്കുന്നതായിരിക്കണം ഈ റോഡ്.

5. ചന്ദ്രഗിരി-കാഞ്ഞങ്ങാട് റോഡിനു പടിഞ്ഞാറു ഭാഗത്തുള്ള പ്രദേശങ്ങൾ ശുചീകരിക്കുകയും ഉദ്യാന വൃക്ഷങ്ങൾ വെച്ച്പിടിപ്പിക്കുകയും ചെയ്യുക.

6. മറം കോളനി ശുചീകരിക്കുകയും ഓരോ രീതിയിലുള്ള വീടുകൾ നിരയായിസ്ഥാപിച്ച് കോളനി നിവാസികളെ പുനരധിവസിപ്പിക്കുക.

7. കോട്ടയ്ക്ക് ചുറ്റും കാടു പിടിച്ച് കിടക്കുന്ന സ്ഥലത്ത് തണൽ വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുകയും വൈദ്യുതി വിളക്കുകൾസ്ഥാപിക്കുകയും ചെയ്യുക.

8. റെയിൽവേ സ്റ്റേഷൻ കെട്ടിടം പുതുക്കിപ്പണിയുകയും പ്ലാറ്റ്ഫോമിൻെറനീളം കൂട്ടി വിളക്കുകൾസ്ഥാപിക്കുകയും ചെയ്യുക.

9. റെയിൽവേ സ്റ്റേഷനിൽ നിന്ന് കടപ്പുറത്തേക്ക് റോഡുണ്ടാക്കുക.

10. റെയിൽവേ സ്റ്റേഷനു സമീപമുള്ള കിണറും കുളവും വൃത്തിയാക്കുകയും ജലം ഉപയോഗ്യമാക്കുകയും ചെയ്യുക.

11. റെയിൽവേസ്റ്റേഷനടുത്ത് നിന്നും കടലിലേക്കെത്തുന്ന ചെറുതോടിൻെറകരകൾ കെട്ടുകയും സ്ലാബിട്ട് മൂടി ഡ്രൈനേജ്സൗകര്യത്തിനായി ഉപയോഗിക്കുകയും ചെയ്യുക.

12. ചിത്താരി-ബേക്കൽ പുഴകളിൽ ഉല്ലാസബോട്ടുകൾ ഏർപ്പെടുത്തുക.

13. കോട്ടയ്ക്കുള്ളിൽ ഭക്ഷ്യഅവശിഷ്ടങ്ങളും കുപ്പികളും വലിച്ചെറിയുന്നപ്രവണത നിരോധിക്കുക.

14. കാഞ്ഞങ്ങാട്ട് നിന്നും കാസർകോട് നിന്നും പ്രത്യേക ബസ് സർവീസുകൾ കോട്ടയിലേക്ക് ആരംഭിക്കുക.

15. കോട്ടയുടെ പടിഞ്ഞാറ് ഭാഗത്ത് വഴുക്കലുള്ള പാറകളിൽ അപകടസൂചന അറിയിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.

16. കോട്ടക്ക് വെളിയിൽ കോട്ടയുമായി ബന്ധപ്പെടുന്ന പാതകകൾക്കിരുവശത്തുമായി കരകൗശല വസ്തുക്കൾ വിൽക്കാനുള്ള സ്റ്റാളുകൾ ആരംഭിക്കുക.

17. കോട്ടയ്ക്ക് വെളിയിലായി ഒരു ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കുക.

18. പഞ്ചായത്തിലെ ഉയർന്ന കിഴക്കൻ പ്രദേശങ്ങളിൽ വിശ്രമ സങ്കേതങ്ങൾ പണിഞ്ഞാൽ പടിഞ്ഞാറൻ കാറ്റും കോട്ടയുടെ വിദൂരസൗന്ദര്യവും ആസ്വദിക്കാൻ കഴിയും.

19. ഹൈവേയിൽ നിന്ന് തീരത്തേക്കുള്ള എല്ലാ റോഡുകളും വീതി കൂട്ടി തെരുവ് വിളക്കുകൾസ്ഥാപിക്കുക.

6

# ഉപസംഹാരം

# ഉപസംഹാരം

കേന്ദ്രീകൃത ആസൂത്രണത്തിൻെറ എല്ലാ വശങ്ങളും തിരിച്ചറിഞ്ഞ് കഴിഞ്ഞവരാണ് നാം. പദ്ധതികൾ ഉന്നതങ്ങളിൽ രൂപപ്പെടുകയും ഉദ്യോഗസ്ഥതലങ്ങളിലൂടെ താഴേക്ക് കൈമാറുകയും ചെയ്യുമ്പോൾ നഷ്ടപ്പെടുന്നത് എന്താണെന്നും ആർക്കാണെന്ന് നാം മനസിലാക്കിക്കഴിഞ്ഞു. പദ്ധതികൾ പണം ചെലവാക്കാനുള്ള 'പദ്ധതി'കളായി തീർന്നതിൻെറ ദുരിതഫലവും വേണ്ടുവോളം അനുഭവിച്ചു കഴിഞ്ഞിരിക്കുന്നു. വികസനം എന്നത് റോഡും പാലവുമാണെ് നാം തെറ്റിദ്ധരിച്ചു. അടിസ്ഥാന വർഗങ്ങളുടെ ഉന്നമനത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുകയും അവർക്ക്വേണ്ടി ഒട്ടേറെ പണം ചെലവഴിക്കുകയും ചെയ്തു. എന്നിട്ടും വഞ്ചി തിരുനക്കരെ തന്നെയാണെന്ന് തിരിച്ചറിഞ്ഞതിൻെറ ഫലമാണ് ജനകീയാസൂത്രണം.

എല്ലാ കാര്യങ്ങളും സ്വയം നിർവഹിക്കുകയും അധികാരങ്ങൾ സ്വയം നിർണയിക്കുകയും സ്വന്തം കാലിൽ നിൽക്കുകയും ചെയ്യുന്ന ഒരു ഗ്രാമസ്വരാജിനെകുറിച്ച് ഗന്ധിജി സ്വപ്നം കണ്ടിരുന്നു. നിർഭാഗ്യവശാൽ സ്വന്തം അതിരുകൾ നഷ്ടപ്പെടുന്ന ഒരു ജനതയായി ഇന്ത്യക്കാർ മാറിക്കൊണ്ടിരിക്കുന്നു.

പരാതികളും പരിഭവങ്ങളും പ്രതിഷേധവും അണപൊട്ടിയൊഴുകിയ വേദികളായിരുന്നു ഗ്രാമസഭകൾ. പ്രശ്നപരിഹാരങ്ങൾക്ക് ഒരുജനകീയ സാധ്യതകൾ സന്നദ്ധ പ്രവർത്തനവാഗ്ദാനവും കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ ഉയർന്നുവന്നു. വികസനരംഗത്ത് നേരിട്ട് കോണ്ടിരിക്കുന്ന വെല്ലുവിളികളെക്കുറിച്ചും പ്രതിസന്ധികളെക്കുറിച്ചും എല്ലാ വിഭാഗം ജനങ്ങളെയും ബോധ്യപ്പെടുത്താൻ കഴിഞ്ഞു എന്നതാണ്ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ നാളിതുവരെയുള്ള പ്രധാന് നേട്ടം.

എല്ലാം കണക്കല്ലെന്നും ആശിക്കാൻ ഇനിയുമുണ്ടെന്നും ജനങ്ങൾ തിരിച്ചറിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഈ യാഥാർഥ്യം മനസ്സിലാക്കികൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും പഞ്ചായത്ത് ഭരണസമിതികൾ അങ്ങേയറ്റം ശ്രദ്ധപുലർത്തേണ്ടതുണ്ട്.

ഗ്രാമീണരുടെ മുഴുവൻ ആവശ്യങ്ങളും ഒറ്റയടിക്ക് പരിഹരിക്കാൻ കഴിയില്ല. പഞ്ചായത്തിനു ലഭിക്കാവുന്ന വരുമാനമാർഗങ്ങളിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഏതെങ്കിലുമൊരു പ്രദേശത്തേക്ക് വികസനം കേന്ദ്രീകരിക്കുന്ന പ്രവണത അടുത്തകാലത്തായി ഇന്ത്യയിലാകമാനംകാണാൻകഴിഞ്ഞിട്ടുണ്ട്. പൊതുധനം എല്ലാവരുടേതുമാണെന്നും വികസനംഎല്ലാവർക്കും വേണ്ടിയുള്ളതാണെന്നും മനസിലാക്കികൊണ്ടുള്ള ഒരു സമീപനമാണ് നമുക്ക് ആവശ്യമായിട്ടുള്ളത്.

അനന്തമായസാധ്യതകളുള്ള മനുഷ്യ വിഭവശേഷി ആസൂത്രിതമായി ഉപയോഗപ്പെടുത്താമെന്നുള്ള സന്നദ്ധത ജനങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം മറ്റ് വിഭവങ്ങളും ചേർന്നാൽ വികസനരംഗത്ത് നമുക്ക് വമ്പിച്ചമുന്നേറ്റങ്ങൾ നടത്താനാകും.

ഈ പ്രദേശത്തിൻെറ വിഭവസാധ്യതകൾ പൂർണമായും ശേഖരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സാമൂഹിക-സാമ്പത്തികരംഗങ്ങളിലുള്ള സ്ഥിതിയും മറിച്ചല്ല. അതുകൊണ്ട് വികസന പരിപാടികൾ നടപ്പിലാക്കുന്നതിനു മുമ്പ് വിഭവ ഭൂപടങ്ങൾ നിർമ്മിക്കുന്നതിനും സാമൂഹിക-സാമ്പത്തിക സർവേ നടത്തുന്നതിനും നമുക്ക് കഴിയണം. പൂർണമായവിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വകിസന കമ്മിറ്റികൾരൂപീകരിക്കുകയും വികസന പരിപാടികൾ ഈ സമിതികളുടെ നേതൃത്വത്തിൽ നടപ്പാക്കുകയും വേണം. ഈ ലക്ഷ്യം മുൻ നിർത്തികൊണ്ടാണ് പഞ്ചായത്തിൻെറ സമഗ്രവികസനത്തിനുള്ള ഈ റിപ്പോർട്ട് നിങ്ങളുടെകൈകളിൽ എത്തിക്കുന്നത്.

സമഗ്രമായ ചർച്ചയിലൂടെ വ്യക്തമായ കാഴ്ചപ്പാടുകൾആവിഷ്കരിക്കുന്നതിനുവേണ്ടി ഈ വികസനരേഖ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

# പനയാൽ
# സർവ്വീസ് സഹകരണ ബേങ്ക് ലിമിറ്റഡ്
## നമ്പർ സി.46

എച്ച്.ഒ. പനയാൽ, ഫോൺ. 772018 ബ്രാഞ്ച്-പാക്കം. 772918

പി.ഒ. പനയാൽ വഴി . ബേക്കൽ-671 318

**പ്രവർത്തനമൂലധനം : 4 കോടി**

**നിക്ഷേപങ്ങൾ : 3 കോടി**

**വായ്പ ബാക്കി നിൽപ്പ് :3.75 കോടി.**

- കാസർഗോട് ജില്ലയിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണബേങ്കുകളിൽ ഒന്ന്.
- കർഷകർക്ക് ചുരുങ്ങിയ പലിശനിരക്കിൽ കാർഷിക വായ്പ
- സ്ഥിരംനിക്ഷേപത്തിന് 15.5 % വരെ പലിശ
- ''ധനലക്ഷ്മി സർട്ടിഫിക്കറ്റ്''- നിക്ഷേപസംഖ്യ 5.5 വർഷംകൊണ്ട് ഇരട്ടിയാകുന്നു.
- എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു.
- കർഷകർക്കാവശ്യമായ രാസവളം, കീടനാശിനി എന്നിവ ഏജൻസി മുഖേന വിതരണം ചെയ്യുന്നു.
- കേരഫെഡിനുവേണ്ടി കൊപ്ര സംഭരിക്കുന്നു.
- അംഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്ക് കാർഷികേതര വായ്പകൾ നൽകുന്നു.

**കാര്യക്ഷമമായ സേവനം-പരിപൂർണ്ണ സുരക്ഷിതത്വം**

കെ.കുഞ്ഞിരാമൻ (പ്രസിഡൻറ്)

വി.വി.രുഗ്മിണി (സെക്രട്ടറി)

ആശംസകൾ...

# കോഹിനൂർ വുഡ് ഇൻഡസ്ട്രീസ്

മവ്വൽ

# പള്ളിക്കര സർവ്വീസ് സഹകരണ ബേങ്ക്

ആശംസകളോടെ :-

പള്ളിക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തംനമ്പർ എൽ- 68

## നമ്മുടെ മിച്ചം സഹകരണ ബേങ്കിൽ

- പള്ളിക്കര കീക്കൻ വില്ലേജുകളിലെ ജനങ്ങളുടെ ആശാകേന്ദ്രം
- അംഗങ്ങൾക്ക് കാർഷിക കാർഷികേതര വായ്പ്പകൾ
- സ്വർണ്ണ പണ്ട പണയ വായ്പകൾ
- സ്വത്ത് ജാമ്യത്തിൽ മേൽ 50,000 രൂപ വരെയുള്ള ദീർഘകാലവായ്പകൾ
- നിക്ഷേപങ്ങൾക്ക് 13 മുതൽ 15 .5 ശതമാനം വരെ പലിശ

ബേക്കൽ ,മവ്വൽ പ്രദേശത്തുള്ള ഇടപാടുകാരുടെ സൗകര്യാർത്ഥം ബേക്കൽ ജംഗ്ഷനിൽ ''ബേക്കൽ ശാഖ '' തുറന്നുപ്രവർത്തിക്കുന്നതാണ്''

ഗോപിനാഥൻ പി.(സെക്രട്ടറി) കെ.നാരായണൻ (പ്രസിഡൻറ്)

ആശംസകൾ.........

# മൈലാട്ടി വുഡ് ഇൻഡസ്ട്രീസ്

ചൗക്കി

## പ്ലൈവുഡ് ആൻറ് ബ്ലോക്ക് ബോർഡ് നിർമ്മാതാക്കൾ

വികസന സെമിനാറിനും ജനകീയാസൂത്രണപ്രസ്ഥാനത്തിനും ആശംസകൾ ....

## പള്ളിക്കര സഹകരണ സ്റ്റോർ (സ്ഥാപിതം 31-5-1943)

**റേഷൻ ഹോൾസെയിൽ ഡിപ്പോ ,17 റേഷൻ റീട്ടെയിൽ ഷോപ്പുകൾ,3 രാസവള ഡിപ്പോകൾ എന്നിവ നടത്തുന്നു**

**ആകർഷകമായനിരക്കിൽ സ്ഥിരം നിക്ഷേപങ്ങൾ സ്വീകരിക്കുന്നു**

*1.ജെ.പി രാമചന്ദ്ര (പ്രസിഡൻറ് )* *കെ .നാരായണൻ നായർ (സെക്രട്ടറി)*

---

**ആശംസകൾ........**

## പള്ളിക്കര ടിംബർ ഇൻഡസ്ട്രീസ്

**കോട്ടക്കുന്ന് ,പള്ളിക്കര**

**സഹോദര സ്ഥാപനം**

**ഫാത്തിമ എൻറർ പ്രൈസസ്**

---

ആശംസകളോടെ......

## *ത്രീ സ്റ്റാർ വുഡ് ഇൻഡസ്ട്രീസ്*

**മൈലാട്ടി- ചൗക്കി**

**ഫോൺ: 794301**

---

**കെട്ടിടങ്ങളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയ്ക്ക്**

*ASHOK & ASSOCIATES*

*PALLIKKERE*

## ഈ റിപ്പോർട്ടിന് പിന്നിൽ...

1.അബ്ദുൽ ഹമീദ്
2. മുരളീധരൻ എ.ടി.
3. വി.കെ ബാലകൃഷ്ണൻ
4. ശേഖരൻ അരവത്ത്
5. ശിവാനന്ദൻ പി.
6. ശശികുമാർ .എ
7 .കുന്നിൽ ഹംസ
8. നാരായണൻ .ടി.
9. കെ. സുശീല.
10. ജി.പൊന്നമ്മ.
11. എം കുഞ്ഞിരാമൻ നായർ
12. ലക്ഷ്മി .ടി.
13. കെ. വി ഭാസ്ക്കരൻ.
14. പി.വി ചാക്കോ..
15. ടി.കെ ഇബ്രാഹിം.
16. എം.കുമാരൻ.
17. ടി.എം ഷെറീഫ്.
18. കെ. ബാലകൃഷ്ണൻ.
19. കെ.കണ്ണൻ.
20. വി.കുഞ്ഞിരാമൻ.
21. ഇന്ദിര .പി.
22. കെ. കുഞ്ഞിക്കണ്ണൻ.
23. ഹസ്സൻ മൂസ.
24.കുഞ്ഞിക്കൃഷ്ണൻ.
25. ഡോ: മുസ്തഫ.
26. എ.ആർ രാജീവ്.
27. കൃഷ്ണൻ നായർ .കെ.
28. വി.കെ ബാലൻ.
29. കൃഷ്ണൻ .സി
30. കുഞ്ഞിക്കണ്ണൻ കരിച്ചേരി.
31. ഹാരീസ് എം.എച്ച്.
32. വിനോദ്കുമാർ കെ.സി.
33. ഷഫീക് റഹ്മാൻ.
34. ടി. അപ്പക്കുഞ്ഞി .
35. രാധ കെ.
36. കുര്യക്കോ.
37. രവിവർമ്മ
38. കെ. സജിനി മോൾ.
39. അബ്ദുൾ ഷക്കീർ.
40. മണി മോഹനൻ

### നാട്ടറിവ് ചരിത്രം.

അടുക്കാടുക്കംകൃഷ്ണൻ നായർ (സ്വാതന്ത്ര്യ സമരസേനാനി)
എം. കുഞ്ഞിരാമേട്ടൻ
കെ.വി കണ്ണൻ.
ആലിങ്കാൽ നാരായണൻ
ജെ.പി രാമചന്ദ്ര .
വി.വി സുകുമാരൻ
കെ. ഗംഗാധരൻ നായർ
കരുണാകരൻ അരവത്ത്

# പയനിയർ
# റിയൽ എസ്റേററ്സ് &
# ട്രേഡേർസ്

**മംഗലാപുരം**

**ഫോൺ: 420084**

ആശംസകൾ...

# ഫാത്തിമ ഹോസ്പിറ്റൽ

**കാസറഗോഡ്**




"അങ്ങനെ വീണ്ടുമുദിച്ചു പുലരി,
വെളിച്ചത്തിൻെറ തുടുത്തോരണക
തകർത്തു പുറത്തേക്കൊഴുകി ഭൂമിയു-
മുയിരും മിഴിയും തഴുകി നനച്ചു
നിറഞ്ഞു ചിരിക്കുകയായി പുലരി"
അധികാരം ജനങ്ങളിലേക്ക്